

# വാക്ക്

UC 2000


"It isn't enough to be able to use computers, you have to know how to use your mind.'
If you're not studying at NIIT you're missing something
www.niit.com
ALWAYE CENTRE
Mukkath Towers, By-Pass Junction
Aluva-683 101. Ph: 620850, 630863
ANGAMALY CENTRE
Room No. 16, 1st Floor, Paul Arcade Building
Angamaly-683572. Ph: 456058
NORTH PARAVUR CENTRE
Sreegiri Buildings, K.M.K. Junction
Paravur-683513. Ph: 447583, 447586



സമർപ്പണം

ഈ നൂറ്റാണ്ടിന്റെ മലയാളിക്ക്...

# From The Principal's Desk

*The hype that marked the dawn of the millenium has given way to quiet times of reflection. This then is the right time for us to take stock of our successes and failures in the past and to dream about the future. During the last five years the college witnessed developmental activities on an unprecedented scale. New buildings were built and new courses started. Bold initiatives were made to breathe life into the rigid and restrictive curriculum. The Five Star accreditation from NAAC came as the official recognition of all these, and was certainly the high point of that period. Above all we gained a new confidence to take up even the most formidable challenges.*

*This is not the time to rest on our laurels. We have miles and miles to go. The old and unkempt buildings need restoration. The Laboratories and the hostels have to be modernized. Now that Pre-degree is being delinked from colleges, we have to focus our attention of research. University Education is meaningful only in a research environment. Apart from all these, is a need for consolidating the gains of the past five years.*

*Let us all-teachers, students and the non-teaching staff - work together to realize these dreams. Let us travel together to the frontiers of knowledge and experience the joy of that journey together.*

***Dr. Raju K. John***



DR. RAJU K. JOHN
Our Principal



DR. RAJAN VARGHESE
Our Former Principal

# സ്മരണാഞ്ജലി



പ്രൊഫ. സി.റ്റി. ബെൻജമിൻ

# TRIBUTE TO PROF. C.T. BENJAMIN

## Dr. Raju K. John, Principal.

I stand here to recall for all of us the services of Prof. C.T. Benjamin to the college and to the society and to thank God for all that he has been to us.

Prof. Benjamin came to this college in 1939 as a student of the intermediate class. Inspired by the founding fathers he decided to commit himself to the service of the college. He joined the staff of the college in 1948. To him it was a response to God's call for commitment to Him, to his kingdom and His righteousness. He ardently believed in the fellowship method of work and stuck to it till the end. He loyalty to the Fellowship preceded all other loyalties.

He served the college as Lecturer, Professor and Head of the Department of English. He was principal during 1967 - 72 and later manager for 7 years.

He also served as Bursar, Superintendent of Works, President of Games, Editor of the College Magazine, Warden of Hostels, Secretary of the Staff Association. He was Member and the Chairman of the Fellowship and the Governing board and the member of the Union Christian college Association and the standing Council for several terms.

He was a member of the Board of studies of Kerala and M.G. University and member of the Syndicate of Cochin University.

He served the church as the member of the Marthoma Sabha Pradinithy Mandalam, the Higher Education Committee of Marthoma Colleges, the Principal Nomination Committee of Marthoma colleges at Thiruvalla and Chungathara and Vice President of the local St. Peter's Marthoma Church.

Pro.Benjamin was a member of the Governing Council of the Alwaye settlement and Christava Mahilalayam Schools, Editorial Board of the Church Weekly and Founder President of Alway Senior Citizens Forum.

Generations of students remember him as an inspiring teacher. Clarity of thinking, incisive analysis of man and matters, ready wit, sense of humour and inimitable communication skills made him the exceptional teacher that he was. As he himself put it "he was a man who believed in the efficacy of the spoken world".

He had a very strong sense of mission and stood for commending Christ to others. This place was a witness to his soul stirring sermons. Prof. Benjamin had a deep and unfailing faith in the all sufficiency of Gods Grace and providence and it showed forth in all his actions. He could remain unperturbed even in situation riddled with tensions While standing firm in his convictions he always showed the largeness of heart to understand and love those who deferred from him.

His exemplary family life and care for the members of his family stood his children in good stead

Pro. C.T. Benjamin, above all, was a Christian leader in the true sense of the word. One who knows the way, shows the way and goes the way. The college community joins me in thanking God Almighty for the gift of the life of Pro.Benjamin. May his soul rest in peace.

On behalf of the College Community I express our deep felt condolence to the members of the bereaved family, Ammu Kochamma, the children and grand children.

(Speech delivered during the funeral service at Union Christian College Chapel on 9th Oct.2000)

വാക്ക്
ഡിസം. 2000

**എഡിറ്റോറിയൽ ബോർഡ്**

പ്രിൻസിപ്പൽ
പ്രൊഫ. രാജു കെ.ജോൺ

മാഗസിൻ അഡ്വൈസർ
ഡോ. രാജൻ വർഗ്ഗീസ്

സ്റ്റാഫ് എഡിറ്റേഴ്സ്
പ്രൊഫ. എ.എം. ഗീവർഗ്ഗീസ്
ശ്രീമതി ല്യൂസ് മേരി

സ്റ്റുഡന്റ് എഡിറ്റർ
നോബി പി.ജെ.

കമ്മറ്റി അംഗങ്ങൾ
രഞ്ജിനി കൃഷ്ണൻ, മാത്യു എ. വർഗ്ഗീസ്,
ജുബിൻ, അന്നു പോൾ, ടോണി വർഗ്ഗീസ്.

ഇല്ലസ്ട്രേഷൻ
ശ്യാജി പി.എസ്., റോബിൻ പി.എസ്.

കവർ ഡിസൈനിംഗ്
സുവിരാജ് പടിയത്ത്

കവർ പെയിന്റിംഗ്
റാണി മാനാലിയോ

ഡി.ടി.പി. കമ്പ്യൂട്ടർ ഗ്രാഫിക്സ്
ബിനോയ് എ.വി.
ക്യുബോസ് ഡിസൈൻസ് & സർവ്വീസസ്

മാഗസിൻ ലേഔട്ട്
സുവിരാജ് പടിയത്ത്, സുജിത് കെ.സി.,
നോബി പി.ജെ.

പ്രിന്റിംഗ്
കെ.എം.എ. പ്രിന്റേഴ്സ്, ആലുവ

STATEMENT OF OWNERSHIP

Statement of ownership and other particulars:

| | | |
|---|---|---|
| Place of Publication | : | Aluva |
| Periodicity of Publication | : | Annually |
| Printer's Name | : | Raju K. John |
| Nationality | : | Indian |
| Address | : | Principal, UC College, Aluva |
| Editor's Name | : | Noby P.J. |
| Nationality | : | Indian |
| Address | : | Editor, UC College, Aluva |

I, Raju K. John hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Principal

സഹസ്രാബ്ദത്തിന്റെ യൂസിയൻ കാഴ്ചകൾ

നിങ്ങളുടെ കൈകളിൽ എത്തുകയാണ്.

ഒരുവർഷത്തെ കാമ്പസ് അനുഭവങ്ങൾ,

വിശാലമായ ഒരു ലോകത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ...

എതിർക്കുകയും പ്രതിഷേധിക്കുകയും അപ്പോഴൊക്കെ

ഉള്ളിൽ പിണങ്ങാതിരിക്കുകയും ചെയ്യുന്ന കാമ്പസ് കൂട്ടായ്മകൾ...

പ്രണയവും പരിഭവവും കൈകോർത്ത പകലുകൾ...

വാക്കിന്റെ കൂട്ടിലൊളിക്കുന്ന ഓർമ്മപ്പക്ഷികൾ...

അങ്ങനെ... അങ്ങനെ നമ്മുടേതുമാത്രമായ ഒരു മാഗസിൻ.

പ്രതീക്ഷകളൊരുപാടുണ്ടായിരുന്നു..

വെല്ലുവിളികളതിലേറെയും...

ആത്മസംഘർഷങ്ങളിൽ ധൈര്യം പകർന്ന

സൗഹൃദങ്ങൾ മാത്രമായിരുന്നു കൈമുതൽ.

നമ്മുടെ ലോകം ഒരുപാടു ചെറുതാവുകയാണോ

എന്ന ഉൾഭയം മാത്രമാണ് ബാക്കിപത്രം.

എങ്കിലും... എന്തൊക്കെയോ പ്രതീക്ഷകൾ ബാക്കിയുണ്ട്.

ഏതോ കനലുകൾ കാഴ്ചയിൽ വന്നു നിറയുന്നുണ്ട്.

അതുമാത്രമാണ്... അതുമാത്രമാണ്

നിങ്ങൾ വിധിനിർണ്ണയിക്കേണ്ട "വാക്ക്"ന്റെ അർത്ഥപൗർണ്ണമി.

സ്നേഹപൂർവ്വം

നോബി ജെ. പട്ടേരി




# ധന്യമീ പൈതൃകം

*ഡോ. പി.ജെ.ചെറിയാൻ*
ഹിസ്റ്ററിവിഭാഗത്തിൽ അദ്ധ്യാപകൻ,
ഇപ്പോൾ കേരള ഗസറ്റിയർ എഡിറ്റർ

ധന്യമായ ചില പാരമ്പര്യസാന്നിധ്യം ആലുവ യു.സി.കോളേജിനെ ഇന്നും കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രതീക്ഷകളുണർത്തുന്ന സ്ഥാപനമായി നിലനിർത്തുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇത്തരമൊരു സ്ഥാപനത്തിനു വേണ്ടിയുള്ള ശ്രമങ്ങളിൽ ഏർപ്പെട്ട ഇതിന്റെ സ്ഥാപകർക്ക് കെ.സി.ചാക്കോ, എ.എം.വർക്കി, സി.പി.മാത്യു, വി.എം. ഇട്ടിയവിര - എന്നിവർക്ക് കൈമുതലായി ഉണ്ടായിരുന്നത് ഉന്നതങ്ങളായ ചില ദർശനങ്ങളിലുള്ള അടിയുറച്ച വിശ്വാസം മാത്രമായിരുന്നു. തങ്ങൾ നേടിയ ക്രിസ്തീയ അവബോധത്തിന്റെ തനിമയാർന്ന പുനരാവിഷ്കാരമായിരുന്നു ഈ സ്ഥാപനം.

മലങ്കരസഭയിലുണ്ടായ ചേരിതിരിവുകൾ സമുദായാന്തരീക്ഷത്തിൽ പിരിമുറുക്കങ്ങളുടെ വേലിയേറ്റം സൃഷ്ടിച്ചപ്പോഴും ഐക്യത്തിന്റെയും ക്രിസ്തീയ കൂട്ടായ്മയുടെയും പ്രചാരകരാകാൻ ഇവർക്ക് കഴിഞ്ഞത് അതുകൊണ്ടാണ്. മാത്രമല്ല, അന്ന്

നിലവിലിരുന്ന ദേശീയ, നവോത്ഥാന ചിന്തകളും ഇവർക്ക് പ്രിയപ്പെട്ടതായിരുന്നു. ഭാരതീയ പാരമ്പര്യങ്ങളോടുള്ള ഇവരുടെ ആദരവും ശ്രദ്ധേയമാണ്. 1922ൽ ഈ കോളേജിന്റെ ഹോസ്റ്റൽ ഉദ്ഘാടനം ചെയ്യവേ രവീന്ദ്രനാഥ ടാഗോർ പറഞ്ഞത്, "ഇവിടുത്തെ ലക്ഷ്യങ്ങളും രീതികളും ഞാൻ തുടങ്ങിവെച്ച ശാന്തിനികേതന്റെ തന്നെയാണ്" എന്നാണ്. ഇരുപത് വർഷക്കാലത്തെ ഈ സ്ഥാപനവുമായുള്ള അന്റെ പരിചയം അയവിറക്കി വള്ളത്തോൾ പറഞ്ഞത്, "വള്ളത്തോൾ എന്ന മനുഷ്യൻ എന്തു പറഞ്ഞാലും വർക്കിക്ക് (എം.എം.വർക്കി ആദ്യകാല പ്രിൻസിപ്പൽ) അത് വേദവാക്യമാണ്", എന്നത്രെ. ഒന്നിലേറെ തവണ ഈ സ്ഥാപനം സന്ദർശിച്ച ഇന്ത്യൻ പ്രസിഡണ്ടായിരുന്ന ഡോ. എസ്.രാധാകൃഷ്ണൻ. അദ്ദേഹത്തിന്റെ വിലയിരുത്തൽ "ഈ സ്ഥാപനം അക്രൈസ്തവരുടെ സവിശേഷ ശ്രദ്ധ അർഹിക്കുന്നു" എന്ന് ആരംഭിക്കുന്ന നീണ്ട പ്രസ്താവനയിലൂടെ നടത്തിയിരുന്നു.

"ബാഹ്യവും യാന്ത്രികവുമായ ആചാരനിഷ്ഠകൾ ഇടിലമായ മതബോധം സൃഷ്ടിക്കുമ്പോൾ ഇവിടെ യഥാർഥ ആത്മീയത ജീവിത യാഥാർഥ്യമായി പരിലസിക്കുന്നത് ഞാൻ കാണുന്നു" എന്നദ്ദേഹം എഴുതി. 1925ൽ ഗാന്ധിജി ഈ കോളേജ് സന്ദർശിച്ചപ്പോൾ എഴുതിയത്, "ഹൃദ്യമായ ഈ കോളേജിന്റെ അന്തരീക്ഷം എന്നെ സന്തുഷ്ടനാക്കുന്നു" എന്നാണ്.

തിരുവിതാംകൂറിൽ തദ്ദേശീയമെന്നു പറയാവുന്ന ആദ്യത്തെ ഈ സ്ഥാപനത്തിൽ വിദേശമിഷനറിമാരും ആകൃഷ്ടരായി എന്നതും എടുത്തുപറയേണ്ടതാണ്. കോളനിവാഴ്ചയ്ക്കു കീഴ്പെട്ടവരായിരുന്നു എങ്കിൽപോലും, അവരിൽ പലരിൽ നിന്നും വാർന്നു വീണത് നന്മയുടെ ജീവിതമാതൃകകളാണ്.

ആഗ്ര സെന്റ് ജോൺസ് കോളേജ് അധിപനായും, പിന്നീട് എം.എസ്. കോളേജ് അധിപനായും പ്രവർത്തിച്ച ഡബ്ല്യു.ഇ.എസ്. ഹോളണ്ടിനെപ്പോലുള്ളവർ ഇവിടെ എത്തിച്ചേർന്നതിന്റെ പ്രധാന കാരണം ഈ സ്ഥാപനത്തിന്റെ പ്രവർത്തനരീതിയും, ലക്ഷ്യങ്ങളും, ആദർശങ്ങളുമായിരുന്നു. മറ്റിടങ്ങളിലെ പ്രധാന പദവികളേക്കാൾ തനിക്ക് പ്രിയപ്പെട്ടതായിരുന്നു ഇവിടുത്തെ അധ്യാപക സ്ഥാനം എന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. ബി. ജി. ക്രോളിയെപ്പോലുള്ള അർപ്പണ മനസ്കരെ ദീർഘകാലം ഇവിടെ പിടിച്ചുനിർത്തിയതും ഭൗതികകാരണങ്ങളായിരുന്നില്ല തന്നെ. ലോകോത്തര പ്രതിഭാധനന്മാരെ ഉൾക്കൊള്ളാനും ഈ സ്ഥാപനത്തിന് സുകൃതമുണ്ടായി. ലോകപ്രശസ്ത പത്രപ്രവർത്തകൻ മാൽക്കം മഗറിഡ്ജ്, ബിഷപ് സ്റ്റീഫൻ നീൽ തുടങ്ങിയവർ എടുത്തുപറയേണ്ടവരാണ്. മഗറിഡ്ജിന്റെ സോഷ്യലിസ്റ്റ് പൈതൃകം കൊണ്ടാകാം



അന്നത്തെ വ്യവസ്ഥിതിയെ വിമർശന ബുദ്ധ്യാ വിലയിരുത്തുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

കോളേജിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ഓർമ്മക്കുറിപ്പുകളും ശ്രദ്ധേയമാണ്. ഗാന്ധിജിയുമായി കോളേജിൽ വന്ന അവസരത്തിൽ പരിചയപ്പെട്ടതും തുടർന്നു നടത്തിയ എഴുത്തുകുത്തുകളും ("ഹരിജനി"ൽ അവ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു) ആലുവയിലെ ജീവിതാനുഭവങ്ങളും മറ്റും മൂന്നാം കണ്ണിലൂടെ, ഹൃദ്യമായ ഭാഷയിൽ മഗ്രിഡ്ജ് വിവരിക്കുന്നുണ്ട്.

സ്വകാര്യമാക്കുക എന്നതാണ് വിജയത്തിന്റെ വേദവാക്യം എന്നു കരുതപ്പെടുന്ന ഇക്കാലത്ത് "സ്വകാര്യ"ത്തിന് ബോധപൂർവ്വം തടയിട്ട് പൊതുക്കാര്യത്തിന് മുൻഗണന നൽകിയ മഹത്തായ പാരമ്പര്യവും ഈ സ്വകാര്യ കോളേജിനുണ്ട്. അക്കാദമിക് മേന്മ അംഗീകരിക്കാനും, പണത്തിന്റെ പ്രലോഭനങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനും ഈ സ്ഥാപനം ബദ്ധശ്രദ്ധമായിരുന്നു. ഇപ്പോഴും ഒരു പരിധിവരെ അതിവിടെ തുടരുന്നു എന്നത് ആശ്വാസകരം തന്നെ. ആദ്യകാലത്ത്, കോളേജ് ഭരണത്തിൽ പങ്കാളികളായിരുന്നവർ ആലുവയിൽ സ്വകാര്യസമ്പത്ത് ഉണ്ടാക്കാൻ പാടില്ലായിരുന്നത്രെ. ഇത്തരം സ്വകാര്യത്യാഗങ്ങളാവണം ഈ സ്ഥാപനത്തിന്റെ അടിത്തറ കെട്ടുറപ്പുള്ളതാക്കിത്തീർത്തത്. നിരീശ്വരവാദി എന്നറിയാമായിരുന്നിട്ടും കുറ്റിപ്പുഴ കൃഷ്ണപിള്ളയെ ഇവിടെ അധ്യാപകനാക്കിയതും അദ്ദേഹത്തിന്റെ അധ്യാപകജീവിതം മുഴുവൻ ഇവിടെ ചെലവഴിച്ചതും സ്വകാര്യമായ മതബോധം ഇടുങ്ങിയതായിരുന്നില്ല എന്നതിന്റെ തെളിവാണ്.

എൺപതു തികയുന്ന ഈ സ്ഥാപനം ഇന്നൊരു വഴിത്തിരിവിലാണ്. നീണ്ടകാലം മാതൃകാസ്ഥാപനമായിരുന്ന ഈ കോളേജ് ഉന്നത വിദ്യാഭ്യാസരംഗത്ത് അതിന്റെ പങ്കാളിത്തം പുനർനിർണയിക്കേണ്ടതുണ്ട്. 80 വർഷത്തെ അതിന്റെ അനുഭവങ്ങളും, സാമൂഹ്യനീതിക്കും പൊതുനന്മയ്ക്കുമായി അതു നടത്തിയ പരിശ്രമങ്ങളും പുതിയ വെല്ലുവിളികളെ ഏറ്റെടുക്കാൻ ഈ സ്ഥാപനത്തിന് ധാർമ്മികമായ കരുത്തു നൽകും എന്നു പ്രതീക്ഷിക്കാം.



# അടിയന്തരാവസ്ഥയും ഇന്ത്യൻ ജനാധിപത്യവും

രഞ്ജിനി കൃഷ്ണൻ
II ബി.എ. മനശാസ്ത്രം

കോഴിക്കോട് R.E.C.
(Regional Engineering College)
നടത്തിയ ലേഖനമത്സരത്തിൽ ഒന്നാം
സമ്മാനാർഹമായ ലേഖനം.

അതൊരു ബാലഹത്യയായിരുന്നു! സ്വതന്ത്ര - പരമാധികാര - സ്ഥിതിസമത്വ വാദ - ജനാധിപത്യ ഭാരതം എന്ന പിച്ചവെച്ചു തുടങ്ങിയ കുഞ്ഞിനെ 1975 ജൂൺ 25 അർധരാത്രി, ഒരു ഓർഡിനൻസ് വഴി കൊന്നുകളഞ്ഞു ലോകം കണ്ട സ്വേച്ഛാധിപതികളിൽ അഗ്രഗണ്യയായിരുന്ന ഇന്ദിരാഗാന്ധി. പിറ്റേന്നു പുലർച്ചെ മരിച്ച കുട്ടിക്കുവേണ്ടി ജനാധിപത്യ-പൗരാവകാശ നിലവിളികൾ ആരംഭിച്ചവരോട് ഇന്ദിര പറഞ്ഞു "നാവടക്കൂ പണിയെടുക്കൂ." സംഗതി പന്തിയല്ലെന്നു കണ്ട അവർ ഇരുപത് തിരിയിട്ട നിലവിളക്കു കൊളുത്തി ഇന്ദിരാസ്തവം പാടി. കഥയുടെ അവസാനം ചത്ത കുഞ്ഞിനെ ജീവിപ്പിച്ചതാരാണെന്നോ നിരക്ഷരരും "അജ്ഞാനികളുമായ" കുറേ ഗ്രാമീണർ. ചരിത്രം നിറയെ നേരമ്പോക്കുകളാണെന്ന ദർശനം അംഗീകരിച്ചാൽ ഈ കഥയുടെ യുക്തിഭദ്രത നമ്മെ അമ്പരപ്പിക്കും.

അതൊരു ദേശീയഗൂഢാലോചനയുടെ ഫലമായിരുന്നു. ഇന്ദിരയുടെ ജനായത്ത ഭരണത്തിൽ എപ്പോൾ വേണമെങ്കിലും പ്രത്യക്ഷപ്പെടാവുന്ന ഒന്നായി അതുണ്ടായിരുന്നെങ്കിലും, അത് സംഭവിക്കില്ലെന്ന് വിശ്വസിക്കാനും ആ വിശ്വാസത്തിന്റെ കുളിർമയിൽ മയങ്ങാനുമായിരുന്നു ഇന്ത്യക്കാർ ശ്രമിച്ചത്. ഇന്ദിരാഗാന്ധിയെ സ്ഥാനഭ്രഷ്ടയാക്കി കൊണ്ടുള്ള അലഹബാദ് ഹൈക്കോടതി വിധി ഒരു നിമിത്തമായിരുന്നു. പരമാധികാരം പരമമായി രുചിപ്പിച്ചു കഴിഞ്ഞിരുന്ന അവർക്ക് അധികാരമില്ലാതെയുള്ള ജീവിതം അചിന്ത്യമായിരുന്നു. എങ്ങനെയും അധികാരം നിലനിർത്താൻ അവർ സ്വീകരിച്ച വഴിയോ ഫാസിസത്തിന്റേതും. അങ്ങനെ 1975 ജൂൺ 25ന് ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടു.

## അടിയന്തരാവസ്ഥയും ഇന്ത്യൻ ജനതയും

സാമ്രാജ്യത്വത്തിന്റെ വറചട്ടിയിൽ നിന്ന് ഏകാധിപത്യത്തിന്റെ എരിതീയിലേക്ക് വീണ ഇന്ത്യൻ ജനതയ്ക്ക് പൊരുതി നേടിയതെല്ലാം ഒറ്റയടിക്ക് നഷ്ടമാകുന്ന കാഴ്ച നിശ്ശബ്ദരായി കണ്ടു നിൽക്കേണ്ടി വന്നു. തങ്ങളുടെ പൂന്തോട്ടങ്ങളിൽ കറുത്ത പൂക്കൾ വിടരുന്നതു കണ്ട അവർ ഭയത്താൽ ബന്ധനസ്ഥരായിരുന്നു. അവരുടെ വന്യമായ കരുത്തിനെയും പ്രൗഢമായ പൂർവ്വസ്മൃതികളെയും നിർജ്ജീവമാക്കി കൊണ്ട് ഭയം നിറഞ്ഞു. അവർ ഭയപ്പെട്ടതൊന്നൊന്നായി സംഭവിച്ചു കൊണ്ടിരുന്നു. അവരുടെ കരിപിടിച്ച വൃത്തിഹീനമായ

# വാക്ക്

കൂരകളെ ബുൾഡോസറുകൾ തകർത്തു കളഞ്ഞു. അവരിലെ പൗരുഷം വന്ധ്യം കരിക്കപ്പെട്ടു. സ്ത്രൈണത ബലാത്സംഗം ചെയ്യപ്പെട്ടു. ലാത്തികളും ബൂട്ടുകളും തോക്കിൻപാത്തികളും പേരറിയാത്ത കരിനിയമങ്ങളും അവരുടെ ജീവിതം നരകതുല്യമാക്കി. എന്താണ് സംഭവിക്കുന്നതെന്നറിയാത്ത, ഭയം കൊണ്ട് വിറങ്ങലിച്ച, പ്രതിരോധങ്ങളൊന്നുമില്ലാത്ത സാധാരണ ഇന്ത്യൻ പൗരൻക്ക് ഇത്തരം പീഡനങ്ങളാണെങ്കിൽ നേരിയ ഒരു ചെറുത്തുനിൽപിനെ



ഷിട്ടും ശ്രമിച്ചവർക്ക് ലഭിച്ചതെന്താണെന്ന് ഇന്നത്തെ "സാമൂഹ്യസുരക്ഷിതത്വം" എന്ന കൊക്കൂണിനകത്തിരുന്നു നമുക്ക് ചിന്തിക്കാൻ പോലും പറ്റില്ല. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാക്കിയ കോൺസൻട്രേഷൻ ക്യാമ്പിൽ ചതഞ്ഞും അരഞ്ഞും പൊടിയായും പുകയായും അവർ വീരസ്വർഗ്ഗം പ്രാപിച്ചു.

നാലാംനാവും നാട്ടുപ്രമാണിയും

ജനാധിപത്യത്തിന്റെ നാലാംനാവെന്ന് വിശേഷിപ്പിക്കപ്പെടുന്ന പത്രങ്ങൾക്കു മേൽ വന്നു "പത്രമാരണനിയമം." അടിയന്തരാവസ്ഥയെ പറ്റി ഒന്നും എഴുതാതിരിക്കുക എഴുതുന്നെങ്കിൽ "ഹാ സുന്ദരം" എന്നുമാത്രം എഴുതുക. ഇതുമാത്രമായിരുന്നു പത്രങ്ങളുടെ മുമ്പിൽ ഉണ്ടായിരുന്ന ഏകവഴി. "അറിയാനുള്ള അവകാശം" എന്ന പ്രാഥമികമായ ജനാധിപത്യാവകാശമാണ് അന്ന് ഇല്ലാതായത്. എന്നാൽ അധികാര ദണ്ഡുകൊണ്ട് സത്യം എത്രനാൾ മൂടിവെയ്ക്കാൻ കഴിയും. വിചിത്രവും വികലവുമായ കഥകളായി സത്യം ജനങ്ങളിലെത്തി.

നീതിന്യായവ്യവസ്ഥ

അടിയന്തരാവസ്ഥക്കാലത്തെ ഏറ്റവും വലിയ നേരമ്പോക്കുകൾ കോടതികൾ ആയിരുന്നു. "ഭരണഘടന അതീതനായ പ്രധാനമന്ത്രി"ക്കും അദ്ദേഹത്തിന്റെ മാതാവിനും ഓശാന പാടുന്നതിൽ പരസ്പരം മത്സരിച്ചിരുന്നു കോടതികൾ. അടിയന്തരാവസ്ഥയിൽ കോടതികൾക്ക് സ്ഥാനമില്ലെന്ന് പറഞ്ഞ് രാജാവിനേക്കാൾ വലിയ രാജഭക്തി കാണിച്ചു പരമോന്നത നീതിപീഠത്തിലെ ന്യായാധിപൻമാർ. മിസ.ഡി.ഐ.ആർ., ബ്ലാക് ആന്റ് വാറണ്ട്, ബ്ലാങ്ക് ഫയറിങ്ങ് ഓർഡർ തുടങ്ങിയ നിയമങ്ങളും ഉത്തരവുകളും ഉപയോഗിച്ച് ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങളെ പരമാവധി ശക്തിപ്പെടുത്തി. ഏതു കുലിപോലീസുകാരനും ആരെയും എവിടെ വെച്ചും അറസ്റ്റ് ചെയ്യാം. എത്രകാലം വേണമെങ്കിലും വിചാരണയില്ലാതെ ജയിലിലടയ്ക്കാം. വേണമെങ്കിൽ (ഒരു രസത്തിന്) വെടിവെച്ചു കൊല്ലുകയും ആകാം. ആരും ചോദിക്കാനില്ല. എത്ര ഉദാരമായ വെടിവെയ്പു വ്യവസ്ഥകൾ.

മുകളിൽ എഴുതിയതൊന്നും ഒരു കോളനിയിലെ അടിമകളോട് സാമ്രാജ്യത്വം ചെയ്തതല്ല മറിച്ച് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ റിപ്പബ്ലിക്കായ സ്വതന്ത്ര ഭാരതത്തിലെ സ്ഥാന ഭ്രഷ്ടയാക്കപ്പെട്ട ഭരണാധികാരി ആവിടത്തെ ജനങ്ങളോട് ചെയ്തതാണെന്നു വരുമ്പോൾ ഭരണകൂടത്തിന്റെ ഘടനയ്ക്ക് അടിസ്ഥാനപരമായി മാറ്റമൊന്നും സംഭവിച്ചിട്ടില്ലെന്ന് വരുമ്പോൾ, ആ ജനാധിപത്യ മുഖംമൂടിക്കപ്പുറത്തെ ഇരുട്ട് നമ്മെ ഭയപ്പെടുത്തുന്നു.

1977 മാർച്ചിൽ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പിൻവലിക്കുന്നത് തനിക്കെതിരായ രാഷ്ട്രീയ ഭീഷണികളെല്ലാം ഒതുങ്ങി എന്ന് ഉറപ്പുവരുത്തിയതിനു ശേഷമായിരുന്നു. ചുറ്റുമുണ്ടായിരുന്ന സ്തുതിപാഠകരുടെ വാക്കുകൾ വിശ്വസിച്ച അവർ (ഏതൊരു ഏകാധിപതിക്കും പറ്റാവുന്ന അബദ്ധം) താൻ തെരഞ്ഞെടുപ്പിൽ ജയിക്കുമെന്നും തന്നെ വിചാരിച്ചു. പത്രങ്ങളും റേഡിയോയും ടി.വി.യും എത്താത്ത ഇന്ത്യൻ ഗ്രാമങ്ങളിൽ

നിരക്ഷരരും അജ്ഞരുമായ ഒട്ടനവധി ഗ്രാമീണർ ഉണ്ടായിരുന്നു. ദുരധികാരത്തിന്റെ പകൽ നീണ്ടുനിൽക്കില്ലെന്ന് ബാലറ്റ് പേപ്പറിലൂടെ തെളിയിച്ചു കൊടുത്തു അവർ. സ്വന്തം അനുഭവങ്ങൾ നൽകിയ ജനാധിപത്യ ബോധമായിരുന്നു അവർക്ക് ആ തീരുമാനത്തിന് കൂട്ടായി നിന്നത്.

ജനാധിപത്യത്തിന്റെ ബലിപീഠത്തിലത്തു നിന്നും കൂരിരുളിന്റെ പുരോഹിതർക്കെതിരേ കരുത്തു വന്നതായിരുന്നു ജയപ്രകാശ് നാരായണന്റെ നേതൃത്വ നടത്തുന്ന പത്രങ്ങളും അറിയാതെ പോകുന്നതും ഇതാണ്. ഈ വ്യവസ്ഥയുടെ സ്വാതന്ത്ര്യവും വിശാലതയും ഒന്നുകൊണ്ടു മാത്രമാണ് ഇത്തരം ഒരു അഭിപ്രായ പ്രകടനമോ സർവ്വേയോ ഇവിടെ നടക്കുന്നത് എന്ന്. അങ്ങനെ വരുമ്പോൾ അടിയന്തരാവസ്ഥ നമ്മെ ആദ്യമായി പഠിപ്പിച്ചത് എന്താണ് ജനാധിപത്യം എന്ന ഒന്നാം പാഠമാണെന്നു വരുന്നു. ഇന്ന് നമ്മുടെ ഭയങ്ങളും ആശങ്കകളും ഉച്ചരിക്കപ്പെടുമ്പോൾ വ്യവസ്ഥാവിമർശനത്തിനു കൂടി ഇടം നൽകുന്ന ഈ മഞ്ഞുമലകളിൽ കൊടുംതണുപ്പത്ത് ചോറും ബിയറും കൊടുത്തു നിർത്തിയിരിക്കുന്ന ചാവേറുകളിൽ കുറേയെണ്ണത്തിനെ ബലികൊടുക്കുന്നതിനപ്പുറം (രാജ്യസ്നേഹികൾ ക്ഷമിക്കുക) ഒന്നും ചെയ്യാൻ അവർക്ക് കഴിയാത്തതും ഈ ജാഗ്രത മൂലമാണ്.

എന്നാൽ ഈ പാഠങ്ങൾ കൊണ്ട് എല്ലാമാകുന്നില്ല. ഹിറ്റ്ലറുടെയും മുസ്സോളനിയുടെയും സമ്പ്രദായങ്ങൾ പരസ്യമായി അംഗീകരിക്കുന്ന ഒരു




അടിയന്തരാവസ്ഥയുടെ നാളുകളിൽ ഒ.വി.വിജയൻ വരച്ച കാർട്ടൂൺ. 1999ൽ ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച "ഇത്തിരിനേരമ്പോക്ക് ഇത്തിരി ദർശനം" എന്ന പുസ്തകത്തിൽ നിന്ന്.

ത്തിലുള്ള ജനതാ മന്ത്രിസഭ, ജനങ്ങൾക്ക് അവരിലുണ്ടായിരുന്ന പ്രതീക്ഷയെ തകർത്തു കൊണ്ട്, അതിന്റെ തന്നെ ആഭ്യന്തര വൈരുദ്ധ്യങ്ങളാൽ ആ മന്ത്രിസഭ തകർന്നപ്പോൾ മനുഷ്യന്റെ മീതെ അധികാരം ഒരിക്കൽ കൂടി വിജയിച്ചു.

**അടിയന്തരാവസ്ഥ നൽകുന്ന പാഠങ്ങൾ**

എത്രതന്നെ വികലീകരിക്കപ്പെട്ട അവസ്ഥയിലാണെങ്കിലും ഇന്ത്യയിൽ ജനാധിപത്യം നിലനിൽക്കുന്നു. അതു കൊണ്ടാണല്ലോ ഇവിടത്തെ ജനാധിപത്യം വികലീകരിക്കപ്പെട്ടതാണെന്ന് പറയാൻ സാധിക്കുന്നത്. ഏകാധിപത്യമാണ് ഇന്ന് ഇന്ത്യക്കാവശ്യം എന്നു പറഞ്ഞ നേതാവും ആ വിഷയത്തിൽ അഭിപ്രായ സർവ്വേ വ്യവസ്ഥയുടെ അപാരമായ സഹിഷ്ണുത നാമറിയുന്നു.

സ്വാതന്ത്ര്യാനന്തരത്തിന്റെ ജനാധിപത്യ അടിത്തറയെ ബലപ്പെടുത്തിയത് അടിയന്തരാവസ്ഥയെ തുടർന്നുണ്ടായ ജനകീയ പ്രതിരോധങ്ങളായിരുന്നു. ഭരണകൂടം എന്നത് എല്ലായ്പോഴും, ജനാധിപത്യ മുഖംമൂടിയണിഞ്ഞ ഫാസിസ്റ്റാണെന്ന തിരിച്ചറിവു നൽകുന്ന നൈതികജാഗ്രത വീണ്ടുമൊരു അടിയന്തരാവസ്ഥാ പ്രഖ്യാപനം ഇന്ത്യയിൽ ഒരളവുവരെ അസാധ്യമാക്കുന്നു. ഭരണകൂടം ജനങ്ങളിൽ നിന്ന് ഒറ്റപ്പെടുമ്പോഴും ആഭ്യന്തരവൈരുദ്ധ്യങ്ങളാൽ വീർപ്പുമുട്ടുമ്പോഴും അതിർത്തിയിൽ ഒരു ആണവപടക്കം പൊട്ടിക്കുന്നതിനപ്പുറം സംഘടനയ്ക്ക് നിർണ്ണായക സ്വാധീനമുള്ള ഒരു പാർട്ടി അധികാരത്തിലേറുമ്പോൾ അടിയന്തരാവസ്ഥയെ രണ്ടാം സ്വാതന്ത്ര്യ സമരമായി വിശേഷിപ്പിച്ച് (വിശേഷണത്തിൽ തെറ്റൊന്നുമില്ല.) അവർ സ്വയം സ്വാതന്ത്ര്യസമരസേനാനികളായി മുദ്രകുത്തി ഫാസിസ്റ്റ് വിരുദ്ധത നടിക്കുമ്പോൾ, പ്രത്യേക പ്രധാനിയുടെ പത്നിയായി ഇന്ത്യ വാണ മേനകഗാന്ധി വലിയൊരു മൃഗസ്നേഹിയായി പാർലമെന്റിൽ ഇരിക്കുമ്പോൾ, അടിയന്തരാവസ്ഥക്കാലത്ത് ഭീകരപീഢനങ്ങളേറ്റവരും രഹസ്യത്താവളങ്ങൾക്ക് പിന്തുണ കൊടുത്ത് അധികാരകോള നുണയുമ്പോൾ, തുർക്ക്മാൻ ഗേറ്റ് കൂട്ടക്കൊലയ്ക്ക് ഉത്തരവിട്ടവർ ഇന്നും സ്വതന്ത്രരായി പൊതുരംഗത്ത് വിളങ്ങു



മ്പോൾ രാജൻസ്മാരക ആശുപത്രികെട്ടിടം പൊളിച്ചുമാറ്റാൻ അധികാരികൾ ശ്രമിക്കുമ്പോൾ ഓർമ്മകൾ ഉണ്ടായിരിക്കണം എന്നത് ഒരു ടാക്സിഫ്രീ മലയാള ചലച്ചിത്രത്തിന്റെ പേരുമാത്രമായി പോകുന്നു.

സംഘടിതമായ മറവിയിലേക്ക് ആസൂത്രിതമായി നയിക്കപ്പെടുന്ന ഒരു ജനതയ്ക്ക് ഏറ്റവും വിലപ്പെട്ടത് അതിന്റെ പോരാട്ടങ്ങളുടെയും ചെറുത്തു നിൽപിന്റെയും സ്മരണകളാണ്. ഇന്ന് പോരാട്ടങ്ങൾക്കു പകരം മത്സരങ്ങൾ പ്രതിഷ്ഠിക്കപ്പെടുമ്പോൾ ഓർമ്മകളെ മറവി ആക്രമിക്കുമ്പോൾ അടിയന്തരാവസ്ഥയുടെ ഓർമ്മപ്പെടുത്തലിന് പ്രതിരോധമൂല്യം കൈവരുന്നു. എന്തെന്നാൽ "അധികാരത്തിനെതിരായ മനുഷ്യന്റെ പോരാട്ടം എന്നത് മറവിക്കെതിരായ ഓർമ്മയുടെ പോരാട്ടമാണ്".

മുൻപെങ്ങുമില്ലാത്തത്ര ശക്തമായി ഇന്ന് ഇന്ത്യ ഫാസിസ്റ്റ് ഭീഷണികളിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്നു. അടിയന്തരാവസ്ഥക്കാലത്ത് ഭരണഘടന താത്കാലികമായി സസ്പെൻറ് ചെയ്യപ്പെട്ടതേയുള്ളു എങ്കിൽ ഭരണഘടന അപ്പാടെ തിരുത്തി എഴുതാനാണ് ഇന്ന് ശ്രമം നടക്കുന്നത്. അവിടെയും നാലഞ്ച് ചെമ്പുതകിടുകൾ കുഴിച്ചിട്ട് ചരിത്രത്തെ വഴിതെറ്റിക്കാനേ ഇന്ദിരാജി ശ്രമിച്ചിട്ടുള്ളു എങ്കിൽ ചരിത്രത്തെ കാവി പുതപ്പിക്കാനുള്ള ശ്രമങ്ങളാണ് ഇന്നു നടക്കുന്നത്. ഡോളറിന്റെ സ്വരാജ്യം വരേണമേ എന്ന് മുട്ടുകുത്തി പ്രാർഥിക്കുന്ന അധികാരികൾ പരാശ്രയത്വത്തിലേക്കും വർഗ്ഗീയതയിലേക്കും അധികാര കേന്ദ്രീകരണത്തിലേക്കും ഏകാധിപത്യ പ്രവണതയിലേക്കും ഒരു ജനതയെ ഒന്നാകെ നയിക്കുന്നു. മറവിയെ പ്രതിരോധിക്കാനും അടിയന്തരാവസ്ഥയുടെ ഓർമകൾ നൽകുന്ന വിപൽസന്ദേശങ്ങളോട് പ്രതികരിക്കാനുമാണ് ഈ ജനതയോട് കാലം ആവശ്യപ്പെടുന്നത്. ●

# ഓർക്കുന്നുവോ




നീ ഓർക്കുന്നുവോ?
ഒരു ദാനശീലയേപ്പോലെ മഴ കുടഞ്ഞിട്ട
ഹരിതസ്വപ്നങ്ങളിലൂടെ നടന്നതും
സ്വർഗ്ഗത്തിലുല്ലസിക്കുന്ന കുട്ടികളുടെ
ഇളം ചുണ്ടുകളിൽ നിന്നുമറിയാതെ
ഊർന്നുവീണ ആലിപ്പഴങ്ങൾ പെറുക്കി
നാം പൊട്ടിച്ചിരിച്ചതും....

നീ ഓർക്കുന്നുവോ?
കണ്ണാടിച്ചില്ലുകൾപോലെ
തൊടിയിലുടഞ്ഞു കിടന്ന വെയിലിൽ
ചവിട്ടാതെ നിന്നതും
ഒരേകാന്തദുഃഖം തൊടുത്ത ശരംപോലെ
പാഞ്ഞുപോം പക്ഷിയോടൊപ്പം
പറന്നതും.....

നീ ഓർക്കുന്നുവോ?
ചിത്രശലഭങ്ങളേപ്പോലെ
വാക്കുകൾ മൗനമായ്
പാറി മറഞ്ഞതും
ജലാർദ്രമായിനമ്മുടെ ഹൃദയവും
അതിൽ നാം നട്ട പ്രണയം
പൊടുന്നനെ അഴുകിപ്പോയതും.....

എസ്. അപർണ്ണ
III ബി.എ. ചരിത്രം

# വഴിത്തിരിവ്

ഷീനാ കൈമൾ. എൻ.
I എം.എ. ഇംഗ്ലീഷ്

"അവൻ എല്ലാമായി യാത്രയാകുന്നു". ബൈബിളിലെ വാചകം വായിച്ച് ആ ഏഴാം ക്ലാസ്സുകാരി അത്ഭുതസ്തംബ്ധയായി. അവൾ അവളുടെ അച്ഛനെ നോക്കി പുഞ്ചിരിച്ച് ആഹ്ലാദം പ്രകടിപ്പിച്ചു. "എന്നാലും, ഇതെങ്ങനെയാ അച്ഛാ ഇങ്ങനെ കിട്ടണിത്?"

അച്ഛൻ പുരികം മുകളിലോട്ടുയർത്തി പല്ലു കാണിക്കാതെ ചിരിച്ച് 'അതങ്ങനെയാണ്' എന്ന മട്ടിൽ മുകളിലോട്ടും താഴോട്ടും തലയാട്ടി. എന്നിട്ട് പറഞ്ഞു. "ഈശ്വരൻ നമ്മളെ എപ്പോഴും കാണുന്നുണ്ട്."

മനസ്സിൽ ഉയർന്നു വന്ന ചിന്തകളുടെയും ചോദ്യങ്ങളുടെയും മണിച്ചെപ്പ് കിലുങ്ങുമാറ് അടച്ചിട്ട്, അവൾ ബൈബിൾ യഥാസ്ഥാനത്ത് വെച്ചെഴുന്നേറ്റു.

അവളുടെ മനസ്സിൽ എല്ലായ്പ്പോഴും ചിന്തകളുടെ ഒരു പെരുവെള്ളപ്പാച്ചിൽ തന്നെ നടക്കാറുണ്ട്. ചിന്തകളുടെ പടവുകൾ കയറി അവസാനം 'ത്രിശങ്കു സ്വർഗ്ഗത്തിൽ' എന്ന മട്ടിലാകുമ്പോൾ പതുക്കെ ഭൂമിയിലേക്കൊരു തിരിച്ചു വരവ്. അതാണവളുടെ രീതി.

തനിക്കു മാത്രം ഇത്രയധികം സംശയങ്ങളെന്താണ്? അവൾ ചിന്തിച്ചു. സംശയം ചോദിച്ച് ചോദിച്ച് അധ്യാപകരുടെ കണ്ണിലെ ഒരു കരടായി താൻ മാറുകയാണോ? അവൾ സംശയിച്ചു. "കൃഷ്ണ അങ്ങനെ ചോദിച്ചാൽ എനിക്കും അതിന്റെ ഉത്തരമറിയില്ല" എന്ന് റാണി മിസ് പറഞ്ഞപ്പോൾ തുടങ്ങിയതാണ് പുതിയ സംശയം. വീട്ടിൽ പറഞ്ഞപ്പോൾ അമ്മ വഴക്കു പറഞ്ഞു, "നിന്റെ ഓരോ തോന്നല്, എല്ലാം നിന്റെ സംശയോം തെറ്റിദ്ധാരണേമാ." അമ്മ അധ്യാപികയായതുകൊണ്ട്, അമ്മ പറയുന്നത് ശരിയായിരിക്കുമെന്നവൾക്കു തോന്നി. ചില ചിന്തകളുടെ കെട്ടുകൾ പതുക്കെ അഴിച്ചു തുടങ്ങുമ്പോൾ അച്ഛൻ പറയും "പെണ്ണ് വലുതാവുന്തോറും വഷളായി വരാണ്."



"എടീ, നീ എന്തു ചെയ്തോണ്ട് നിക്കുവാ? ദേ, ശ്രീധരൻ മാമൻ വന്നിരിക്കുന്നു." അമ്മ പറഞ്ഞതു

കേട്ട് അവൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. തങ്ങൾ വീടു മാറുന്ന കാര്യമേ അവൾ മറന്നു പോയിരുന്നു.

അവൾ ഉമ്മറത്തേയ്ക്കോടിച്ചെന്നു. തിണ്ണയിൽ ഇരുന്ന്, ചാരിവെച്ചിരിക്കുന്ന ഊന്നുവടിയിൽ കൈ തലോടിയിരുന്ന് കരയുന്ന ശ്രീധരൻ മാമനെക്കണ്ട് അവളുടെ കണ്ണുകൾ നനഞ്ഞു.

കാൽപെരുമാറ്റം കേട്ട് മാമൻ തലയുയർത്തി. മാമന് തിമിരം ബാധിച്ച് രണ്ടു കണ്ണുകളുടെയും കാഴ്ച നഷ്ടപ്പെട്ടിരുന്നു. "ആരാ? എന്റെ കൃഷ്ണമോളാണോ, അത്?" മാമന്റെ ഇടറുന്ന ശബ്ദത്തിലുള്ള ചോദ്യം കേട്ട് അവൾ പൊട്ടിക്കരഞ്ഞു പോയി. "മാമാ, ഞങ്ങള് പുതിയ വീട്ടിലേക്ക് പൂവ്വാണ്." തേങ്ങലിനിടയിൽ അവൾ വ്യക്തമായി പറഞ്ഞു. "എന്റെ മോള് പോയാ, എനിക്കാരുണ്ട്?" കൊച്ചുകുട്ടികളെപ്പോലെ മാമൻ വിതുമ്പിക്കരഞ്ഞു.

അവൾ സങ്കടം സഹിക്കാനാവാതെ, അകത്തേയ്ക്കോടി ഒരു മൂലയിൽ ചെന്നിരുന്ന് മടിയിൽ മുഖം പൂഴ്ത്തി കരയുമ്പോൾ, അമ്മ മാമനെ ആശ്വസിപ്പിക്കുന്നത് കേൾക്കാമായിരുന്നു.

മാമൻ തന്റെ ആരാണെന്ന് എത്ര ചിന്തിച്ചിട്ടും അവൾക്ക് മനസ്സിലായില്ല. ഓർമ്മവെച്ച കാലം മുതൽ അച്ഛനുമമ്മയും താനും ഈ വാടക വീട്ടിലാണ്. ഒരു വീട് രണ്ടായി ഭാഗിച്ച് ഒരു ഭാഗത്ത് ഉടമസ്ഥരും മറുഭാഗത്ത് തങ്ങളും താമസിക്കുന്നു. മക്കളാരുമില്ലാത്ത ഒരമ്മൂമ്മയും അപ്പൂപ്പനുമാണ് ഉടമസ്ഥർ. ബന്ധുക്കളെല്ലാവരും അമ്മായി, കൊച്ചച്ഛൻ എന്ന് വിളിക്കുന്നത് കേട്ട് താനും അവരെ അങ്ങനെ വിളിച്ചു പഠിച്ചു. അവർക്കും തന്നെ വലിയ കാര്യമാണ്. കൊച്ചച്ഛന്റെ ജ്യേഷ്ഠന്റെ മകളെ അവരാണ് എടുത്തു വളർത്തി പഠിപ്പിച്ചതും വിവാഹം കഴിപ്പിച്ചതുമെല്ലാം. ആ ആന്റിയും കുട്ടികളും വരുമ്പോൾ തന്റെ കാര്യം ലേശം അവതാളത്തിലാവുമെന്നേയുള്ളൂ.

കൊച്ചച്ഛന്റെ മറ്റൊരു ജ്യേഷ്ഠന്റെ മകനാണ് ശ്രീധരൻ മാമൻ. മാമന് ഭാര്യയും മൂന്ന് മക്കളുമുണ്ട്. മൂവരും വിവാഹിതർ. ചിലപ്പോൾ തോന്നും, തന്നോടുള്ളത്ര വാത്സല്യം മക്കളോടില്ലായെന്ന്. മാമന്റെ 'കുടി' എന്ന അസുഖം മാത്രം തനിക്ക് സഹിക്കില്ല. എങ്കിലും അതേപ്പറ്റി ഒന്നും തന്നെ താൻ പറയാറില്ല.

പെട്ടെന്ന്, ഒരു ഞെട്ടലോടെ അവൾ ഓർത്തു, തന്റെ ഇവിടുത്തെ നിമിഷങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു. ഉള്ള സമയം വിലപിടിച്ചതാണ്. പുറത്തേയ്ക്ക് ചെന്നപ്പോൾ, അച്ഛൻ മാമനെ വീട്ടിലാക്കിയിട്ട് വരുന്നതാണ് കണ്ടത്. അവൾക്ക് പിന്നെയും കരയാൻ തോന്നിയപ്പോൾ തിണ്ണയിൽ വെറുതെ ഇരുന്നു.

ഇത്തവണത്തെ ഓണം താൻ കേമമമാക്കിയത് അവൾ ഓർത്തു. ഇനി ഇവിടെ ഓണം ആഘോഷിക്കില്ലല്ലോയെന്നോർത്ത് മുറ്റം നിറയുന്ന പൂക്കളങ്ങളാണ് താൻ ഇട്ടത്. പക്ഷേ, തിരുവാതിരയ്ക്കോ, ശിവരാത്രിയ്ക്കോ, ഓർമ്മയില്ല; നൊയമ്പിന്റെ അവസാനം കന്യകമാർ ചെയ്യേണ്ട എന്തോ ചടങ്ങ് പാതിരാത്രിക്ക് താൻ ഉറങ്ങിപ്പോയതുകൊണ്ട് അടുത്ത വീട്ടിലെ ചിത്രയെക്കൊണ്ട് അമ്മായി ചെയ്യിച്ചു. അതറിഞ്ഞ് താൻ രണ്ടുദിവസം അമ്മായിയോട് പിണങ്ങിയിരുന്നു. തന്നെക്കൊണ്ട് ചെയ്യിച്ചില്ലായെന്ന ഓർമ്മ അവളുടെ കവിളിൽ നനവായി രൂപാന്തരപ്പെട്ടു. ചിത്രയ്ക്കിനിയും അമ്മായിയുടടുത്ത് ആഘോഷങ്ങളിൽ പങ്കുചേരാം; തനിക്ക് അത് പറ്റില്ലല്ലോയെന്നോർത്തപ്പോൾ അവളുടെ സങ്കടമിരട്ടിച്ചു.

അവൾ നിലത്തൂടെ തന്റെ വിരലുകൾ ഓടിച്ചു. താൻ ഓടിക്കളിച്ചു വളർന്ന ഈ നിലത്ത് ഇനി സ്വാതന്ത്ര്യത്തോടെ ഒരിക്കലും ചവിട്ടാനാവില്ലെന്ന സത്യം അവളെ ഞെട്ടിപ്പിച്ചു. ചുമരിലേക്ക് ചാരിയിരുന്നിട്ട് തന്നെ സ്വയം വിടർത്തിയെടുക്കുവാൻ പറ്റുന്നില്ലേയെന്നവൾ സംശയിച്ചു.

അമ്മായി ഉമ്മറത്ത് നില്ക്കുന്നത് കണ്ട് അവൾ ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു പറഞ്ഞു : "ഇനി ഞാൻ ഇങ്ങോട്ടു വന്നാൽ ഇവിടൊക്കെ എന്നെ കേറ്റ്വോ?" തേങ്ങലോടെ അവൾ ചോദിച്ചു. "അതിനെന്താ, മോൾ ഇവിടുത്തെ തന്നെയല്ലേ?" അമ്മായി പറഞ്ഞതിന്റെ അർത്ഥത്തിലേക്ക് മനസ്സിനെ തിരിക്കുമ്പോഴും അമ്മായിയുടെ ശബ്ദം ഇടറിയിരുന്നതവൾ ശ്രദ്ധിച്ചു.

'മോളെ, വരൂ നമ്മളെറങ്ങാ" അച്ഛൻ പറഞ്ഞത് കേട്ട് അവൾ തരിച്ചു നിന്നു. ഈ വീട്ടിലെ കൃഷ്ണവേണി ഇനി ഓർമ്മ മാത്രമാകുന്നു.

അവൾ ഒന്നുകൂടി വീട്ടിനകത്തു കയറി. എല്ലായിടവും നോക്കുകയും തലോടുകയും ചെയ്തിട്ട് അവൾ പുറത്തിറങ്ങി. എല്ലാവരോടും യാത്ര പറയുമ്പോൾ അച്ഛന്റെയും അമ്മയുടെയും വാക്കുകൾക്കുകൂടി ഉച്ഛ്വാസമുണ്ടായിരുന്നുവെന്നത് അവൾ മനസ്സിലാക്കി.

ഗെയ്റ്റ് കടന്നു ടാക്സിയിൽ കയറുമ്പോഴും കൃഷ്ണവേണിയുടെ മനസ്സിൽ അമ്മായിയും, ശ്രീധരൻ മാമനും, തന്റെ ചലനങ്ങൾ രൂപപ്പെടുത്തിയ വീടും മാത്രമായിരുന്നു. അമ്പലത്തിന്റെ കിഴക്കേ നടയുടെ മുന്നിലൂടെ ടാക്സി പോവുമ്പോൾ തന്റെ പ്രിയനായ അയ്യപ്പ സ്വാമിയോട് തന്റെ പഴയ വീട്ടിലേക്ക് പോവാനിനിയുമവസരം തരണേയെന്ന് പ്രാർത്ഥിച്ചുവോയെന്നവൾക്ക് സംശയം തോന്നി.

ടാക്സിയിൽ, അമ്മയുടെ മടിയിലേക്ക് വീണു കിടന്നുറങ്ങുമ്പോൾ, അമ്മായി വെച്ച തിരുവാതിരപ്പുഴുക്ക് സ്വാദോടെ കഴിക്കുന്ന സ്വപ്നം കണ്ട് അവളുടെ ചുണ്ടുകളിൽ ഒരു പുഞ്ചിരി വിടർന്നു.

# *My Prayer*

*Oh! lord, grant me the power*
*to be among thorns a flower*
*so that I might attract bees*
*Thro' my own fragrance.*

*Pour into me, Oh Lord the power*
*To flutter among moths as butterfly*
*so as to litter with happiness*
*to little hearts of little boys.*

*Oh! Lord, grant me that power*
*to be a moon among shiny stars*
*so as to light the paths of those*
*trudging on many a dark night.*

*Oh!Lord grant me the power*
*to be a candle in the wind*
*so that I can kindle in the dark,*
*rays of hopeful light wandering wayfares.*

*My prayer to thee,*
*my Lord is to make me,*
*shine in the glory..........*
*and glow in the love...............*



**_Josgin Jose_**
Menacheril

*Josgin Jose passed away,*
*while she was a BA (psychology) student of the college.*

# "സാറിനെ പറ്റിച്ചേ"

## സൈനുദ്ദീൻ ഒരനുസ്മരണം

പ്രൊഫ. എൽ.ഐ. പോൾ സുന്ദർ
ഇംഗ്ലീഷ് വിഭാഗം

മരണം എന്നും രംഗബോധമില്ലാത്ത ഒരു കോമാളിതന്നെ. എപ്പോൾ, എവിടെ, എങ്ങനെ പ്രവേശിക്കണമെന്നും, അപ്രത്യക്ഷനാവണമെന്നും രംഗബോധമില്ലാത്ത കോമാളി എന്തിന് ആലോചിക്കണം? എന്നാലും ആ കോമാളിയില്ലെങ്കിൽ ജീവിത നാടകം പൂർണ്ണമാവുകയില്ലല്ലോ?

ഉച്ചയ്ക്കു ഏതോ കാര്യം തിരക്കാനായി ഓഫിസിൽ കയറി ചെന്നതാണ്. അപ്പോഴാണ് 'അക്കൗണ്ട്സിലെ' റഹിമാൻ എന്നോടു പറഞ്ഞത് 'സാറെ, നമ്മുടെ സൈനുദ്ദീൻ മരിച്ചു', ഇടിവെട്ടേറ്റതുപോലെ, തരിച്ചു ജീവച്ഛവമായി നില്ക്കാനേ എനിക്കു കഴിഞ്ഞുള്ളു. പരിസരബോധം തിരികെ ലഭിച്ചപ്പോൾ, പ്രിൻസിപ്പൽ ഡോ. രാജൻ വർഗ്ഗീസിന്റെ മുറിയിലേക്കു ഓടി. രാജുപ്പനോടു വിവരം പറഞ്ഞു. രാജനും ഒരു നിമിഷം തരിച്ചു നിന്നുപോയി. കാട്ടുതീ പോലെ കാമ്പസ്സിൽ വിവരം പടർന്നു. ആർക്കും വിശ്വസിക്കാനാവാത്ത വാർത്ത! ഞാൻ വീട്ടിൽ ചെന്നു സൈനുദ്ദീന്റെ അയൽവാസിയും അടുത്ത സുഹൃത്തുമായ അഡ്വ. അശോക് എം. ചെറിയാനുമായി ബന്ധപ്പെടാൻ ശ്രമിച്ചു. ഏതാണ്ടു ഒരു മണിക്കൂറിനുശേഷം റീനാ അശോക് വാർത്ത സ്ഥിരീകരിച്ചു. കബറടക്കം വൈകുന്നേരം നാലു മണിക്കാണെന്നും പറഞ്ഞു. പാടിവട്ടത്തുള്ള സൈനുദ്ദീന്റെ വീട്ടിൽ ചെന്നപ്പോൾ മൃതദേഹം കട്ടിലിൽ കിടത്തിയിരിക്കുന്നു. വെള്ളമുണ്ട് പുതപ്പിച്ച മൃതശരീരത്തിന്റെ ശിരസ്സുമാത്രം പുറത്തു കാണാം. ഒരിക്കലും 'അവന്റെ' മുഖത്തു കാണാത്ത ഗൗരവഭാവം! പൂർവ്വ വിദ്യാർത്ഥികൾക്കുവേണ്ടി, ഏകനായി ഞാൻ ഒരു റീത്തു സമർപ്പിച്ചു. അവന്റെ മുഖത്തു കുറെസമയംകൂടി നോക്കിനിന്നു. അപ്പോഴെനിക്കു തോന്നി, അവൻ എന്നോടു പറയുന്നില്ലേ - 'ഞാനിപ്പോഴും സാറിനെ പറ്റിച്ചേ?'

എന്റെ മരണ വാർത്തയറിയുമ്പോൾ, അവൻ സ്ഥലത്തുണ്ടെങ്കിൽ തീർച്ചയായും എന്റെ ശവശരീരം കാണുവാൻ വരും. ഞാനാണല്ലോ പ്രായംകൊണ്ടു അവനേക്കാൾ മുമ്പെ മരിക്കേണ്ടത്. ചിലപ്പോൾ ഒരു റീത്തും വയ്ക്കുമായിരിക്കും. എന്നിട്ടു മറ്റുള്ളവരോടു പറയും : "ഇതെന്റെ സാറായിരുന്നു". പക്ഷെ ഇന്നു ആ റോളുകൾ (അവന്റെ ഭാഷയിൽ റോളറുകൾ) തിരിഞ്ഞുമാറി. ഞാൻ അവന്റെ മൃതശരീരത്തിനു മുമ്പിൽ നിന്നു നിശ്ശബ്ദനായി പറയുന്നു : 'ഇവനെന്റെ പ്രിയപ്പെട്ട സൈനുദ്ദീനായിരുന്നു'. 'റോളറുകൾ' തെറ്റിപ്പോയതുകൊണ്ടു എന്നെ കളിയാക്കിക്കൊണ്ട് അവൻ നിശ്ശബ്ദനായി പറയുന്നില്ലേ 'ഞാനിപ്പോഴും സാറിനെ പറ്റിച്ചേ!'

"ജെജെ" (പ്രൊഫ. ജെയിംസ് ജയരാജ്) യാണു ഒരു ദിവസം എന്നോടു പറഞ്ഞത് : 'പോളെ, ക്ലാസ്സ് വൺ ഇക്കണോമിക്സിൽ ഒരു സൈനുദ്ദീനുണ്ട്. നന്നായി പാടും. അഭിനയിക്കുമെന്നും തോന്നുന്നു. പോൾ ഒന്നു ശ്രദ്ധിക്കണം". കെ. കുഞ്ഞികൃഷ്ണനും (മനഃശാസ്ത്ര അദ്ധ്യാപകൻ) ഗീത കുമാരിയും (ഫിസിക്സ് അദ്ധ്യാപിക) ഞാനുംകൂടി ആർട്സ് ക്ലബ്ബിന്റെ പരിപാടികൾ നടത്തിക്കൊണ്ടു വരുന്ന എഴുപതുകളിലാണ് സൈനുദ്ദീൻ ഇവിടെ പഠിക്കുവാൻ വരുന്നത്. പാടുകയും, മോണോ ആക്ടും, മിമിക്രിയും കാണിക്കുകയും അഭിനയിക്കുകയും, ഹോക്കി കളിക്കുകയും ചെയ്യുന്ന സകല കലാ വല്ലഭനായ സൈനുദ്ദീൻ ആദ്യവർഷം തന്നെ അറിയപ്പെടുന്ന ഒരു കലാകാരൻ എന്ന അംഗീകാരം നേടി. കൂട്ടത്തിൽ പോൾസണും, ജിക്കു ചാക്കോയും, രഘുവും, സത്താറും (ഫിലിം സ്റ്റാർ), ഷീലാ തോമസിന്റേയും, ഗീതയുടേയും, ജാനകിയുടേയും നേതൃത്വത്തിൽ ഗായികമാർ. ഇരിങ്ങാലക്കുട മുതൽ തിരുവനന്തപുരം വരെ വിവിധ കേന്ദ്രങ്ങളിൽ നടന്ന നാടക മത്സരങ്ങളിലും, കലാമത്സരങ്ങളിലും ഞങ്ങൾ സജീവമായി തന്നെ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. 'ചുവന്ന കുട്ടി' എന്ന നാടകം അര ഡസ്സൻ സ്റ്റേജുകളിലെങ്കിലും അവതരിപ്പിച്ചു സമ്മാനങ്ങൾ വാങ്ങിയിട്ടുണ്ട്. (എറണാകുളം ടൗൺ ഹാളിൽ നാടകം കളിച്ചിട്ടു രാത്രി, നാടകത്തിലെ പോലീസുകാരുടെ വേഷം അഴിച്ചു മാറ്റാതെ ജിക്കുവും, സൈനുവും ലാത്തി കക്ഷത്തിൽ വച്ചു നാടക സംഘത്തോടൊപ്പം കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റാൻഡിലേക്കു നടക്കുകയാണ്. അപ്പോൾ അതാ, എതിരെ ഒരു സൈക്കിളിൽ രണ്ടുപേർ ഓവർ ലോഡായി വരുന്നു. സൈക്കിളിനു ലൈറ്റില്ല. "ലോഡു" പോകാനും പാടില്ലല്ലോ. രണ്ടു ഭീകര കുറ്റങ്ങൾ! പോലീസുകാരൻ ജിക്കു ലാത്തി കാണിച്ചു യാത്രക്കാരെ നിർത്തുന്നു. പോലീസുകാരൻ സൈനു 'പോലീസ്മുറയിൽ' പ്രശ്നം കൈകാര്യം ചെയ്യുന്നു. (അറസ്റ്റും ചെയ്തില്ല). സൈക്കിളിന്റെ രണ്ടു ടയറുകളിലേയും കാറ്റഴിച്ചു വിട്ടശേഷം രണ്ടുപേരേയും ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാൻറുവരെ, സൈക്കിളുമുരുട്ടി നടത്തിച്ചു ശരിയായ താക്കീതും കൊടുത്തു പറഞ്ഞയച്ചു. പിറ്റേദിവസം രാവിലെതന്നെ വിവരം രണ്ടു പോലീസുകാരും എന്നെ അറിയിച്ചു. സാക്ഷികളായിരുന്ന രഘുവും, നാരായണൻ കുട്ടിയും, 'സത്യം സത്യമായി'

അതു ശരിവയ്ക്കുകയും ചെയ്തു.

എഴുപതുകളിൽ ശരീരത്തിലടിക്കുന്ന പെർ ഫ്യൂം ("സ്പ്രേ" എന്നു ഞങ്ങൾ വിളിക്കുമായിരുന്നു) വളരെ ദുർലഭമായി മാത്രം കാമ്പസ്സിൽ കാണുന്ന വസ്തുവായിരുന്നു. ഗൾഫിൽ നിന്നും ആരെങ്കിലും ഈ 'വിലയേറിയ സമ്മാനം' സൗജന്യമായി കൊണ്ടു വന്നു തരണം. അല്പം 'സ്പ്രേയു' മടിച്ചു, കാമ്പസ്സിൽ കൂടി നടക്കുന്നതു ഒരു ഗമ തന്നെയായിരുന്നു. (ഇന്നത്തെ ചെത്തു പ്രയോഗം). ഒരിക്കൽ ഞങ്ങൾ ചില അദ്ധ്യാപകർ കാന്റീനിലേക്കു പ്രവേശിക്കുകയാണ്. സൈനുവും കൂട്ടരും കാന്റീനിലെ 'ക്ലാസ്സും' കഴിഞ്ഞു പുറത്തേക്കു വരുന്നു. അവൻ 'സ്പ്രേ' അടിച്ചിട്ടുണ്ട്. നല്ല മണം. അതിന്റെ ഗമ ആവശ്യത്തിലേറെ മുഖത്ത്. ഒന്നുമറിയാത്ത മട്ടിൽ എന്റെ സമീപത്തേക്കു അവൻ വന്നു. ഇവനെയൊന്നു ചമ്മിപ്പിട്ടേയുള്ളു കാര്യമെന്നു മനസ്സിൽ തീരുമാനിച്ചു കൊണ്ട് മറ്റുള്ള സഹപ്രവർത്തകർ കേൾക്കെ ഞാൻപറഞ്ഞു : "മാറി നടക്കൂ, നാറുന്നു". ഒരു ഭാവവ്യത്യാസവുമില്ലാതെ സൈനു പറയുന്നു : "അതിനു ഞാനെന്തു ചെയ്യാൻ. സാറിന്റെ മൂക്കും വായും അടുത്തടുത്തല്ലേ?". ഞാൻ കേൾക്കാത്ത മട്ടിൽ കാന്റീനിലേക്കു പോയി.

ഒരിക്കൽ ഒരു നാടക മത്സരത്തിനുള്ള നാടകം തിരഞ്ഞെടുക്കുന്ന തിരക്കിലായിരുന്നു ഞങ്ങൾ. സൈനുദ്ദീനു പറ്റിയ ഒരു റോൾ ഞങ്ങൾ തിരഞ്ഞെടുത്ത നാടകത്തിലില്ല. സൈനുവില്ലാതെ മത്സരത്തിനു പോകാനും വയ്യ. അപ്പോഴാണ് സൈനുവിന്റെ വരവ്. "സാറെ, ഏതു നാടകമായിരുന്നാലും ശരി, എനിക്കൊരു റോളര്‍ വേണം. ഒരു റോളുമില്ലെങ്കിൽ കർട്ടൻ വലിക്കുന്ന റോളർ ആയാലും മതി". ശാന്ത ഗംഭീരനായി സംഗതി അവതരിപ്പിച്ചു സൈനു മടങ്ങി. സൈനുവിനുംകൂടി 'റോളുള്ള' നാടകം ഞങ്ങൾ അവതരിപ്പിച്ചു സമ്മാനവും വാങ്ങി.

ഇരിങ്ങാലക്കുടയിലെ 'ആർട്ട്സ് കേരള' മത്സരത്തിൽ തുടർച്ചയായി മൂന്നുവർഷം ഞങ്ങൾ പങ്കെടുത്തിരുന്നു. ആദ്യവർഷം നാടകത്തിനും ഒന്നാം സമ്മാനം കിട്ടി. മത്സരത്തിന് നാടകത്തിന്റെ പേരൊഴികെ മറ്റൊന്നും അനൗൺസ് ചെയ്യാറില്ല. രണ്ടാം വർഷവും സമ്മാനം വാങ്ങാനുള്ള ദൃഢനിശ്ചയത്തിൽ വർഗ്ഗീയതയ്ക്കെതിരെയുള്ള, ദേശീയോദ്ഗ്രഥനം പ്രമേയമാക്കിയ ഒരു ഗംഭീര നാടകമാണ് ഞങ്ങൾ അവതരിപ്പിച്ചത്. നാടകാരംഭം മുതൽ അവസാനം വരെ ജിക്കു ചാക്കോ ഒരു രാജാവിന്റെ പ്രതിമയായി രംഗത്ത് ഒരു പീഠത്തിന്റെ മുകളിൽ നില്ക്കണം. യാതൊരു ചലനവും പാടില്ല. കണ്ണടയ്ക്കാൻ കൂടി പറ്റില്ല. ഒന്നാം രംഗം കഴിഞ്ഞു. കാണികൾ നിശ്ശബ്ദരായി, അതീവ ഗൗരവത്തോടുകൂടി നാടകം കാണുന്നു. ആരാണു നാടകം അവതരിപ്പിക്കുന്നതെന്നറിയാൻ അതിയായ ആകാംക്ഷ കാണികളുടെ മനസ്സിൽ. അപ്പോൾ അതാ സാക്ഷാൽ ആനന്ദമാർഗ്ഗിയായി സൈനുദ്ദീൻ രംഗത്തേക്കു മന്ദം മന്ദം കടന്നു വരുന്നു. അസ്സൽ ആനന്ദമാർഗ്ഗി! പക്ഷേ കാണികളിലാർക്കോ ഒരു സംശയം. അത് യു.സി. കോളേജിലെ സൈനുദീനല്ലേ? തലേ വർഷത്തെ നാടകത്തിന്റെയും, മിമിക്രിയുടെയും, മോണോ ആക്ടിന്റെയും പിൻബലത്തിൽ സൈനുദ്ദീനെ തിരിച്ചറിഞ്ഞ അവർ വിളിച്ചു കൂവി "യു.സി. കോളേജ്" പെട്ടെന്നു ഹാൾ മുഴുവൻ "യു.സി. കോളേജ്" എന്ന ശബ്ദം മുഴങ്ങി. അത്തവണയും നാടകത്തിനു ഒന്നാം സമ്മാനം ഞങ്ങൾക്കായിരുന്നു.

സൈനു ഫൈനൽ ഇയറിൽ പഠിക്കുമ്പോഴാണ് കേരള യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലിനു തിരുവനന്തപുരത്തിനു ഘോഷയാത്രയായി പോയത്. ഗ്രൂപ്പ് മ്യൂസിക്, മിമിക്രി, മോണോ ആക്ട്, ഉപകരണ സംഗീതം, ലളിതഗാനം ഇവയിലെല്ലാം പങ്കെടുക്കണം. സൈനുദ്ദീന്റെ വകയാണ് മിമിക്രിയും, മോണോ ആക്ടും. ടീം ക്യാമ്പടിക്കുന്നത് 'പട്ടത്തെ' എസ്.സി.എം. ഹോസ്റ്റലിൽ. അന്നു ഒരു പൈസ പോലും ആരും ചെലവിനായി തരില്ല. എന്നാലും കുട്ടികളും, അധ്യാപകരും കയ്യിൽനിന്നും പൈസ മുടക്കി മത്സരങ്ങൾക്കു പോകും. ('ആർട്ടിസ്റ്റു'കളെ സഹായിക്കാനും, പ്രോത്സാഹിപ്പിക്കാനും സ്വന്തം ചെലവിൽ 'ബോയ്സും, ഗേൾസും' മത്സര സ്ഥലത്തെത്താറുണ്ടായിരുന്നു). നല്ല ടീം സ്പിരിറ്റ്. വളരെ പക്വമായ പെരുമാറ്റം. ഉയർന്ന അച്ചടക്കം. എല്ലാറ്റിനുമുപരി എത്ര സ്നേഹം, എത്ര കരുതൽ! മറക്കാനാവാത്ത ദിനങ്ങളായിരുന്നു അവ. പെൺകുട്ടികളുടെ ചുമതല ഗീതയ്ക്കായിരുന്നു. സമ്മാന പ്രതീക്ഷയുണ്ടായിരുന്ന മിമിക്രിയും, മോണോ ആക്ടും സൈനുദ്ദീനെ കൊണ്ടു പല പ്രാവശ്യം ചെയ്യിച്ചു. ടേപ്പ് റിക്കാർഡിൽ (അന്നു അതൊരു വിലയേറിയ ഉപകരണമായിരുന്നു) റിക്കാർഡ് ചെയ്ത സമയവും അഡ്ജസ്റ്റ് ചെയ്തു. സെനറ്റ് ഹാളിൽ, തിങ്ങി നിറഞ്ഞ ജനങ്ങൾക്കു മുമ്പാകെ മിമിക്രി മത്സരം കഴിഞ്ഞു. ഫലം വന്നു. സൈനുദ്ദീൻ ഔട്ട്. ആലപ്പി അഷറഫ് ഫസ്റ്റ്. മോണോ ആക്ട് മത്സരം തുടങ്ങി. വിധികർത്താക്കളുടെ തൊട്ടു പുറകിൽ ആകാംക്ഷാഭരിതരായി ഞങ്ങൾ. സൈനുവിന്റെ ആദ്യത്തെ നമ്പർ ഉദ്ദേശിച്ചതുപോലെ ഫലിച്ചില്ല. രണ്ടാമത്തെ നമ്പർ വനവാസത്തിനു പോകുന്ന ശ്രീരാമൻ സീതയോടു വിടവാങ്ങുന്നതാണ്. "കൊങ്ങിണിയായ" ശ്രീരാമന്റെ "സീതേ!" എന്നു വിളി കേട്ടു സദസ്സ് വിസ്മയസ്തബ്ധമായി. "പ്രാണ നാഥ, പ്രാണ നാഥ, ഘോരവനത്തിൽ കാടുണ്ട്, മുള്ളുണ്ട്, പുലിയുണ്ട്, പിന്നെ എലിയുമുണ്ട്". മറുപടി കേട്ടപ്പോൾ ഹാൾ ചിരിയിൽ മുഴുകി. 'മുസ്ലീമായ' ശ്രീരാമൻ 'കലക്കി'യെന്നു പറഞ്ഞാൽ മതിയല്ലോ. ഒന്നാം സമ്മാനം നേടി, സന്തോഷത്തിമിർപ്പോടെ ഞങ്ങൾ രാത്രിയിൽ സാവകാശം നടന്നു പട്ടത്തെത്തി. 'പ്ലാമൂട്ടിൽ' വച്ചു ജിക്കുവും, സൈനുവും അല്പ സമയം മുങ്ങി. അഞ്ചെട്ടു മിനിറ്റുകൾക്കകം അവരും ഞങ്ങളോടൊപ്പം ചേർന്നു നടന്നു. തിരികെ ഹോസ്റ്റലിൽ വന്നപ്പോൾ കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ചെലവു ചെയ്യാമെന്നു സൈനു സമ്മതിച്ചു. തുടർന്ന് സമ്മാനം കിട്ടിയ 'നമ്പറുകൾ' കാണിച്ചു. കുട്ടികൾ നിർത്താതെ ചിരിക്കാൻ തുടങ്ങിയപ്പോൾ, ജിക്കു പ്ലാമൂട്ടിൽ നിന്നും നേരത്തെ വാങ്ങി കരുതിയിരുന്ന 'ഉണ്ടൻപൊരികൾ'

ഓരോന്നായി ഓരോരുത്തരുടേയും വായിലേയ്ക്കിട്ടു കൊടുത്തിട്ടു പറഞ്ഞു : "ഇതാണു ചെലവ്" എന്റെ ഓർമ്മ ശരിയാണെങ്കിൽ സർവ്വകലാശാല യുവജനോത്സവത്തിനു നമുക്കു ആദ്യമായി ഒരു ഒന്നാം സ്ഥാനം വാങ്ങിത്തന്നത് സൈനുദ്ദീനായിരുന്നു. സമ്മാനദാന ദിവസം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ വലിയ ജനാവലിയുടെ മുമ്പിലും ശ്രീരാമനും, സീതയും ചിരിയുടെ മാലപ്പടക്കം പൊട്ടിച്ചു.

സൈനുവിന്റെ തമാശകൾ അയത്ന ലളിതമായി, അനർഗ്ഗളം പ്രവഹിക്കുന്നതായിരുന്നു. "വി.എച്ചും" ക്ലാസ്സു മുറികളും; കാമ്പസ്സും, കാന്റീനും, സ്റ്റാഫ് കോർട്ടേഴ്സുമെല്ലാം ആ തമാശകൾ ധാരാളമായി കേട്ടു രസിച്ചിട്ടുള്ളതാണ്. ബോബി സിനിമയിലെ പ്രസിദ്ധമായ ആ കടത്തുകാരന്റെ പാട്ട് ----------- സൈനു പാടുമ്പോൾ ശ്രോതാക്കൾ നിശ്ശബ്ദരായി ആ ഗാനലഹരിയിൽ ലയിച്ചിരിക്കും. നല്ല ഒരു ഹോക്കി കളിക്കാരൻ കൂടിയായിരുന്നു സൈനു.

അന്നത്തെ പ്യൂണായിരുന്ന അബ്ദുവിന്റെ (സഹോദരന്മാരുടേയും കുട്ടികളുടേയും അബ്ദുക്ക, ജനത്തിന്റെ വൈസ് പ്രിൻസിപ്പൽ) സ്ക്കൂളിൽ പഠിക്കുന്ന വളർത്തു മകനേയും, ഒരു സംഘം "പിള്ളേഴ്സിനേയും" കൊണ്ടു സൈനു അദ്ധ്യാപകനായി ഒരു നാടകം വി.എച്ചിൽ അരങ്ങേറിയതു ഒരിക്കലും മറക്കാനാവില്ല. അന്നാണ് ഹാജർ എടുത്ത അദ്ധ്യാപകൻ (സൈനു) ബാദറിനു നല്കിയ "ക്യൂ. ക്യൂ" എന്ന ഇനിഷ്യൽസ് ആർക്കും ചേരുമെന്നും, "വിടാകൊണ്ടാൻ, കൊടാകൊണ്ടാൻ", "ഗുപ്തജ്ഞൻ" (ഇവ രണ്ടും സിനിമാ പേരുകളാണ്) തുടങ്ങിയ "ലളിതമായ" വാക്കുകൾ കേട്ടെഴുത്തിനു കൊടുക്കാമെന്നും ജനം മനസ്സിലാക്കിയത്. അബ്ദുക്കയുടെ മകനെ എഴുന്നേൽപ്പിച്ചു നിർത്തി, തലേദിവസം ക്ലാസ്സിൽ വരാത്തതിന്റെ കാരണം "സാർ" ചോദിച്ചപ്പോൾ 'വാപ്പ കോളേജിൽ പോയതുകൊണ്ടാണ് ക്ലാസ്സിൽ വരാൻ പറ്റാത്തതെന്ന്' ഉത്തരത്തിനു അദ്ധ്യാപകന്റെ മറുചോദ്യം "നിന്റെ വാപ്പ ഇപ്പോഴും കോളേജിൽ പഠിക്കുകയാണോ?" മറുപടി "വാപ്പ പഠിക്കുകയല്ല, കോളേജിലെ വൈസ് പ്രിൻസിപ്പലാണ്". ഈ തമാശ മറ്റാരെക്കാളും കൂടുതലായി ആസ്വദിച്ചതു അബ്ദുക്ക തന്നെയായിരുന്നു. ആരേയും നോവിക്കാതെയും, പിണക്കാതെയും, തമാശ പറയുക എത്ര വലിയ കാര്യമാണ്.

ഭൂരിഭാഗം അദ്ധ്യാപകരോടും, അനദ്ധ്യാപകരോടും ആത്മാർത്ഥമായ ബന്ധം പുലർത്തിയ സൈനു, അവരോടു എടുത്തിരുന്ന സ്വാതന്ത്ര്യം ഒരിക്കലും അതിർ ലംഘിക്കുകയില്ലായിരുന്നു. കോളേജിൽ നിന്നും പോയിട്ടും, കോളേജുമായി ഊഷ്മളമായ ബന്ധം പുലർത്തിയിരുന്ന ഒരു പൂർവ്വ വിദ്യാർത്ഥിയായിരുന്നു സൈനു. സിനിമാ താരമായി പ്രസിദ്ധനായിട്ടുപോലും സമയം കിട്ടുമ്പോൾ കോളേജിൽ വരാൻ സൈനുവിനു ഇഷ്ടമായിരുന്നു. ഏറ്റവുമൊടുവിൽ പ്ലാറ്റിനം ജൂബിലി വർഷത്തിലെ പൂർവ്വ വിദ്യാർത്ഥി സമാഗമത്തിൽ, സൈനുവിനേയും, പോൾസനേയും, മാമച്ചനേയും, രഘുവിനേയും, ഷീലയുമെല്ലാം ഒരുമിച്ചു കൂട്ടി ഒരു തട്ടുതകർപ്പൻ പരിപാടി നടത്താൻ കഴിഞ്ഞതിൽ എനിക്കു ചാരിതാർത്ഥ്യമുണ്ട്. തിരക്കിനിടയിൽ വീണു കിട്ടുന്ന അവസരങ്ങളിൽ ചിലപ്പോൾ എന്റെ വീട്ടിലേക്കു സൈനു ഫോൺ ചെയ്യുമായിരുന്നു. എന്റെ അസാന്നിദ്ധ്യത്തിലും എന്റെ മക്കളുമായി ദീർഘനേരം സംസാരിക്കുക സൈനുവിന്റെ പതിവായിരുന്നു. 'ഞങ്ങൾ ആ ചേട്ടനുമായി വലിയ വലിയ കാര്യങ്ങളാണു സംസാരിച്ചതെന്നായിരിക്കും.' കുട്ടികൾ മിക്കപ്പോഴും പറയുന്ന മറുപടി.

സ്ക്കിന്നർ ഹോസ്റ്റലിൽ അദ്ധ്യാപകർ താമസിക്കുന്ന കാലമായിരുന്നു അത്. ഹോസ്റ്റൽ അങ്കണത്തിലായിരിക്കും 'സ്റ്റാഫ് ഡേ' നടത്തുക. വർഷത്തിലൊരിക്കൽ അദ്ധ്യാപകർ കുടുംബസമേതം പങ്കെടുക്കുന്ന ഒരു പരിപാടി. ഒരിക്കൽ സ്റ്റാഫ് ഡേയ്ക്കു ജിക്കുവും സൈനുവും ഒരു ഗംഭീര പരിപാടി അവതരിപ്പിച്ചു. രാജാവിന്റെ കൊട്ടാരത്തിൽ നിന്നും രാജകുമാരിയുടെ വിലയേറിയ രത്നാഭരണങ്ങൾ ഒരു കള്ളൻ മോഷ്ടിച്ചു കൊണ്ടു പോകുന്നതും, ആ കള്ളനെ അറസ്റ്റു ചെയ്യുവാൻ വരുന്ന പോലീസുകാരൻ (സൈനു) സ്ഥലകാലഭ്രംശത്തിൽ 'എന്നെ അറസ്റ്റു ചെയ്യു' എന്നു ദയനീയമായി വിലപിക്കുന്ന ഒരു 'കലക്കൻ' നാടകം.

സ്ക്കിന്നർ ഹോസ്റ്റലിന്റെ കോണിപ്പടിയുടെ തൊട്ടുതാഴെയുള്ള എന്റെ മുറിയിൽ കടന്നു വന്ന്, ജനാലയിൽ തൂക്കിയിട്ടിരിക്കുന്ന കണ്ണാടിയിൽ നോക്കി, അന്നത്തെ പ്രമുഖ ഹിന്ദി നടൻമാരുടെ ഹെയർ സ്റ്റൈലിൽ മുടി ചീകി, അവരെ അനുകരിച്ചുകൊണ്ടു സൈനു ചോദിക്കും : "സാറെ, ഇപ്പോൾ എന്നെ കണ്ടാൽ രാജേഷ് ഖന്നയെപ്പോലില്ലേ?", "ധർമ്മേന്ദ്രയെ പോലില്ലേ" ഞാൻ അവയെല്ലാം മനഃപൂർവ്വം നിഷേധിക്കുമ്പോൾ സ്വന്തം സ്റ്റൈലിൽ മുടി ചീകിവച്ചുകൊണ്ട് സൈനു ചോദിക്കും : "സാറെ, ഇനി കള്ളം പറയരുത്, ഇപ്പോഴെന്നെ കണ്ടാൽ സൈനുദ്ദീനെ പോലില്ലേ?" സ്വർഗ്ഗത്തിലിരുന്നുകൊണ്ടു ഒരുപക്ഷേ ഇപ്പോൾ എന്നെ നോക്കി, കണ്ണിറുക്കി, ചിരിച്ചുകൊണ്ട് സൈനു ചോദിക്കുന്നുണ്ടാവും "സാറെ, കള്ളം പറയരുത്. സാറിനേക്കാൾ മുമ്പേ മരണ വാതിലിലൂടെ രക്ഷപ്പെട്ട ഞാൻ സാറിനെ പറ്റിച്ചില്ലേ?" അതേ, ഒത്തിരി, ഒത്തിരി നല്ല ഓർമ്മകൾ ഞങ്ങൾക്കു സമ്മാനിച്ചിട്ടു ഞങ്ങൾക്കു മുമ്പേ കടന്നുപോയ നീ ഒരു പക്ഷേ ഒരിക്കൽ കൂടി ഞങ്ങളെ പറ്റിക്കുകയായിരുന്നിരിക്കാം.

# DEATH :

## 'A CRISIS IN HUMAN LIFE'

*Shijo Antony*
II BA Psychology

Death is a mystery; an unsolved problem that has been existing from the very beginning of human history. It is an integral part of human existence. And because it is, it has always been a subject of deep concern to all of us. Since the dawn of humankind the human mind has pondered over this mystery. And still, century after century of civilizations, after boundless philosophical and literary works, the problem still remains, an unanswered question beyond human intelligence. Pascal was more correct when he remarked "since men have not succeeded in curing death they have decided not to think about it at all."

### DEATH CLASSIFIED

The state of death has always been obscured by mystery and superstition. So the precise definition of human death remains controversial and differs according to culture and legal systems. Though death could be described as the total cessation of life process that eventually occurs in all living organisms some have tried to classify it in three stages. The first stage is Vital death denoted by the absence of peripheral pulse and heart beat, the absence of respiration, the lack of corneal reflex and the presence of bluish colour that results from the lack of oxygen in the blood; yet in the view of medical science a person may not be dead. Most prominent among the new criteria for human death is the absence of functioning of brain stem : that portion of brain whose activities are essential for the capacity for consciousness. This is known as Clinical death. The third criteria for death is Total death. Many belief systems have tried to distinguish between physical and spiritual being. The idea that some part of an individual person continues to survive the experience of dying occurs in virtually all religions. So the separation of soul (mind) and body (matter) is considered to be the total death.

### DEFENCE MECHANISMS TOWARDS DEATH

Elizabeth Kubler Ross in her book 'On death and dying' describes five stages of death through which a terminally ill person passes before death.

Stage I : Denial and Isolation : Most terminally ill patients aware of it respond 'No, not me, it cannot be true.' Denial functions as a buffer after unexpected shocking news. Denial is usually a temporary defence and will soon be replaced by partial acceptance. This denial occurs because in our unconscious mind we are all immortal, it is almost inconceivable for us to acknowledge that we too have to face death.

Stage II : Anger : When the first stage of denial cannot be maintained any longer it is replaced by feelings of anger, rage, envy, and resentment. The next logical question is 'why me'.

Stage III : Bargaining : The stage of bargaining is less well known but equally helpful to the patient, though only for a brief period of time. This happens when we are unable to face the first stage and have been angry with people and enter into an agreement with god bargaining for life.

Stage IV : Depression : This happens to the terminally ill when they can no longer deny the illness, and when they are forced to undergo hospitalisation, and see the consequence of the illness on the physical figure. So the depression is due to the loss of something : may be financial burdens, or loss of a job due to many absences etc. The patient is in the process of losing everything and everybody he loves. Therefore, there is no use of encouragement and reassurance in order to facilitate the stage of acceptance.

Stage V : Acceptance : Acceptance is not a happy stage. It is almost void of feeling. While the dying patient has found some peace and acceptance, his circle of interest may diminish. He wishes to be left alone or at least not stirred up by news and problems of outside world. They are never in a talkative mood and prefer short visits.

In the opinion of Ross there is hope in all these stages. The first four stages are of expectation to escape the situation and the last stage is a hope about the life after death. Analysing more carefully we reach the concern that these five stages reflect the stages of growth in a human being. - Childhood, Adolescence, Adulthood, Old age and the End can be considered as five stages that are similar to man's different responses to death. Viewing from this aspect, death is only a complete manifestation of life.

DEATH 'ANGUISH' - PSYCHOLOGICAL VIEWS

What is the meaning of death? Personally reflecting death causes pain and distress to our lives, but the fact is that death is a necessary element for the existence of society. In every age man has feared death. Usually anguish over death happens because of two reasons; fear to face one's own death and fear about dear ones.

Sigmund Freud argued that it is the death instinct that causes the fear of death and suppression of this death instinct leads to anguish. Every brave act of an individual is based on the aftermath of the unconscious motive of the death instinct in him. Defence of the country, prosocial behaviour, etc., are the acts of unconscious desire to die. Sadism and masochism can also be viewed from this point of the destructive nature in man. In other words Freud affirmed that death instinct in man is more than his life instinct. But this cannot be true because when we love living more than death we fear death. Therefore, it may be the life instinct that causes anguish over death.

From the psychiatrists' point of view, this is very understandable and can perhaps best be explained by our basic knowledge that in our unconscious, death is never possible in regard to ourselves. It is inconceivable for our unconscious to imagine an actual ending of our life here on earth and if this life of ours has to end, the ending is always attributed to a malicious intervention from the outside by someone else. In simple terms, in our unconscious mind we can only be killed : it is inconceivable to die of a natural cause or of old age. Therefore, death in itself if associated with a bad act of frightening happening, something that in itself each for retribution and punishment.

EXISTENTIALISM - PHILOSOPHICAL VIEWS

The 'anguish' revealed by contemporary literature has become an object of study of philosophy, since it too studies the impulsions of the soul. These manifestations divert our attention because of their attitude to the future life.

Existentialism is a family of philosophies devoted to an interpretation of human existence in the world that stresses its concreteness and its problematic characteristics. A central theme of existentialism is the concept of non-being or non-existence, and a man is the only being who is aware of his eventual non-existence.

Heideggar, one of the existentialist philosophers, in his book 'Being and Time' has pointed to the foundation of the inter-subjective relationship in dread. When a man decides to escape from the banality of anonymous existence, or the non-reality of its possibilities, behind the mask of daily concerns - his understanding of this nothingness leads him to choose the only unconditioned and insurmountable possibility that belongs to him : death. The possibility of death, unlike the possibility that relates him to other things and to other men, isolates him. To understand this possibility means to be aware of his existence at all. The motive tonality that accompanies this understanding is dread through which man feels himself to be "face to face" with the 'nothing' of the possible impossibility of existence. Dread therefore, is not in the face of a specific danger. It is rather the emotive understanding of the nullity of the possible.

From the Indian Vedas to the words of our contemporary thinkers the aim of all philosophers has been to elucidate the meaning of death, thus helping human beings to overcome their fear of death. Analysing the history of literature, art and music we get the concern and thoughtfulness they had about death. Another aspect of death is that it has influenced the ethical attitude of human beings. The persons whom we venerate as Heroes, Saints or martyrs of science are examples.

Therefore, death does not have to be a catastrophic or destructive thing, indeed it can be viewed as one of the most constructive, positive and creative *element* of culture and life.


ഉദ്ഘാടകൻ
M.L.A. പി.രാജു
ഉദ്ഘാടനം
7.12 . 2000
സമയം : 12 .15 pm
ആദ്യ വിൽപന
വാണി വിശ്വനാഥ്
ശിൽപ
കളക്ഷൻസ് & ജുവൽ കളക്ഷൻസ്
പവിഴം ടവേഴ്സ്, മെയിൻ റോഡ്, എൻ. പറവൂർ.
ഫോൺ: 444961, റെസി.: 442262

# COLLEGE UNION 1999-2000



ആഷാ ജോസ്
വൈസ് ചെയർപേഴ്സൺ



ആൻസൻ ബെഹനാൻ
ജനറൽ സെക്രട്ടറി



ബിന്ദിയ ഇബ്രാഹിം
ചെയർപേഴ്സൺ



ഇസ്മയിൽ ടി.ഇ.
യു.യു.സി.



ഷാമോൻ പി.എസ്.
യു.യു.സി.



നോബി പി.ജെ
മാഗസിൻ എഡിറ്റർ



ജെയ്മോൻ പനക്കൽ
ആർട്ട്സ്ക്ലബ് സെക്രട്ടറി

# LADY REPRESENTATIVES



രഞ്ജിനികൃഷ്ണൻ



പ്രിയ വാസുദേവൻ

# CLASS REPRESENTATIVES



കൃഷ്ണപ്രസാദ്
ഒന്നാംവർഷപ്രീഡിഗ്രി

സന്തൂപ് ഫ്രാൻസിസ്
രണ്ടാംവർഷപ്രീഡിഗ്രി



നവാസ് കെ.എ.
ഒന്നാംവർഷഡിഗ്രി



സുദീപ് എബ്രഹാം
രണ്ടാംവർഷഡിഗ്രി



രൂപേഷ്കുമാർ സി.കെ.
മൂന്നാംവർഷഡിഗ്രി



സ്മിത കെ.എൻ.
ഒന്നാംവർഷ പി.ജി.



മഹേഷ് കെ.എ.
രണ്ടാംവർഷ പി.ജി.

# UNION NOMINEES



കെ.പി. ഉണ്ണികൃഷ്ണൻ
സ്റ്റാഫ് അഡ്വൈസർ



ജോജി എം. ഡാനിയേൽ
ജനറൽ ക്യാപ്റ്റൻ



സുനീഷ് വി.എൻ.
പിന്നോക്കവിഭാഗ പ്രതിനിധി



സമദ് എസ്.വി.
ഡിബേറ്റ്ക്ലബ് സെക്രട്ടറി



വിനോദ് റ്റി.യു
സിനിക്ലബ് സെക്രട്ടറി



ജ്യോതിഷ്
എസ്.എസ്.ലീഗ് സെക്രട്ടറി



അനു പോൾ
ക്വിസ്ക്ലബ് സെക്രട്ടറി



വിപിൻ ബാബു
പ്ലാനിങ്ഫോറം സെക്രട്ടറി



ശ്യാം ബാലകൃഷ്ണൻ
കാന്റീൻ സെക്രട്ടറി

# P.N.V.M. Hospital

**Banerji Road, Ernakulam. Tel : 390 097**

Fully equipped multispeciality hospital. First ever hospital in India to provide excellent medical care in Allopathic as well as in all major Alternative Systems of medicine (Ayurveda, Homoeopathy, Unani, Siddha, Acupuncture, Yoga Etc.) under one roof.

**Departments :**

**Medicine**
**Surgery**
**Gynaecology & Obstetrics**
**Cardiology**
**Paediatrics**
**Skin & V.D.**
**Psychiatry**
**Gastroenterology**
**Ophthalmology**
**E.N.T.**
**Dentistry**
**Orthopaedics**
**Sexual Medicine**
**Paediatric Surgery**
**Anaesthesiology**
**De-Addiction**

**Departments of Ayurveda**
**Homeopathy, Unani**
**Siddha, Acupuncture**
**Yoga, Medical-Hypnosis**
**Bio Electro - Magnetic Therapy**

**Facilities:**

- 300M, A X-ray
- Full fledged clinical laboratory providing computerised blood testing.
- Computerised Lung Function Tests
- Computerised E.C.G.
- Treadmill
- 24 hours Holter Monitoring
- Full fledged air conditioned operation theatre
- Well equipped and 24 hours functioning ICCU supported by well trained Nursing Staff and Cardiologist
- Premature Baby Incubator
- Short wave Diathenrny
- Mycrolytic therapy for pain relief
- Daily out patient treatment from 9 A.M. - 6 P.M.
- 24 hour Casualty Service.

# വിസ്മൃതിയിലേക്ക് ഒരു യാത്ര....

ടി.ഇ. ഇസ്മയിൽ
III ബി.എ. മലയാളം



ഈ കൊച്ചു കുടിലിൽ ഞാൻ ഒറ്റയ്ക്കാണ്. ജീർണ്ണിച്ച ഓലകൾക്കുള്ളിൽ നിന്നുള്ള സൂര്യരശ്മികൾ മാത്രമാണെന്റെ ചുറ്റും. സമയത്തെക്കുറിച്ച് സൂര്യരശ്മികളുടെ ചലനം എന്നെ അറിയിക്കുന്നു. എന്റെ കണ്ണുകൾ പുഴയിലെ വെള്ളിത്തിളക്കത്തിന്റെ നൃത്തം മാത്രമാണാസ്വദിക്കുന്നത്.

പുഴയുടെ സൗന്ദര്യം കണ്ട് സന്ധ്യയ്ക്ക് കണ്ണുകൾ തളരുമ്പോൾ ചിന്തകളുടെ കയത്തിൽ ഞാൻ മുങ്ങാംകുഴിയിടും. വർഷങ്ങൾക്കു മുമ്പു ഞാനൊരു കുട്ടിയായിരുന്നപ്പോൾ അമ്മയുടെ കൈവിരൽ തുമ്പുകളിൽ തൂങ്ങി ഈ കുടിലിലേക്ക് വന്നതോർത്തു. അമ്മയുടെ തലയിലെ വൈക്കോൽ ഭാരം താഴെ ഇറക്കി വയ്ക്കുന്നതും, അമ്മ തന്റെ കൈപിടിച്ച് അകത്തു കയറ്റുന്നതുമെല്ലാം മനസ്സിൽ ചലച്ചിത്രം കണക്കെ മിന്നിമറയുകയാണ്. ഭാരം ഇറക്കി വയ്ക്കുന്ന അമ്മയുടെ കണ്ണിൽ നിന്ന് തുള്ളികൾ ഉണങ്ങി ചുരുണ്ട വൈക്കോൽ കെട്ടിൽ വീഴുന്നതും അമ്മയുടെ ഉണങ്ങി വരണ്ട ചുണ്ടിൽ കണ്ണീർ തുള്ളികൾ ആവിയാവുന്നതും ശാസ്ത്ര നിരീക്ഷണ ബോധത്തോടെ ഞാൻ തിരിച്ചറിയാൻ ശ്രമിക്കുമായിരുന്നു. അമ്മയെ കുറിച്ചോർത്ത് പായക്കെട്ടിൽ കൂടുതൽ നിശ്ചലനായ് ഇരുന്നു.

എന്റെ യൗവനകാലത്തു ജോലിയൊന്നുമില്ലാതെ, മണ്ണ് മെഴുകിയ വരാന്തയിൽ ഞാനൊരു കൂട്ടുകാരനെ കാത്തു കിടന്നു. രാപകലുകൾ അവന്റെ കാലൊച്ചകൾക്കായി ഞാൻ കാതോർത്തുകൊണ്ടിരുന്നു. പുഴയരികിൽ നിന്ന് രണ്ട് മൂന്ന് കാലടികൾ വച്ചാൽ അവന് എന്റെയടുക്കലെത്താൻ കഴിയും. കാലൊച്ചകൾക്കു മുമ്പുള്ള ഓളത്തിന്റെ വേഗതയും പലപ്പോഴായ് ഞാൻ ആഗ്രഹിച്ചിരുന്നു. വിസ്മൃതിയിലാണ്ടുപോയ ഒരു ഉത്സവമായിരുന്നു എന്റെ ജീവിതമെന്ന് അപ്പോഴൊക്കെ ഞാൻ സ്വപ്നം കാണുക പതിവായിരുന്നു. പ്രഭാഷണങ്ങളും നൃത്തങ്ങളും പഞ്ചവാദ്യങ്ങളും അനേകം ശബ്ദങ്ങളും ആ സ്വപ്നഭൂമിയിൽ എനിക്കു കൂട്ടുണ്ടായിരുന്നു. യൗവനം സന്തോഷപ്രദമാകുന്നതിനുള്ള മദ്യശാലകളും മറ്റും അവിടെയുണ്ടായിരുന്നു. യുവാക്കളുടെ ആഹ്ലാദത്തിന്റെ അളവ് അന്നാണ് ഞാൻ തിട്ടപ്പെടുത്തിയത്. ഞാനൊരിക്കൽ അവിടെ പോകുമെന്ന് സ്വപ്നം കണ്ടിരുന്നു. ഓരോ വർഷവും,

എന്റെ ആഗ്രഹം മുടക്കി എന്നെ പങ്കുകൊള്ളിക്കാതെ അവ കടന്നുപോയി. ഏതോ യാത്രയിൽ കാറ്റടിച്ച് പറന്നു പോയ ബസ്സ് ടിക്കറ്റ് എന്നെ ഇപ്പോഴും വ്യാകുലപ്പെടുത്തുന്നു. ചെക്കിങ് ഇൻസ്പെക്ടറുടെ വരവിൽ എന്റെ നെഞ്ചിടിപ്പ് വർദ്ധിക്കുമ്പോൾ സത്യം തുറന്നു പറയാം എന്ന് ഞാൻ കരുതും. പിന്നീട് കരുതി വച്ചത് പറയുവാനാകാതെ ഞാൻ സ്വയം കള്ളനാകും.

പാതിരാത്രികളിൽ ബസ്സ് ടിക്കറ്റിന്റെ രൂപം മനസ്സിൽ തെളിഞ്ഞ് ഞാൻ ഞെട്ടിയുണരുന്നു. പിന്നെ എനിയ്ക്ക് ഉറക്കം വരില്ല. പുറത്തെ ഇരുട്ടിലേക്ക് കണ്ണു തുറക്കുമ്പോൾ പുഴ ഒരു പ്രത്യാശയും ആശ്വാസവുമായ് അനുഭവപ്പെടും. പ്രത്യാശയും ആശ്വാസവും മനസ്സിൽ വാരിനിറച്ച് നേരം വെളുക്കുന്നതുവരെ ഞാൻ ശ്രദ്ധിച്ച് തുടരും.

ഈ കുടിലിലേക്ക് എന്നെ അന്വേഷിച്ച് വരാനായി ആരുമില്ല. എങ്കിലും ബസ്സ് ടിക്കറ്റ് എന്റെ മനസ്സിൽ രൂപപ്പെടുന്നത് ഞാനറിയുന്നു. കറുപ്പും മഞ്ഞയും കലർന്ന ടിക്കറ്റിന്റെ കുറ്റൻ രൂപം മനസ്സിന്റെ വലുപ്പവും കടന്ന് വികസിക്കുകയും, ഓളങ്ങളുടെ വളകിലുക്കത്തിനനുസരിച്ച് ചുരുങ്ങുകയും ചെയ്തു. ചെറുവഞ്ചിയിൽ ആ ടിക്കറ്റ് തൊഴക്കാരനില്ലാതെ എന്നിലേക്കടുക്കുകയാണ്. എന്നിലേക്കടുക്കുന്തോറും ടിക്കറ്റ് ഒരു ശവപ്പെട്ടിയുടെ രൂപം കൈക്കൊണ്ടത് ഞാനറിയുന്നു. തുറക്കുവാനോ അടക്കുവാനോ കഴിയാത്ത ഒരു ശവപ്പെട്ടിയാണ് എന്റെ മനസ്സിൽ രൂപപ്പെടുന്നത്.

ആരെങ്കിലും കടന്നുവരുമെന്ന നേരിയൊരു പ്രതീക്ഷയോടെ ഞാൻ കാത്തിരിക്കുകയാണ്. മണിക്കൂറുകളും ദിവസങ്ങളും വർഷങ്ങളും കടന്നു പോകുന്നത് ഞാനറിയുന്നില്ല. എന്റെ ബസ്സ് ടിക്കറ്റ് പുഴയരികിൽ അടുക്കും. ഇരുട്ടുള്ള പശ്ചാത്തലത്തിൽ, പുഴയിൽ നിന്ന് അപ്രതീക്ഷിതമായുള്ള ഒരു തിളക്കം അഗാധമായ വിസ്മൃതിയിൽ നിന്നെന്നെയുണർത്തും. ആംബുലൻസുകളുടെ മുകളിൽ ഘടിപ്പിക്കാറുള്ള ചലിക്കുന്ന ഒരു ചുവന്ന പ്രകാശമാണ് എന്റെ മനസ്സു നിറയെ. ഞാൻ കാണുന്നതുമതു തന്നെ. ക്രമേണ മഞ്ഞ ആ പ്രകാശവും ഇരുട്ടിലേക്ക് പറ്റിച്ചേർന്ന് ഇല്ലാതാകുന്നു.

കൈപ്പത്തിയും വിരലുകളും കാണാറാകുന്നു. ആ വിരലുകൾക്കുള്ളിൽ ക്രമേണ ഒരു ചായയോ സിഗരറ്റോ തെളിഞ്ഞു വരും. ഞാൻ ആദ്യം ചായ വാങ്ങിക്കഴിക്കും. സിഗരറ്റ് വലിക്കും. ഉയിർപ്പിന്റെ ആനന്ദത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുന്ന ആ കൈ നീട്ടിതരുന്ന ചായയ്ക്ക് എപ്പോഴും ദുഃഖത്തിന്റെ ചവർപ്പാണ്. കടുത്ത കയ്പ്പാണ്. സിഗരറ്റു വലിക്കുമ്പോൾ ദുഃഖത്തിന്റെ സുഗന്ധവും പ്രാണന്റെ നഷ്ടവും ആസ്വദിക്കുന്നു. എങ്കിലും ഒരു ചായയും ഒരു സിഗരറ്റും പൂർണ്ണമായി ആസ്വദിക്കാനെനിക്കായിട്ടില്ല. എന്നും ഞാനങ്ങിനെയായിരുന്നു. ആഹ്ലാദത്തോടെ ഒരു യാത്ര പുറപ്പെട്ട് ഇയ്ക്കുവെച്ച് ഞാൻ മടങ്ങി.

എന്റെ സ്നേഹിതനെ കാത്തിരിക്കുകയാണ് ഞാൻ. എന്റെ മനസ്സിൽ ആകാംക്ഷയും ആഹ്ലാദവും തമ്മിലടിക്കുകയാണ്. അതിന്റെ സ്പന്ദനം ക്രമേണ ഇല്ലാതാവുകയും പുഴയരികിൽ ചെറുവഞ്ചി പ്രത്യക്ഷപ്പെടുകയും ചെയ്തു. സ്പന്ദനത്തിന്റെ വേഗതയ്ക്കനുസരിച്ച് ഓളങ്ങൾ ഒന്നൊന്നായി എന്നിൽ നിന്നകന്നു. പടിയിൽ ചവുട്ടി നിന്ന് കൂടുതൽ വേഗത്തിൽ ഇടംവലം തിരിഞ്ഞ് ആഹ്ലാദിക്കുന്നു. ഓളങ്ങളുടെ വേഗതയിൽ പുഴ മണൽ തിട്ടകളെ കൂടുതൽ കൂടുതൽ ആലിംഗനം ചെയ്യുകയാണ്. മരണം മണം പിടിക്കുന്ന പുഴയുടെ ശബ്ദത്തിൽ അത് ഏറിയേറി വരികയാണ്. മരണം സ്വപ്നത്തിലെന്നപോലെ കുലുങ്ങി ചിരിക്കുകയാണ്.

ചെറുവഞ്ചികൾ കരയിലടുക്കുമ്പോഴൊക്കെ അതിന്റെ ശൂന്യഗർഭത്തിലേക്ക് തലയുയർത്തി നോക്കുക പതിവാണ്. അതിൽ ആരുമുണ്ടാവില്ല. ശൂന്യതയുടെ തിരിച്ചറിയാനാകാത്ത ഗന്ധം എന്റെ മൂക്കു പൊത്തിക്കുന്നു. ഞാൻ തിരിച്ചു തലതാഴ്ത്തുമ്പോൾ അതിനുള്ളിൽ നിന്ന് മരണം അദൃശ്യനായി പുറത്തിറങ്ങി. നീണ്ട കാലടികൾ അളന്നുവെച്ച്, കൈകൾ വീശി, പുഞ്ചിരിച്ചും പുഞ്ചിരിക്കു പിന്നിലെ നിഗൂഢത നെറ്റിയിൽ തെളിയിച്ചും എനിയ്ക്കനുഭവമായി ഇരിപ്പുറപ്പിക്കും. എന്നോട് തന്റെകൂടെ ചെല്ലണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കും. ഒരു തണുപ്പ് എന്നെ വിറപ്പിയ്ക്കും. ഈ ഭൂമി എനിയ്ക്കുവേണ്ടി മാത്രം നിശബ്ദമാകും. നാവ് ചലിപ്പിക്കാനുള്ള ശക്തിയും നശിപ്പിക്കും. ജലമർമ്മരം കേട്ട് തലയുയർത്തുമ്പോൾ ഒരു ചായയുമായ് ആ കൈ പുറത്തേക്ക് നീണ്ട് വരികയായി. ഞാനതു വാങ്ങി മരണത്തിന്റെ കൈകളിലേൽപ്പിക്കുന്നു. മരണം എന്നെ നോക്കി അത് മൊത്തിക്കുടിക്കുന്നു. പിന്നീട് മരണത്തിന്റെ വിരലുകൾ എന്നിലേക്കടുക്കുന്നു. മനസ്സിൽ രൂപപ്പെടുന്ന കപട സൗഹൃദത്താൽ ഞാൻ മരണത്തെ വെറുക്കും. എന്റെ വിശന്നു മടുത്ത വയറ്റിൽ അമരുന്ന വിരലുകൾ ഞാനറിയാതെ പിൻവലിഞ്ഞു. വിശന്നു മരിച്ച എന്റെ അമ്മയുടെ മരണത്തിന്റെ വേഗത ഞാൻ തിരിച്ചറിഞ്ഞ് തുടങ്ങിയപ്പോഴേക്കും മരണം തിരിച്ചു നടക്കുകയാണ്.

അത് അല്പാല്പം അകന്നകന്നില്ലാതാകുന്നു. എന്റെ ശരീരം നനഞ്ഞു തുടങ്ങുന്നു. ഞാൻ ഭൂമിയിൽ നിന്നുയർന്നു. എന്റെ ബസ്സ് ടിക്കറ്റും ചെറുവഞ്ചിയുമെല്ലാം ഇപ്പോൾ ഒന്നാവുകയാണ്. പ്രളയത്തിന്റെ ശക്തിയിൽ ഞങ്ങളെല്ലാം അടിഞ്ഞു കൂടുകയാണ്. കണ്ണിൽ ഇരുട്ടു കയറുകയാണ്. പുഴക്കടിയിൽ, ആഴങ്ങളിൽ മണൽ പരപ്പിൽ ചെറുവഞ്ചി, ബസ്സ് ടിക്കറ്റ്, ശവപ്പെട്ടി, അതിനുള്ളിലെ ദാഹമില്ലാതെ ഞാൻ, നനവിൽ കുതിർന്ന ദാരത്തിലൂടെ ഞാൻ എന്റെ മരണത്തെ വിളിച്ചു. ആഴത്തിൽ ഞങ്ങൾ പരസ്പരം കൈകോർത്തുപിടിക്കാൻ ശ്രമിച്ചു. പുഴ കറുത്തു. കറുത്ത പുഴയിൽ ഇരുണ്ട ഞങ്ങൾ തിരിച്ചറിയപ്പെടുന്നില്ല. അപരിചിതമായ കാഴ്ചകൾ പിന്നിടുമ്പോഴും ഇരുട്ടു പെരുകുന്നു. അമ്മയോടും മറ്റനേകം ജീവജാലങ്ങളോടുമൊപ്പം മരിച്ചവരുടെ അനേകം സന്തോഷങ്ങൾക്കുള്ളിൽ ഞങ്ങൾ ലയിച്ചമർന്നു. ഒരു തണുത്ത നിശബ്ദത ഞങ്ങളെ ചുറ്റി കെട്ടി.

# The Genesis and Possible Solutions of the Kashmir Problem

*Rajeswari N.*
Ist M.A. English

"If there is a paradise on earth, it is here, here, here." The land of snow clad mountains, of silver cascades ,of saffron flowers which had tourists flocking in is now the abode of militants and terrorists. Days and nights echo the terrifying sound of guns & grenades that menacingly break the ghostly silence. That the Kashmir issue was and still is the major problem of that independent India has to face needs no second thought. The far reaching effects of these sporadic upheavals on the internal and external affairs of the country speaks for the magnitude of the problem.

It all started with the "two nation theory", a progeny of Britains "divide and rule", matured and propagated by Mohammed Ali Jinnah. With the paramountcy of the British Raj coming to an end at the midnight of August 15, 1947 all the 565 princely states acceded to India with the exception of Hyderabad, Jumagadh and Kashmir. The Raja of Kashmir, wanting to retain the autonomy of the state

Which neither Pakistan nor Lord Mountbatten applauded seesawed over the issue of joining either India or Pakistan. Though Sardar Vallabhai Patel was not averse to Kashmir joining Pakistan, Nehru was bent on Kashmir's accession to India.

Pakistan invaded Kashmir on October 10,1947 and as the troops destroyed the Mohore power house, sinking the whole of Kashmir into darkness, the Maharaja appealed to India for military help.



In doing so he signed the agreement proclaiming Kashmir's accession to India on October 25, 1947. Immediately Indian forces were deployed in Kashmir and the aggressors pushed back . Instead of allowing the defence forces to complete their job, the then Prime Minister and eminent statesman Pandit Nehru took the issue to the UN Security Council on January 1,1948, seemingly a gentlemans decision but the biggest diplomatic folly on India's part. The complaint was lodged under the UN Charter, Chapter VI, section 35 which empowered the Security Council to make suggestions but prevented it from taking any punitive measures against the member nations. India's stand that a plebiscite be conducted under the jurisdiction of the UN amounted to admitting that the instrument of accession formulated was temporary. The UN Security Council called for a cease-fire agreement which contained the following proposals-

1. The accession of Jammu & Kashmir will be decided by an unbiased plebiscite

2. India and Pakistan will have to withdraw their forces from their respective areas

3. The plebiscite will be presided over by an eminent leader deputed by the UN Secretary General

4. All those who fled their lands during the calamity should be given the right to vote

5. The administrator of the plebiscite will be assisted by the UNCIP and should submit the report to the UN.

Though India agreed to the ceasefire further deliberations proved futile as Pakistan dilly-dallied over the issue of withdrawing their forces, signalling their unwillingness for the plebiscite which would have been at that time in India's favour. By not withdrawing their forces Pakistan was really buying time to manipulate the then existing atmosphere. The report submitted by the then President of the Security Council, Mr.Machnaten indicated the partisan attitude of the west towards Pakistan. At this juncture, Sheik Abdulla, Nehru's confidant and leader of the National Conference drafted a constitution for Kashmir in accordance with India's constitution. But the intransigent attitude of America and Britain against the newly drafted constitution compounded the situation as they passed a resolution Vis-a-Vis India. The land reforms and the revenue system coupled with the inborn hatred Sheik had against the Hindus irked the Dogras and the Maharaja which turned the tables against him Revolts and communal riots sprang up in various states. Sheik started making public demonstrations demanding autonomy for Kashmir, warning India of its big brother attitude - a wedge started appearing between Nehru and Sheik. The death of Shyamaprasad Mookerji under house arrest in Kashmir raised political cacophony even within the National Conference. Nehru was coaxed into ordering Sheik's dismissal and arrest.

Pakistan's alignment with the CENTO and SEATO strengthened Soviet Union's ties with India. With Krushchev candidly criticising Pakistan's Indian emissary at the UN, V.K. Krishnamenon made no effort to hide India's resolve in absorbing Kashmir. His eleven hour eloquence found no buyers in the Security Council. The Chinese war and the Hazratbal incidents of the 60's demoralised Nehru. The intimate blow came in the form of Nehru's death on the eve of his meeting with his Pakistani counterpart . His successor Lal Bahadur Sastri had neither the resolve nor the power to tackle the issue. India's attempt to solve the issue was finally sealed, when Pakistan started stepping up its militancy and terrorism in new avenues like the Rann of Kutch. The war of 1971 which resulted in the creation of Bangladesh made Pakistan lick its own dust. With an ashamed face and a wounded heart Zulfikar Ali Bhutto and Mrs. Indira Gandhi sat down to sign the Shimla accord on July 3, 1972. Though some deliberations were made it didn't materialise as Shaik Abdulla passed away on Sep.8, 1982.

On Sep.7, 1982 Dr.Farooq Abdulla was sworn in as Kashmir's new chief minister. Reports that the militancy in Punjab had the clandestine support of Farooq Abdulla distanced him from Mrs. Gandhi .Those painful days in Punjab and the Blue Star operation culminated in the assassination of Mrs. Gandhi. Though politically inexperienced, her son Rajiv Gandhi shared a good rapport with Farooq Abdulla . The abduction of

Ms.Rubaiya Saeed, daughter of Mufti Mohammed Saeed, the Cherare-E-Sherif incident coupled with the provocative actions of the border security forces shadowed India's claim of being a secular, civilized nation. The instability of the future governments, back to back elections and the political stalemate emboldened Pakistan to heighten its militancy and cross - border terrorism.

Pakistan is a country fed by fundamentalism, fanaticism and bigotry. Besides its rabid communalism and hatred towards India there is absolutely nothing that holds them together. To say that Kashmir should belong to Pakistan, for majority of the people are Muslims, is absurd. A secular, pluralistic country like India which has housed various religions and languages does not subscribe to this stand. The super powers, especially America and Britain engaged in nitpicking India have so far turned a deaf ear to our winnings. Our studied restraint stems from the humanitarian values that have been inculcated in us. But we do not have limitless patience - barbarism and civilization cannot co-exist.

Pakistan and its fanatic outfits like the Taliban, Hisbul-Mujahideen and Laskai-E-Taiba have been spitting communal fire throughout the world. Chechnia and Dagistan tear ample testimony to this. Two years of war with Chechnia earned Boris Yelstin nothing but the loss of 80,000 lives. Now the Chechnia terrorist, Shamil Basayor is engaged in declaring Dagistan and independent republic. This communal virus nurtured by these nations is eating into the whole of the universe. Pakistan is the satellite station for the Middle East and Asia for executing and maneuvering the policy dictated by vested interests. In return she is getting enormous military and financial aid that prompts her to neglect any agreement with anybody. Pakistan's action is beyond estimation and hence no prediction is possible. One cannot take Pakistan into confidence for any trusted co-operation. Pakistan always is a self and co-existing with any other social system is just not possible.

To be frank, there has been flaws and follies from our part. India's failure highlights our incapability in reading the minds of the Kashmiris-the real scapegoats who have been made to run from pillar to post. It is not easy to win one's trust but it is equally difficult to maintain it. That's what we have been witnessing right from 1947. Military disputes are bound to create calamity culminating in instability. The best solution seems to be in adopting a give and take policy so as to stop the problem for once and all.

India should start with an all party meeting whereby a task force group is formed with adequate representation from all the parties. This group should be the cream of the experts of policy and diplomacy. A guideline should be drawn up indicating the extent to which we can compromise. For example, we can think of making the present line of control the international border. The guide line should also indicate a way for stopping terrorism and militancy and any possible violation should be made punishable under the UN guidance, The action plan formulated by the task force should be discussed at length and once a consensus is arrived there should be no mud slinging between the parties. The feasibility of this task depends on Pakistan withdrawing the Mujahideens engaged in the "holy war". To bank fully on America will be foolish for it will never go beyond a certain extent in forcing its ally, Pakistan. The moment India stirs up her forces the western dial will tilt towards the opposite pole. Much depends on our will and our determination to cajole the world nations in our favour.

Neither India nor Pakistan wants a full scale war. Kashmir issue is an induced cancer on our body and it has to be terminated before secondaries start developing. India knows how to transform tragedy in to triumph. We might not have a Gandhiji to heal our wounds but his principles and sermons still bind us together. Recalling the lines of Rabindranath Tagore, the founder of Shanthi Nikethan:

"Where the mind is without fear and the head is held high; where knowledge is free;

where the world has not been broken up into fragments by narrow domestic walls;

Where words come out from the depth of truth into that heaven of freedom, My Father let my country awake!".

# CHAINED CELEBRATIONS

Chained is the elephant
Dressed in festive splendour
Decked in colours and majesty
Before the flickering flames
For all the Gods to see.
They watch - the wide-eyed crowd,
Star-struck as the sky.
Move their lips in drunkenness
To the play of drums, beat after
Beat till the ears bear life
For the first fantastic moment
And all other fancies turn dull,
Unknown, undesirable like the sounds
Of chains from between grey, wrinkled
Feet and flapping ears that crave
For forest music,
Or a stream in symphony,
Or a silent bird. Hardly hear
The sounds of splashing tears
Loud sadness of a beast
Futile in the wilderness of festivity

*Neelima Ravi Kumar*
III BA, English

# ഇന്ത്യയും പുതു സഹസ്രാബ്ദവും

ജി. മാധവൻകുട്ടി
II ബി.എ. ഇക്കണോമിക്സ്

ഭൂതകാലം ഭാവിയിലേക്കു വിരൽ ചൂണ്ടുന്നുണ്ടെങ്കിൽ; തികഞ്ഞ ശുഭാപ്തി വിശ്വാസത്തോടെ നമുക്കു മുന്നോട്ടു കുതിക്കുവാൻ സാധിക്കും. ഭാരതത്തിന്റെ വർത്തമാനകാലം ഭൂതകാലത്തിന്റെ മൺപാത്രത്തിൽ മെനഞ്ഞെടുത്തതാകയാൽ, നമ്മുടെ ഭാവി ഇന്നത്തെ വീക്ഷണഗതിയുടേയും ചിന്താശൈലിയുടെയും അനന്തര ഫലമായിരിക്കും. ദീർഘവീക്ഷണമില്ലാത്തവർ നാശത്തിന്റെ പാത കൈവരിക്കുക തന്നെ ചെയ്യും. എന്നാൽ തികഞ്ഞ ലക്ഷ്യബോധത്തോടെ ലക്ഷ്യമാർഗ്ഗത്തിലേക്കു കുതിക്കുന്നവർ വിജയശ്രീലാളിതരാകുകയും ചെയ്യും. നമ്മൾ സാക്ഷ്യം വഹിച്ചതും, ഉടൻതന്നെ ചരിത്രത്തിന്റെ ഭാഗമാകുന്നതുമായ കഴിഞ്ഞ സഹസ്രാബ്ദം മേൽപ്പറഞ്ഞ സ്വഭാവമഹിമയുള്ള അനേകം ഭാരതീയർക്കു ജന്മം നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി, ജവാഹർലാൽ നെഹ്റു എന്നിവർ ജ്വലിച്ചു നിൽക്കുന്നവരാണ്. ഒരു രാഷ്ട്രത്തിന്റെ മഹത്വം അതിന്റെ ഭൗതിക സമ്പത്തിനുപരിയായി, മഹത്തായ പൈതൃകത്തേയും സാംസ്കാരിക പാരമ്പര്യത്തേയും ഉയർത്തിപ്പിടിക്കുന്നതിലുള്ള ആത്മാർത്ഥതയിലാണ് അധിഷ്ഠിതമായിരിക്കുന്നത്.

ഇന്ത്യയെപ്പോലെ മതസഹിഷ്ണുത ഭൂമിയിൽ മറ്റെവിടെയാണുള്ളത്. ഹിന്ദുമതം, ബുദ്ധമതം, ഇസ്ലാം, ക്രിസ്തുമതം എന്നീ വിവിധ മതങ്ങളെ സ്വാംശീകരിക്കുവാനും നാനാത്വത്തിലും ഏകത്വം കൈവരിക്കുവാനും നമുക്കു സാധിച്ചിട്ടുണ്ട്. എന്തെങ്കിലും പാളിച്ചകൾ ഉണ്ടെങ്കിൽത്തന്നെ സർവ്വ മൂല്യങ്ങളും ശോഷിക്കുന്ന, അധഃപതിച്ച നമ്മുടെ രാഷ്ട്രീയ നായകന്മാർ തന്നെയാണ് കാരണം. പുത്തൻ സഹസ്രാബ്ദത്തിലേക്കു പ്രവേശിക്കുമ്പോൾ നാനാത്വത്തിൽ അധിഷ്ഠിതമായ നമ്മുടെ സമൂഹം മറ്റു രാജ്യങ്ങൾക്ക് ഒരു ഉത്തമ മാതൃകയായി തന്നെ അവശേഷിക്കുന്നതാണ്. ലോകത്തിന്റെ ഭൂരിഭാഗവും മതവിദ്വേഷവും യാഥാസ്ഥിതികത്വവുംകൊണ്ട് ഗ്രസിക്കപ്പെട്ടിരിക്കുന്ന ഈ സമയത്ത്, ഭാരതം മറ്റൊരു അത്ഭുതമായിത്തന്നെ അവശേഷിക്കും.

നമ്മുടെ രാഷ്ട്രീയ നായകൻമാരുടെ മൂല്യശോഷണത്തിനിടയിലും നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിക്ക് കോട്ടം സംഭവിച്ചിട്ടില്ലെന്നുള്ളത് അഭിമാനത്തിന് വക നല്കുന്നു. ഇന്ത്യയെപ്പോലെതന്നെ പാശ്ചാത്യാധിപത്യത്തിൽ കഴിഞ്ഞിരുന്ന ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളുടെ ഭൂപടം പരിശോധിച്ചാൽ സ്വാതന്ത്ര്യ ലബ്ധിക്കുശേഷം പല രാഷ്ട്രങ്ങളും സ്വേച്ഛാധിപത്യ മാർഗ്ഗമാണ് സ്വീകരിച്ചിരിക്കുന്നതെന്ന വസ്തുത മനസ്സിലാകും. പാക്കിസ്ഥാനും മ്യാന്മാറും പട്ടാള ഭരണത്തിൻ കീഴിലായിരുന്നു. ഇന്തോനേഷ്യയിൽ യഥാർത്ഥ ജനാധിപത്യം അടുത്ത കാലത്തു മാത്രമാണ് സഫലമായത്. എന്തെല്ലാം കുറ്റങ്ങളുണ്ടെങ്കിലും, ദൃഢതയും സ്ഥിരതയുമുള്ള ഒരു ജനാധിപത്യ രാഷ്ട്രമായി തന്നെ ഇന്ത്യ വളർന്നു കൊണ്ടിരിക്കുന്നു. നമ്മുടെ ജനാധിപത്യ വ്യവസ്ഥയുടെ ശക്തമായ അടിത്തറയാണ് ഇതിനു നിദാനം.

പല മേഖലകളിൽ ആധിപത്യം സ്ഥാപിക്കുന്നതിനും വികസിത രാഷ്ട്രങ്ങളുമായി കിടപിടിക്കുന്നതിനും നമ്മൾ ഏറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ മേഖലത്തിന്റെ സിംഹഭാഗവും കർമ്മവിമുഖരും ജനങ്ങളുടെ ആവശ്യങ്ങളോട് സഹാനുഭൂതിയില്ലാത്തവരുമായ ഒരു ഉദ്യോഗസ്ഥ വർഗ്ഗം വിഴുങ്ങുന്നു. സർക്കാർ കാര്യങ്ങൾ ഒച്ചിന്റെ വേഗതയിൽ മാത്രം നീങ്ങുകയും ചെയ്യുന്നു. ജനങ്ങളെ സേവിക്കേണ്ട ഒരു ഉദ്യോഗസ്ഥവർഗ്ഗം അഴിമതിക്കാരായ രാഷ്ട്രീയ നേതാക്ക

മാരുടെ പൂരകങ്ങളായി നിലകൊള്ളുന്ന ഒരവസ്ഥയാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. വികസനത്തിന്റെ പാതയിലേക്ക് നീങ്ങണമെങ്കിൽ അഴിമതിക്കാരുടെ നീരാളിക്കൈകൾ വെട്ടിമാറ്റിയേ മതിയാകൂ. തങ്ങളുടെ പ്രവൃത്തി മണ്ഡലത്തിൽ സർവ്വസ്വവും അർപ്പിക്കുന്നവരും തികഞ്ഞ ആത്മാർത്ഥതയുള്ളവരുമായ ഒരു ഉദ്യോഗസ്ഥ വലയത്തേയാണ് നമുക്കിന്നാവശ്യം.

'മാൽത്തൂസിയൻ ഭൂതം' എന്നറിയപ്പെടുന്ന ജനസംഖ്യാ വർദ്ധനയെ കണികണ്ടു കൊണ്ടായിരിക്കും പുത്തൻ സഹസ്രാബ്ദപ്പുലരിയുടെ ആവിർഭാവം. ഏറ്റവുമധികം ജനസംഖ്യ നിലവിലുള്ള രാഷ്ട്രമായ ചീനയേയും അത്ഭുതപ്പെടുത്തുംവണ്ണം ഭയാനകമായിരിക്കും ആ വിപത്ത്. പല സംസ്ഥാനങ്ങളും ഈ വിപത്തിനെ തടയുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കുടുംബാസൂത്രണം മുഖേനയും, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹികവും സാമ്പത്തികവുമായ മേഖലകൾ എന്നിവയിലും ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു സമയബന്ധിത പരിപാടി അത്യന്താപേക്ഷിതമാണ്. എല്ലാ സർക്കാർ വകുപ്പുകളേയും എല്ലാ ജനവിഭാഗങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സമഗ്രമായ സമീപനത്തിന്റെ ആവശ്യകതയിലേക്കാണ് സാഹചര്യങ്ങൾ വിരൽ ചൂണ്ടുന്നത്. എന്നാൽ ജനങ്ങളുടെ ആരോഗ്യ പരിപാലനവും അടിസ്ഥാന വൈദ്യസഹായത്തിന്റെ ലഭ്യതയും സുപ്രധാന ഘടകങ്ങളാണ്. അടിസ്ഥാന സൗകര്യമില്ലാത്ത ആശുപത്രികളും, നിസ്സാര കാരണങ്ങൾക്കുപോലും പണിമുടക്കുൾപ്പെടെയുള്ള സമര മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന ഡോക്ടർമാരും ഇപ്പോൾ സ്ഥിരം കാഴ്ചകളാണ്. വൃത്തിഹീനമായ പരിസരങ്ങളിലും ചേരികളിലും പാർക്കുന്ന ജനങ്ങൾക്ക് ആരോഗ്യം ഇപ്പോഴും ഒരു മരീചികയായി തന്നെ നിലകൊള്ളുന്നു. ഇത്തരം സാഹചര്യങ്ങളിൽ ആരോഗ്യ പരിപാലനത്തിന് അർഹിക്കുന്ന സ്ഥാനം ലഭിക്കുമോ എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

വികസന മാർഗ്ഗത്തിലേക്കു കുതിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം ഇന്നും നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. ശോചനീയമായ റോഡുകൾ, ഗുണമേന്മയില്ലാത്ത യാത്രാസംവിധാനം, വൈദ്യുതിയുടെ ദൗർലഭ്യം തുടങ്ങിയ പ്രശ്നങ്ങൾ നമ്മുടെ സമ്പദ്ഘടനയെ മാത്രമല്ല, ദൈനംദിന ജീവിതത്തേയും പ്രതികൂലമായി ബാധിച്ചു കൊണ്ടിരിക്കുകയാണ്. ഏതു പാർട്ടി ഭരണത്തിൽ വന്നാലും ഈ അവസ്ഥയ്ക്ക് പറയത്തക്ക മാറ്റമൊന്നും സംഭവിച്ചിട്ടില്ല എന്നത് പ്രസ്താവ്യമാണ്. മുംബെ, ചെന്നൈ, കൽക്കത്ത എന്നീ മഹാനഗരങ്ങളിലുള്ള വാഹനങ്ങളുടെ ആകെത്തുകയേക്കാൾ ദില്ലിയിലുണ്ടെന്നതാണ് വസ്തുത. ഏറ്റവുമധികം അപകടങ്ങൾ സൃഷ്ടിക്കുന്ന നഗരം എന്ന ഖ്യാതിയും ദില്ലി കൈവരിച്ചിട്ടുണ്ട്. അതേസമയം നമ്മൾ ഒഴുക്കിക്കളയുന്ന വിദേശനാണ്യത്തെപ്പറ്റി ചിന്തിക്കാതെ ബഹുരാഷ്ട്ര കമ്പനികളുടെ വാഹനങ്ങൾ നിർബാധം ഇറക്കുമതി ചെയ്യാനുതകും വിധമുള്ള നയങ്ങളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യലബ്ധിയുടെ അൻപതു വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞ അവസ്ഥയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കണ്ടില്ലെന്നു നടിക്കുന്നത് ദുഃഖകരമാണ്. പുതിയ സൗകര്യങ്ങളും പഴയവയുടെ നവീകരണവുമാണ് നമുക്കാവശ്യം. നീളത്തിലും വീതിയിലും രാജ്യത്താകമാനം വ്യാപിച്ചു കിടക്കുന്ന രാജവീഥികൾ മാത്രമല്ല, ഉൾപ്രദേശങ്ങളിൽ ഒതുങ്ങിക്കിടക്കുന്ന ഗ്രാമങ്ങളെ ഏറ്റവും സമീപത്തുള്ള ആശുപത്രിയിലേക്കോ ആരോഗ്യ സംരക്ഷണ കേന്ദ്രത്തിലേക്കോ ബന്ധിപ്പിക്കുന്ന ഗ്രാമീണ റോഡുകളും നമുക്കിന്നാവശ്യമാണ്.

ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലുള്ള നമ്മുടെ പുരോഗതി വിലയിരുത്തുമ്പോൾ വിവര സാങ്കേതിക വിദ്യയിലും, ബഹിരാകാശ ഗവേഷണത്തിലും മറ്റും നമ്മൾ ലോകരാഷ്ട്രങ്ങളുടെയിടയിൽ പ്രഥമഗണനീയമാണ്. വൻശക്തികളെപ്പോലും വെല്ലുന്ന പ്രതിരോധ ശക്തിയാണ് നമുക്കിന്നുള്ളത്. കയറ്റുമതിയിനത്തിൽ അൻപതു ശതമാനത്തിലധികം വരുമാന മാർഗ്ഗം കമ്പ്യൂട്ടർ വ്യവസായത്തിൽ നിന്നാണ്. നമ്മൾ അധികം പ്രാധാന്യം നൽകാത്ത വളരെയധികം വികസന സാദ്ധ്യതയുള്ള ഒന്നാണ് വിനോദ സഞ്ചാര മേഖല. വികസനത്തിനാവശ്യമായ വിദേശനാണ്യശേഖരണത്തിന് ഈ മേഖല അത്ഭുതാവഹമായ പങ്കാണ് വഹിക്കുന്നത്.

എന്നാൽ ഏതൊരു വികസന പദ്ധതിയുടേയും പരമമായ ലക്ഷ്യം ജനക്ഷേമം തന്നെയായിരിക്കണം. അടിസ്ഥാന സൗകര്യങ്ങൾ സുലഭമല്ലെങ്കിൽ ഏതൊരു വികസന പദ്ധതിയും അടിസ്ഥാന രഹിതമായിരിക്കും. നമ്മുടെ രാഷ്ട്രപിതാവ് പരാമർശിച്ചതുപോലെ ഏതൊരു വികസന പ്രക്രിയയ്ക്ക് തുനിയുമ്പോഴും അത് സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്നവർക്ക് ഫലപ്രദമോ എന്ന ചോദ്യം നാം നമ്മോടുതന്നെ ചോദിക്കേണ്ടതാണ്. 'മാനുഷിക മുഖമുള്ള വികസന മാതൃക' എന്നതായിരിക്കണം നമ്മുടെ മുദ്രാവാക്യം. അതോടൊപ്പം എല്ലാ ലോകരാഷ്ട്രങ്ങളോടും സൗഹാർദ്ദപരമായ ബന്ധം പുലർത്തുന്ന ഒരു വിദേശനയവും നമുക്കാവശ്യമാണ്. മേൽപ്രസ്താവിച്ച ലക്ഷ്യം സാധ്യമാക്കുന്നതിന് ബുദ്ധിക്ക് സ്ഥിരതയും മനസ്സിന് തെളിമയും, ദൃഢനിശ്ചയവും ഒത്തുചേർന്ന ഒരു നേതൃവൃന്ദത്തെയാണ് നമുക്കാവശ്യം. നെഹ്റു, ഗാന്ധി, ടാറ്റാ മുതലായവരുടെ പ്രവൃത്തിപഥം പിൻതുടരുന്ന, ഉത്കർഷേച്ഛുക്കളായ ഭാരതീയരെ വാർത്തെടുക്കുവാൻ ഈ പുത്തൻ സഹസ്രാബ്ദത്തിനു സാധിക്കട്ടെ എന്നു നമുക്കാശംസിക്കാം.



# ദർശനാന്തരം

അർത്ഥശങ്കകളിലന്തിയുറങ്ങിയും
അസ്പഷ്ടവാക്കുകളിലർത്ഥം കലങ്ങിയും,
ഒന്നു വിളങ്ങിയണഞ്ഞുപോം നാളങ്ങ-
ളക്ഷയജ്യോതിസ്സെന്നദ്ഭുതം കൂറിയും

നാലഞ്ചു പൂവുകൾ വാടാതെ നിൽക്കുകിൽ
നാളെയും പൂക്കാലമാണെന്നുറച്ചും
ഇത്തിരി വെട്ടത്തിനുള്ളിലെയൊച്ചകൾ
ശബ്ദപ്രപഞ്ചമായ് തെറ്റിദ്ധരിച്ചും

അൽപകർമ്മങ്ങളിലായുസ്സൊടുക്കിയോർ,
അർധ സത്യങ്ങളിൽ സാന്ത്വനം തേടിയോർ,
അർധ വാക്യങ്ങളിലൂഴം കെടുത്തിയോർ,
അർധ വൃത്തങ്ങളായ് മാറിക്കഴിഞ്ഞവർ.

*അനൂജ് എസ്.*
I ബി.എസ്.സി. കെമിസ്ട്രി

ET&T

ईटी एण्ड टी

(A. GOVT. OF INDIA ENTERPRISE)

കേന്ദ്രസർക്കാരിന്റെ ഇലക്ട്രോണിക്സ് വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇ.ടി.ആൻറ്.ടി (Electronic Trade and Technology Development Corporation) ഒരുമാസം മുതൽ മൂന്നുവർഷം വരെ ദൈർഘ്യമുള്ള വിവിധ കമ്പ്യൂട്ടർ കോഴ്സുകൾ ഇവിടെ നടത്തിവരുന്നു. പാഠ്യോപാധികൾ (Course Materials) ET&T തന്നെ വിതരണം ചെയ്യുന്നു. വിജയകരമായി പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ET&T Certificates നൽകുന്നതോടൊപ്പം Placement Assistance നൽകുന്നു. രാവിലെ 7 മണിമുതൽ വൈകിട്ട് 9 മണിവരെ രണ്ടു മണിക്കൂർ വീതം ദൈർഘ്യമുള്ള ക്ലാസുകൾ വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും സൗകര്യപ്രദമായ രീതിയിൽ ഞങ്ങളുടെ സ്ഥാപനത്തിൽ നടത്തിവരുന്നു.

# ET&T COMPUTER EDUCATION AND TRAINING CENTRE

(A Govt. of India Enterprise)

K.R. Vijayan Memorial Shopping Complex,
Old K.S.R.T.C. Stand, N. Paravur. Phone : 446968

***Come to our***

**IT WORK SHOP**

***and fine tune your future***

INDIAN ACADEMY OF COMPUTER TECHNOLOGY · IACT

# IACT

Centre for Quality Computer Education

K.R. Vijayan Memorial Shopping Complex,
Old K.S.R.T.C. Stand, N. Paravur.
Phone : 446968



# പ്രണയം, വിപ്ലവം, സ്വപ്നം, മരണം

തപിച്ചുനിറയാനും മറിയാനും കലങ്ങാനുമുള്ളതാണ്
ഏതനുരാഗവും.

നല്ല പ്രണയത്തിന് പ്രബലമായ സമരമെന്നാണർഥം.

ആഴത്തിൽ പച്ചയായി ആഴ്ന്നിറങ്ങുന്ന കാരിരുമ്പിൻ
മുനയായി...

ഇരിപ്പിലും നടപ്പിലും പൊറുതികെട്ട അല്ലലായി...
ഒറ്റക്കാഴ്ചയായി... പരസ്പരം ഉന്നമായി...

വൃക്ഷവും ശിഖരങ്ങളും മാഞ്ഞ് പക്ഷിമാത്രം ലക്ഷ്യമാകുന്ന
ഏകമനസ്സായി...

പ്രണയിക്ക് വിപ്ലവകാരിയുടെ മുഖമാണ്...

വിപ്ലവം ആകാശത്തോളം വലുതായ അനുരാഗമാണ്...

എല്ലാ പ്രണയങ്ങൾക്കും ഒഴുകിയെത്താൻ സ്വപ്നങ്ങളുടെ
ഒരു നദീതടമുണ്ട്...

അസാധ്യമായ പ്രണയത്തെ മരണം കൊണ്ട്
ധീരം സാധ്യമാക്കുന്ന രക്തസാക്ഷിയുടെ മുഖമുണ്ട്...
മനുഷ്യാനുഭവത്തിന്റെ മഹാതടങ്ങളിലൂടെ പ്രണയവും
വിപ്ലവവും സ്വപ്നവും മരണവും തേടിയൊരു യാത്ര...

# പ്രണയം

പ്രണയിക്കാൻ എനിക്ക് എന്നെ
മതിയാവുന്നില്ലെന്നും, എല്ലാ ആവിഷ്ക്കാരങ്ങളും
അപൂർണമാകുന്നുവെന്നും, ഏതോ
പരിപൂർണതയിലേക്ക് ഞാൻ നിന്നിലൂടെയും നീ
എന്നിലൂടെയും കുതറിക്കുതിച്ചു
കൊണ്ടിരിക്കുകയാണെന്നും, നീ വറ്റിപ്പോകാത്ത
നദിയാണെന്നും ഞാൻ കെട്ടുപോകാത്ത
തീയാണെന്നും ഒരു പ്രണയി
പ്രഖ്യാപിക്കുന്നിടത്താണ് പ്രണയം അതിന്റെ
ഉത്സവം ആഘോഷിക്കുന്നത്.

പരസ്പരം മുഖം കൊടുക്കുമ്പോൾ ദർപ്പണമാണ്
പ്രണയികൾ. ദർപ്പണത്തിൽ കാണുന്നതാകട്ടെ
അനന്തതയും. കൂട്ടമായി ആലപിച്ചും നൃത്തം
ചെയ്തും ആനന്ദിക്കുക. പക്ഷെ, ഓരോരുത്തരും
ഏകാന്തരാണ്. വീണയുടെ തന്ത്രികൾ പോലെ. ഒരു
മഹാനാദത്തിലേക്ക് അവ തനിച്ചുണരുന്നു.



## പ്രണയം

കന്യകേ നിന്റെ കണ്ണുകളിൽ നിന്നാണ് അറിവിന്റെ
ആദ്യത്തെ കിരണം എന്റെ ഹൃദയത്തെ ചുംബിച്ചത്
അന്നെഴുതല്ല നിന്റെ സാന്നിധ്യത്തിൽ മറ്റു
പൂവങ്ങളെല്ലാം നിഷ്പ്രഭങ്ങളായി മാറുകയാണ്
ആ പൂവ് നീ എന്തു ചെയ്തു!

ഏതു പൂവ്?
ചെന്നക്ഷത്രം പോലെ കടും ചെമപ്പാർന്ന ആ പൂവ്!
ഓ അതോ?
അതെ അതെന്തു ചെയ്തു?
തിളക്കപ്പെട്ട നേത്രങ്ങളെന്തിനാണ്?
ചവിട്ടിയരച്ചു കളഞ്ഞോ എന്നറിയുവാൻ
കഴിഞ്ഞില്ലെന്നു!
ഓ...ഒന്നുമില്ല എന്റെ ഹൃദയമായിരുന്നത്.

[illegible]

# വിപ്ലവം

നിലംപതിക്കുന്ന ഓരോ പോരാളിക്കും
പകരം രാവണൻെറ ശിരസ്സുപോലെ,
പുതുതായി മറ്റൊരാൾ
ഉയിർത്തെഴുന്നേൽക്കുന്നുണ്ട്.
സമരത്തെ മുന്നോട്ടു നയിക്കുന്ന ഓരോ
ധീരയോദ്ധാവും, രാമബാണം പോലെ,
സഹസ്രങ്ങളായി പെരുകുന്നുമുണ്ട്.
വെയിൽ ചിന്നുന്നുണ്ട്, ഓർമകൾ
ഉണരുന്നുണ്ട്, കാക്കകൾ കരയുന്നുണ്ട്,
കാറ്റുവീശുന്നുണ്ട്, മരങ്ങൾ ഉലയുന്നുണ്ട്,
കാടിളകുന്നുണ്ട്, ചൂഷണം പെരുകുന്നുണ്ട്,
അതുകൊണ്ടുതന്നെ സമരം
തുടരുന്നുമുണ്ട്...



## വിപ്ലവം

# എൻെറ രാഷ്ട്രീയ കക്ഷിക്ക്...

അറിയപ്പെടാത്ത മനുഷ്യരുമായി
നീ എനിക്കു സാഹോദര്യം നൽകി.
ജീവിച്ചിരിക്കുന്ന എല്ലാറ്റിലുമുള്ള കരുത്തു മുഴുവൻ
നീ എനിക്കു നൽകി.
ഒരു പുതിയ ജൻമത്തിലെന്നപോലെ
എൻെറ രാജ്യം നീ എനിക്കു തിരിച്ചുനൽകി.
ഏകാകിയായ മനുഷ്യനു ലഭിക്കാത്ത സ്വാതന്ത്ര്യം
നീ എനിക്കു നൽകി.
എന്നിലെ കാരുണ്യവായ്പിനെ
ഒരഗ്നിയെപ്പോലെ ഉദ്ദീപ്തമാക്കാൻ
നീ എന്നെപഠിപ്പിച്ചു.
ഒരു വൃക്ഷത്തിനനിവാര്യമായ ഔന്നത്യം നീ
എനിക്കു തന്നു.
മനുഷ്യരുടെ ഏകത്വവും നാനാത്വവും ദർശിക്കുവാൻ
നീ എന്നെ പ്രാപ്തനാക്കി.
എല്ലാവരുടേയും വിജയത്തിൽ
എൻെറ വൈയക്തിക ദു:ഖങ്ങൾക്കു
മരണമടയാൻ കഴിയുന്നതെങ്ങിനെയെന്ന്
നീ എനിക്കു കാണിച്ചുതന്നു.
എൻെറ സഹോദരരുടെ കഠിനശയ്യയിൽ
വിശ്രമം കൊള്ളാൻ നീ എന്നെ പഠിപ്പിച്ചു.
ഒരു പാറമേലെന്നപോലെ യാഥാർത്ഥ്യത്തിന്മേൽ
നിർമ്മാണം നടത്തുവാൻ നീ എന്നെപ്രേരിപ്പിച്ചു.
മന്ദബുദ്ധിക്കു പ്രാകാരമെന്നപോലെ
ദുഷ്കർമ്മങ്ങൾക്ക് നീയെന്നെ ശത്രുവാക്കി.
ലോകത്തിൻെറ പ്രസന്നതയും സൗഖ്യത്തിൻെറ
സാധ്യതയും
കണ്ടെത്തുവാൻ നീ എന്നെ പഠിപ്പിച്ചു.
നീ എന്നെ അനശ്വരനാക്കി,
എന്തെന്നാൽ,
ഇനിമേൽ ഞാൻ എന്നിൽത്തന്നെ ഒടുങ്ങുന്നില്ല.

പാബ്ലോ നെരൂദ



# സ്വപ്നം

ഓരോ സ്വപ്നവും ഒരു വലിയ ലോകത്തെക്കുറിച്ചുള്ള പ്രതീക്ഷകളാണ്.

അടിച്ചമർത്തപ്പെട്ടവന്റെ സ്വത്വമോഹങ്ങൾക്ക് ധിഷണയും കർമവും കൊണ്ട് രക്തവർണം നൽകിയ മാർക്സ്...

റഷ്യൻ വിമോചനത്തിന്റെ മഹാസ്വപ്നങ്ങൾക്ക് കൊടുങ്കാറ്റിന്റെ തീഷ്ണത നൽകിയ വ്ലാദിമിർ ലെനിൻ...

നിഷേധിക്കപ്പെട്ടവന്റെ കറുത്ത സ്വപ്നങ്ങൾക്ക് ജീവരക്തം കൊണ്ട് വർണം പകർന്ന മാർട്ടിൻ ലൂഥർ കിങ്...

ഒരു വൻകരയുടെ സ്വാതന്ത്ര്യമോഹങ്ങൾക്ക് കൊഴിഞ്ഞുവീണ പല്ലുകൾ കൊണ്ട് ജീവൻകൊടുത്ത ഗാന്ധി...

സ്വപ്നങ്ങൾ അവസാനിക്കരുത്. ജീവിതമുള്ളകാലം അത് തുടരുക തന്നെ വേണം...



# സ്വപ്നം

".....I have a dream that one day this nation will rise up and live out the true meaning of its creed: "We hold these truths to be self-evident, that all men are created equal."

I have a dream that one day on the red hills of Georgia the sons of former slaves and the sons of former slave owners will be able to sit down together at the table of brotherhood.

I have a dream that one day even the state of Mississippi, a desert state sweltering with the heat of injustice and oppression, will be transformed into an oasis of freedom and justice.

I have a dream that my two little children will one day live in a nation where they will not be judged by the color of their skin but by the content of their character.

I have a dream today!

I have a dream that one day the state of Alabama, whose governor's lips are presently dripping with the words of interposition and nullification, will be transformed into a situation where little black boys and black girls will be able to join hands with little white boys and white girls and walk together as sisters and brothers.

I have a dream today!

I have a dream that one day every valley shall be exalted, and every hill and mountain shall be made low, the rough places will be made plains and the crooked places will be made straight, and the glory of the Lord shall be revealed and all reins shall see it together.

This is our hope. This is the faith with which I return to the South. With this faith we will be able to few out of the mountain of despair a stone of hope. With this faith we will be able to transform the jangling discords of our nation into a beautiful symphony of brotherhood. With this faith we will be able to work together, to pray together, to struggle together, to go to all together, to stand up for freedom together, knowing that we will be free one day. This will be the day when all of God's children will be able to sing with new meaning;

My country 'tis of thee',

Sweet land of liberty, of thee I sing:

Land where my fathers died,

Land of the Pilgrim's pride,

From every mountainside,

Let freedom ring!....."

Martin Luther King

# മരണം



"ആകാശത്തിന്റെ ആഴങ്ങളിൽ
നക്ഷത്രങ്ങൾ പ്രകാശിക്കുന്നുണ്ട്.
കടലിരമ്പുന്നുണ്ട്.
പൂക്കൾ വിടരുന്നുണ്ട്.
ഭൂമിവിട്ടുപോയെന്ന് ലോകം
പ്രഖ്യാപിച്ചവന്റെ കറുത്തചിരി
ഇപ്പോഴും ഉയരുന്നുണ്ട്."

# മരണം

## മണിനാദം

മണിമുഴക്കം! മരണദിനത്തിൻെറ
മണിമുഴക്കം മധുരം! – വരുന്നു ഞാൻ!
അനുനയിക്കുവാനെത്തുമെൻകൂട്ടരോ-
ടരുളിടട്ടെയെന്നന്ത്യയാത്രാമൊഴി:

മറവിതന്നിൽ മറഞ്ഞു മനസ്സാലെൻ-
മരണഭേരിയടിക്കും സഖാക്കളേ!
സഹതപിക്കാത്ത ലോകമേ!-യെന്തിലും
സഹകരിക്കുന്ന ശാരദാകാശമേ!
കവനലീലയിലെന്നുറ്റ തോഴരാം
കനകതൂലികേ! കാനനപ്രാന്തമേ!
മധുരമല്ലാത്തൊരെൻ മൗനഗാനത്തിൽ
മദതരളമാം മാമരക്കൂട്ടമേ!
പിരികയാണിതാ, ഞാനൊരധഃകൃതൻ
കരയുവാനായ്പ്പിറന്നൊരു കാമുകൻ!
മണലടിഞ്ഞു മയങ്ങിക്കിടക്കട്ടെ
പ്രണയമറ്റതാമീ മൺപ്രദീപകം!

അഴകൊഴുകുന്ന ജീവിതപ്പൂക്കളും,
വഴിയരികിലെ വിശ്രമത്താവളം,
കഴുകനിജ്ജഡം കാത്തു സൂക്ഷിക്കുന്ന
കഴുമരം! .. ഹാ, ഭ്രമിച്ചു ഞാൻ തെല്ലിട
അഴലിലാനന്ദലേശമിട്ടെപ്പൊഴും
മെഴുകി മോടികലർത്തുമീ മേടയിൽ
കഴലൊരല്പമുയർത്തിയൂന്നീടുകിൽ
വഴുതിവീഴാതിരിയ്ക്കില്ലൊരിക്കലും.

മലമുകളിലിഴഞ്ഞിഴഞ്ഞേറിടും
മഴമുകിലെന്നപോലെ ഞാനിത്രനാൾ
സുഖദസുന്ദരസ്വപ്നശതങ്ങൾ തൻ
സുലളിതാനന്ദഗാനനിമഗ്നനായ്
പ്രതിനിമിഷം നിറഞ്ഞു തുളുമ്പിടും
പ്രണയമാധ്വീലഹരിയിൽ ലീനനായ്
സ്വജനവേഷം ചമഞ്ഞവരേകിടും
സുമമനോഹരസുസ്മിതാകൃഷ്ടനായ്
അടിയുറയ്ക്കാതെ മേല്പോട്ടുയർന്നു പോ-
യലകടലിൻെറയാഴമളക്കുവാൻ!
മിഴി തുറന്നൊന്നു നോക്കവേ, കാരിരു-
മ്പഴികൾ തട്ടിത്തഴമ്പിച്ചതാണു ഞാൻ!
തടവെഴാപ്രേമദാരിദ്ര്യബാധയാൽ
തടവുകാരനായ്ത്തീർന്നവനാണു ഞാൻ!
കുടിലു കൊട്ടാരമാകാനുയരുന്നു;
കടലിരന്നുന്നു കൈത്തോട്ടിലെത്തുവാൻ;
പ്രണയമൊന്നിച്ചിണക്കാനൊരുങ്ങിയാ-
ലണിമുറിക്കാനിരുളുമണഞ്ഞിടും!

മണിമുഴക്കം! മരണദിനത്തിൻെറ
മണിമുഴക്കം മധുരം! – വരുന്നു ഞാൻ!
ചിരികൾതോറുമെൻ പട്ടടത്തീപ്പൊരി
ചിതറിടുന്നോരരങ്ങത്തുനിന്നിനി,
വിടതരൂ, മതി പോകട്ടെ ഞാനുമെൻ-
നടനവിദ്യയും മൂകസംഗീതവും! ....

ഇടപ്പിള്ളി രാഘവപ്പിള്ള

(സമ്പാദകർ: മാഗസിൻ കമ്മിറ്റി)

ഒരു മണിക്കൂർ കൊണ്ട് ഒരേക്കർ...

...കൊയ്യാം, മെതിക്കാം, നെന്മണികൾ ചാക്കിലുമാക്കാം! വേണ്ടത് ഒരു കാംകോ കുബോട്ട കംബയിൻ ഹാർവസ്റ്ററും, ഒരു ഓപ്പറേറ്ററും, ഹെൽപ്പറും മാത്രം.



കാംകോ കുബോട്ട കംബയിൻ ഹാർവസ്റ്റർ

മറ്റ് സവിശേഷതകൾ

കാർഷിക യന്ത്രവൽക്കരണത്തിന്റെ സാക്ഷാത്കാരം. കാംകോയുടെ ഉഴവ്, നടീൽ, കൊയ്ത്ത്-മെതി യന്ത്രങ്ങളിലൂടെ.

KAMCO

Kerala agro machinery corporation ltd.,
(A Government of Kerala Undertaking)
Regd. Office : Athani - 683 585, Ernakulam Dist., Kerala State
Telephone : 0484 474301 (5 lines), Fax: 0484 474589
E-mail: kamco@satyam.net.in Visit us at: www.kamcoindia.com

A BOON FOR THE FARMER. A GAIN FOR THE NATION

trishna/kamco/276/2000



*Superior quality wood products.*
*Commitment to delivery schedules.*
*Prompt after - Sales - Services*
*or in one word,* **FIT**

**Products & Services offered by FIT**

**• Superior quality wooden furniture • Doors, Windows & Ventilators • Interior Design & Decoration • Chemical Treatment & Seasoning of Soft Timber**

**FOREST INDUSTRIES (TRAVANCORE) LIMITED**
(A Kerala Government Company)
Aluva - 683 106, Kerala. Phone : 0484-623641, 623642.
Fax : 0484-623643. E-mail: fit@satyam.net.in

FIT - *Artistry in wood since 1946. Now total service in furnishing.*

# FRANZ KAFKA'S "DIE MAUS"

### Franz Kafka (1883-1924)

He was a German writer who made a significant contribution to existentialist literature. Existentialism is the belief that "man is alone in a godless universe" and thus existentialist literary works abound in characters leading an absurd existence. Kafka's strength lies in his forceful characterization which serves as an excellent breeding ground for interpretations.

### Translation of the short story "Die Maus" from German

"Ah", said the mouse, "The world is getting narrower day by day. At first, it was so broad that I was afraid. I would run further and further and was happy that I finally saw walls in the distance, but these walls are coming close to each other so fast that I am already in the last room and there in the corner stands the trap into which I am running."

" You just have to change the direction", said the cat and ate it.

### Interpretation

The confusion of the mouse is brought out in the contents of its dialogue, as well as the manner of its rendering. One may note that the mouse utters its entire dialogue at a single stretch. The mouse in the story probably represents the common people who are thoroughly confused in this complex world. Just as the mouse is conscious of the trap, mankind is aware of its pathetic condition. The cat makes a short, but significant appearance at the end of the story. The cat can be given a number of interpretations. It can practically stand for anything that poses to give the mouse counsel or comfort, but actually leads to its destruction and the never- ceasing growth of the cat.

The cat might be the embodiment of the evil desires in the human mind. Even though these desires seem to direct us to bliss, they actually eat us up before we are aware of it. The cat can also very well stand for the majority of leaders in our society. They exploit the vulnerability of the mouse for their own vested interests, even though they claim to direct it towards an ameliorated condition.

The cat may also suggest the various advertisements in our consumer society. Taking advantage of the lack of direction that the mouse suffers from, the cat directs the mouse into itself.

Whatever the cat may stand for, it DOES EXIST and is a serious threat to the mouse. So mice, beware of cats of all shapes, sizes and colours!

*George Thomas Payyappilly*
II BA English

# കോളേജ് യൂണിയൻ റിപ്പോർട്ട് 1999-2000

1999 സെപ്റ്റംബർ 24-ാം തീയതി നടന്ന കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ വിവിധ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികൾ.

| | | |
|---|---|---|
| 1. ചെയർ പേഴ്സൺ | - | ബിന്ദിയ ഇബ്രാഹിം |
| 2. വൈ. ചെയർ പേഴ്സൺ | - | ആഷാ ജോസ് |
| 3. ജനറൽ സെക്രട്ടറി | - | ആൻസൻ ബഹനാൻ |
| 4. ആർട്ട്സ് ക്ലബ് സെക്രട്ടറി | - | ജെയ്മോൻ പനക്കൽ |
| 5. യൂണി. യൂണി. കൗൺസിലേഴ്സ് | - | ഷാമോൻ പി.എസ്. |
| | | ഇസ്മയിൽ ടി.ഇ. |
| 6. മാഗസിൻ എഡിറ്റർ | - | നോബി പി.ജെ. |
| 7. വനിതാ പ്രതിനിധി | - | രഞ്ജിനി കൃഷ്ണൻ |
| 8. വനിതാ പ്രതിനിധി | - | പ്രിയ വാസുദേവൻ |

99-2000 വർഷത്തെ യൂണിയനിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ക്ലാസ് പ്രതിനിധികൾ

| | | |
|---|---|---|
| 1. I. PDC | - | കൃഷ്ണപ്രസാദ് |
| 2. II PDC | - | സന്ദീപ് ഫ്രാൻസിസ് |
| 3. I DC | - | നവാസ് കെ.എ |
| 4. II DC | - | സുദീപ് എബ്രഹാം |
| 5. III DC | - | രൂപേഷ് കുമാർ സി.കെ |
| 6. I PG | - | സ്മിത. കെ.എൻ |
| 7. II PG | - | മഹേഷ് കെ.എ |

സത്യപ്രതിജ്ഞ

കോളേജ് യൂണിയൻ ഭാരവാഹികൾ 99 സെപ്റ്റംബർ 28-ാം തീയതി യു. സി. കോളേജ് പ്രിൻസിപ്പാൾ ഡോ. രാജൻ വർഗീസ് മുൻപാകെ സത്യപ്രതിജ്ഞ ചെയ്തു. ഇതിനെ തുടർന്ന് ചെയർ പേഴ്സണും ജനറൽ സെക്രട്ടറിയും വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

വോയ്സ് ഓഫ് യു സി

യു. സിയിലെ വിദ്യാർത്ഥികളുടെ സംഗീതാലാപന കഴിവ് മാറ്റുരച്ച വോയ്സ് ഓഫ് യുസി ഏറെ ശ്രദ്ധേയമായ കലാപരിപാടിയായിരുന്നു. മത്സരശേഷം വോയ്സ് ഓഫ് യുസി ഗ്രൂപ്പായി 10 വിദ്യാർത്ഥിപ്രതിഭകളെ തെരഞ്ഞെടുത്തു.

കോളേജ് യൂണിയൻ ഉദ്ഘാടനം

കോളേജ് യൂണിയന്റെ ഉദ്ഘാടനം 99 ഒക്ടോബർ 26-ാം തീയതി കോളേജ് യൂണിയൻ ചെയർപേഴ്സൺ ബിന്ദിയ ഇബ്രാഹിമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ ബഹു.എറണാകുളം ജില്ലാകളക്ടർ K.R. വിശ്വംഭരൻ I.A.S. നിർവ്വഹിച്ചു.

ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം

ആർട്സ് ക്ലബ്ബ് ഉദ്ഘാടനം 99 ഒക്ടോബർ 26-ാം തീയതി, സിനി ആർട്ടിസ്റ്റ് Mrs. ഊർമ്മിളാ ഉണ്ണി നിർവ്വഹിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ.രാജൻ വർഗ്ഗീസ്, സ്റ്റാഫ് അഡ്വൈസർ പ്രൊഫ. K.P. ഉണ്ണികൃഷ്ണൻ, യൂണിയൻ വൈസ് ചെയർ പേഴ്സൺ ആഷാ ജോസ്, യു.യു.സി. മാരായ ഇസ്മയിൽ, ഷാമോൻ.P.S. എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. ഉച്ചയ്ക്കു ശേഷം വോയ്സ് ഓഫ് യു.സി. യുടെ ഗാനമേളയും ഉണ്ടായിരുന്നു.

കേരള പിറവി

യു.സി. കോളേജിന്റെ തന്നെ ചരിത്രത്തിൽ തികച്ചും വ്യത്യസ്തവും, പുതുമയും നിറപ്പകിട്ടാർന്നതുമായിരുന്നു നവം.1 ലെ കേരളപിറവി ദിനാഘോഷം. രാവിലെ വർക്കിമെമ്മോറിയൽ ഹാളിൽ കൂടിയ യോഗത്തിൽ ഉദ്ഘാടകനേയും അദ്ധ്യക്ഷനേയും വിദ്യാർത്ഥികളുടെ ഇടയിൽ നിന്നും തിരഞ്ഞെടുത്തത് ഏറെ ശ്രദ്ധയാകർഷിച്ചു. മൊത്തം ക്ലാസുകളെ 11 ഗ്രൂപ്പുകളായി തിരിച്ചായിരുന്നു മത്സരം.

ഡിബേറ്റ് ക്ലബ്ബ് ആന്റ് ക്വിസ് ക്ലബ്.

ഒന്നാം വർഷ സാമ്പത്തിക ശാസ്ത്ര ബിരുദ വിദ്യാർത്ഥി സമദ് എസ്.വി.യുടെ നേതൃത്വത്തിൽ ഡിബേറ്റ് ക്ലബ്ബ് രൂപീകൃതമാകുകയും കോളേജ് അടിസ്ഥാനത്തിൽ മത്സരങ്ങൾ നടത്തുകയും ചെയ്തു.

ക്വിസ് ക്ലബ് സെക്രട്ടറിയായ രണ്ടാം വർഷ ബോട്ടണി വിദ്യാർത്ഥി അനു പോളിന്റെ നേതൃത്വത്തിൽ 2-11-1997 ൽ രൂപീകൃതമായ ക്വിസ് ക്ലബ്ബ് ശരിയായ നിർദ്ദേശങ്ങൾ നൽകുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും വഴി യൂണിവേഴ്സിറ്റി വരെ ശ്രദ്ധയാകർഷിച്ചു.

### കോളേജ് യുവജനോത്സവം

നവംബർ 30 മുതൽ ഡിസംബർ 2 വരെയുള്ള തീയതികളിൽ യൂണിയൻ യുവജനോത്സവം അരങ്ങേറി. യൂസിയൻ വിദ്യാർത്ഥികളുടെ സർഗ്ഗാത്മപരവും കലാപരവുമായ ശക്തിയുടെ കേളികൊട്ടായിരുന്നു യുവജനോത്സവം. സത്യസന്ധമായ മൂല്യനിർണ്ണയത്തിലൂടെ പ്രതിഭകളെ കണ്ടെത്തി അവരെ യൂണിവേഴ്സിറ്റിയുടെ യുവജനോത്സവത്തിന് പ്രഗത്ഭരുടെ ശിക്ഷണത്തിൽ ഒരുക്കി.

### നാടകോത്സവവും സെമിനാറും

അഭിനയകലയുടെ പുതിയ മുഖങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്കൃതസർവകലാശാല നാടക സ്കൂളിന്റെ ഡയറക്ടർ രമേഷ് വർമ്മ നാടക ക്യാമ്പ് ഉത്ഘാടനം ചെയ്തു.

19-11-99 ൽ നടന്ന കോളേജ് യൂണിയൻ നാടകോത്സവത്തിൽ അരങ്ങേറിയ 12 നാടകങ്ങളിൽ നിന്ന് അഭിനയത്തിന്റെ മികവ് തെളിയിച്ച 10 അഭിനേതാക്കളെ കോളേജ് ഡ്രാമ തിയറ്ററിലേക്ക് തെരഞ്ഞെടുക്കുകയും യൂണിവേഴ്സിറ്റി ഡ്രാമഫെസ്റ്റിവെല്ലിന് വേണ്ടി പരിശീലിപ്പിക്കുകയും യൂണിവേഴ്സിറ്റിയിൽ തിളക്കമാർന്ന പ്രകടനം കാഴ്ച്ച വെയ്ക്കുകയും ചെയ്തു.

### സിനി ഫെസ്റ്റ്

ജനുവരി 19-ാം തീയതി മുതൽ നാലോളം ദിവസങ്ങളിൽ ആറോളം ചിത്രങ്ങൾ സിനിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി പ്രദർശിപ്പിച്ചു. ഓസ്കാർ ജേതാവായ റോബർട്ടോ ബനിഞ്ഞിയുടെ 'Life is Beautiful' പ്രത്യേക ശ്രദ്ധയാകർഷിച്ചു.

### മില്ലേനിയം ഫെസ്റ്റ്

പുതിയ നൂറ്റാണ്ടിനെ വരവേൽക്കുന്നതിന്റെ ഭാഗമായി സാംസ്ക്കാരിക തനിമ ഉയർത്തിപ്പിടിക്കുന്ന മാതൃകയിൽ പ്രാചീനകലകളെ ഉൾപ്പെടുത്തി മില്ലേനിയം ഫെസ്റ്റ് നടത്തപ്പെട്ടു. മുഖ്യാതിഥിയായി V. കലാധരനും ഉത്ഘാടകനായി C.P. പ്രതാപനും എത്തിച്ചേർന്നു. കാംപസുകളിൽ ഇടം കണ്ടെത്താത്ത ചാക്യാർകൂത്തിനേയും, ചിന്തുപാട്ടിനേയും, കൂടമാറ്റത്തിനേയും നിലയ്ക്കാത്ത ഹർഷാരവത്തോടെയാണ് യൂ.സി.യിലെ വിദ്യാർത്ഥികൾ എതിരേറ്റത്. സംസ്ഥാനമൊട്ടാകെ അറിയപ്പെടുന്ന യുവചിത്രകാരൻ "റാസി റൊസാരിയോയുടെ" ചിത്രപ്രദർശനവും ഉണ്ടായിരുന്നു.

### യൂണിയൻ ഫണ്ട്

പതിവിലും വിപരീതമായി കൂപ്പൺ കളക്ഷനിലൂടെ പിരിച്ചെടുത്ത മൊത്തം തുകയുടെ 50% പുതിയ ഓഡിറ്റോറിയത്തിൽ ആവശ്യമായ കസേരകൾ വാങ്ങുന്നതിനും 20% തുക സ്പോർട്സ് സംബന്ധമായ ആവശ്യങ്ങൾക്കുവേണ്ടിയും നൽകാൻ യൂണിയൻ തീരുമാനിച്ചു.

### കോളേജ് ദിനാഘോഷങ്ങൾ

2000 മാർച്ച് 7-ാം തീയതി വർണ്ണാഭമായ കോളേജ് ദിനാഘോഷങ്ങൾ നടക്കുകയുണ്ടായി. കോളേജ് യൂണിയൻ ചെയർപേഴ്സൺ ബിന്ദിയ ഇബ്രാഹിമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഉദ്ഘാടകനായി വാഗ്മിയും സിനി ആർട്ടിസ്റ്റുമായ നരേന്ദ്രപ്രസാദും, മുഖ്യാഥിതിയായി എഴുത്തുകാരനും ശിൽപ്പിയുമായ എം.വി. ദേവനും പങ്കെടുത്തു. ഇരുവരുടേയും സാന്നിധ്യം ചടങ്ങിനെ ആകർഷ ണീതമാക്കി. ഉച്ചക്ക് ശേഷം ഗാനമേള അരങ്ങേറി.

ഊർവ്വരവും തീക്ഷണവുമായ സ്മൃതികളുടെ വിശുദ്ധ വെളിപാട് വായിച്ചു തീർക്കാവുന്ന റിപ്പോർട്ടുകളല്ല. കർമ്മ സാഫല്യത്തിന്റെ തെളിനീര് ഉറവ പൊട്ടുന്നത് ഇവിടെയാണ്. പെയ്തു തീരാത്ത അനന്തമായ നന്ദിവാക്കുകൾ. അവയുടെ അർപ്പണതലം അനന്തമാണ് ഏറെ വിശാലമാണ്. ഇത് നിയോഗങ്ങളിൽ ഊളിയിടുന്നവന്റെ സ്വരമാണ്. നിങ്ങളുടെ അംഗീകാരത്തിനായി കർമ്മങ്ങളുടെ കണക്കുപുസ്തകം ഈ കലാലയ സമക്ഷം വിനയപൂർവ്വം സമർപ്പിക്കുന്നു.

*ജനറൽ സെക്രട്ടറി*
ആൻസൺ ബഹനാൻ


വിജയാ സ്റ്റുഡിയോ A/c
മെയിൻ റോഡ്, എൻ. പറവൂർ. ഫോൺ : 446726
ഒരു മിനിറ്റിൽ പാസ്പോർട്ട് കളർ ഫോട്ടോ

**"The youngest E-Com specialist in my office.
And he is already due for a promotion!**

Because he joined the eACCP program just after his 12th.

- An Aptechite's contented employer

**WE CHANGE LIVES**

**APTECH**

**COMPUTER EDUCATION**



The eACCP Route to success

Advanced Java Programmers
Component Programmers

Year III

Java Programmers or Oracle Client/Server Specialist for the web oracle application developers.

Web Based Client/Server Specialisation

Client/Server Application Developers Advanced VB Programmers

MCSD Specialisation

E-Com Developers, Portal Developers, Website Developers

E-Commerce Specialisation

Year II

VB Programmers, Website Designers, Web Programmers

Year I

Enrol now for courses from 6 months to 3 years.

**APTECH COMPUTER EDUCATION**

**ALWAYE CENTRE**
**Mulavarickal Buildings**
**Opp. Private Bus Stand**
**Aluva. Phone : 623779, 632192**

**ANGAMALY CENTRE**
**Morning Star Home Science**
**CollegeCampus**
**Angamaly. Phone : 459033**

*With best compliments from :*

# Arjuna Natural Extracts Ltd.

# Aluva.

**Manufacturers and Exporters of Herbal and Spice Extracts**

# INAUGURAL CEREMONY




ബഹു: ജില്ലാകളക്ടർ കെ.ആർ. വിശ്വംഭരൻ ഐ.എ.എസ്.
യൂണിയൻ ഉത്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.



അദ്ധ്യക്ഷ പ്രസംഗം
ചെയർപേഴ്സൻ ബിന്ദിയ ഇബ്രാഹിം



സദസ്സ് - ഒരു ദൃശ്യം



ആശംസകൾ നേരുന്നു.
പ്രിൻസിപ്പാൾ ഡോ. രാജൻ വർഗീസ്.

# ARTS CLUB INAUGURATION



ആർട്ട്സ് ക്ലബ് ഉത്ഘാടനം
ശ്രീമതി ഊർമിള ഉണ്ണി നിർവഹിക്കുന്നു

# COLLEGE DAY CELEBRATIONS



കോളേജ്ദിനാഘോഷം ഉത്ഘാടനം
വാഗ്മിയും സിനിമാതാരവുമായ നരേന്ദ്രപ്രസാദ്
നിർവ്വഹിക്കുന്നു.




ആശംസ
ഡോ. രാജൻ വർഗീസ്




വിശിഷ്ടാതിഥി
എം.വി. ദേവൻ സംസാരിക്കുന്നു

ആശംസ
സ്റ്റാഫ് അഡ്വൈസർ കെ.പി. ഉണ്ണികൃഷ്ണൻ






യൂണിയൻ റിപ്പോർട്ട്
ജനറൽ സെക്രട്ടറി ആൻസൻ ബെഹനാൻ



*With best compliments from:*

## PATHADANS AIR TRAVELS

**Tharakan Buildings, M.G. Road**
**Pallimukku - Cochin**

**MARGIN LESS AIR TICKETS**

Domestic & International Visa
Stamping, Passport, Emmigration,
Cargo Clearance

Contact :
**Phone**
**472361, 473787**

സ്വാദിഷ്ഠമായ
മധുരപലഹാരങ്ങൾക്ക്

**Bim-Boss**
**SWEET HOUSE**

**VEG. FAST FOOD**
**Bankjunction, Aluva**
**Phone : 627540**

**OUTDOOR CATERING**

*One of the best in Kerala*

**Kings**

**BEAUTY CARE**
**GENTS & KIDS (A/C)**
**NEAR AROGYALAYAM HOSPITAL**
**BANK JN., ALUVA**

Hair Styles, Bleaching, Henna, Herbal Facial
Colouring, Hair Dyeing
Bridegroom make up Massaging & All beauty
work etc.
We arrange : Car decoration, Rent a Car.

അമിതഫീസാണ് കമ്പ്യൂട്ടർ
പഠനത്തിന് തടസ്സമെങ്കിൽ!!!

St. Antony's Computer Academy ആലുവായിൽ നടത്തുന്ന
വിവിധ കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് Registration
തുടരുന്നു...

## St. Antony's Computer Academy

Opp. St. Xavier's College, Aluva.
**Ph : 627901**

യു. കിരൺ
II പി.ഡി.സി.

# കാത്തിരുപ്പ്




കാത്തിരിപ്പൂ ഞാനീ ശൂന്യമാം
വേദികയിലെൻ കപ്നാണെങ്കിൽ
കാത്തുകാത്തിരുന്നിട്ടുമുറയ്ക്കാത്തൊരെൻ
കാതരമാം മിഴികൾക്കു പ്രിയമവന്റെ രൂപം
നടന്നുപോം വഴിപോക്കന്റെ
കാൽത്തളപോലവന്റെ പദസ്വനമൊന്നു
കേട്ടിരുന്നെങ്കിൽ......
മരവിയ്ക്കാത്തൊരെൻ
കാതുകൾക്കിന്നൊരു പുതുവസന്തമായേനെ,
പാടിത്തളരാത്തൊരെൻ നാവുകൾക്കിന്നൊരു
പുതുകീർത്തനമായേനെ,
കാത്തു കാത്തു വിശ്രമിയ്ക്കാത്തൊരെൻ
ചേതസ്സിന്നു കുളിർത്തേനെ.
എന്നിട്ടുമെൻ കപനി നിസ്വനം കേൾക്കുവാനെൻ
ചിലങ്കകൾ ചലിപ്പിച്ചുകൊണ്ടേയിരുന്നു ഞാൻ.
നീ മറന്നുവോ, കാളിമയാർന്നൊരാ
ഉടലിനെ സ്നേഹിച്ചൊരീധവളാഗ്നിയെ?
നിന്റെ കറുപ്പിലലിഞ്ഞ്,
നിന്റെ കറുപ്പാകാൻ,
നിന്നെ മാത്രം പ്രണയിച്ചും,
നിന്നെ സ്നേഹിച്ചും മരിയ്ക്കാൻ
വെമ്പിയിങ്ങു ദൂരെ,
ദൂരെ കാത്തിരുന്നോരെന്നേ നീ മറന്നുവോ!

അരുൺ ടി.എ.
I ബി.എ. ഇക്കണോമിക്സ്

# ക്യാമറ ക്യാംപസിൽ കാണുന്നത്.....

മുതലാളിത്ത ലോകരാഷ്ട്രങ്ങളുടെ വർഗ്ഗസ്വഭാവം തന്നെ ഉപകരണ നിഷ്ഠമായ യുക്തിബോധമാണ്. ഉപകരണങ്ങൾക്ക് കല്പിക്കുന്ന അതീത സിദ്ധികളോടു ആരാധന കലർന്ന വിധേയത്വം പുലർത്തുന്ന വ്യക്തിയാണ് മുതലാളിത്ത സമൂഹത്തിലെ വ്യക്തി. വസ്തുതകളെ സിദ്ധമായ യാഥാർത്ഥ്യമെന്ന നിലയിൽ അതേപടി ഏറ്റുവാങ്ങുന്ന വ്യക്തിയാണത്. അവയുടെ ചരിത്രപരമായ രൂപപ്പെടുത്തലുകളിലേക്കോ ഉള്ളടക്കത്തിലേക്കോ ഇറങ്ങിച്ചെല്ലാനാകാതെ തീർത്തും പുറംകാഴ്ച്ചകളിലും (പുറം മോടികളിലും) അധിഷ്ഠിതമായ വിചിന്തനരീതിയാണ് ഈ വ്യക്തി അനുവർത്തിക്കുന്നതും. ഉപകരണ നിഷ്ഠമായ യുക്തിപരത (Instrumental Rationality) ഒഴിച്ചു കൂടാനാവാത്ത യാഥാർത്ഥ്യമായി അംഗീകരിച്ച ഒരു ജനസമൂഹം പിന്നീട് ആവശ്യപ്പെടുന്നതും പഞ്ചേന്ദ്രിയങ്ങളെ മുഴുവനായോ അവയിൽ ചിലതിനെയോ കൂട്ടിയിണക്കിക്കൊണ്ട് എത്രയും കുറച്ചു ചിന്തിക്കാമോ അത്രയും കുറച്ചു ചിന്തിക്കുക എന്ന ലക്ഷ്യത്തിലെത്താനുള്ള സാദ്ധ്യതകളെയാണ്.

ചരക്ക് (Commodity) അല്ലെങ്കിൽ ഉപകരണത്തിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയിലേക്കു ചലിച്ചു കൊണ്ടിരിക്കുന്ന ഒരു പ്രത്യേക രാഷ്ട്രത്തിലെ കലാവിഭാഗങ്ങൾക്കും കാലക്രമത്തിൽ ചിന്തകളുടെ വ്യതിയാനങ്ങൾക്കനുസരിച്ച് ഇതേ മാറ്റം സംഭവിക്കാം. അങ്ങനെ അല്ലായിരുന്നെങ്കിൽ, അപാരമായ കഴിവും, മനുഷ്യശേഷിയും ഉപയോഗിച്ചുമാത്രം അവതരിപ്പിക്കാനും കണ്ടു മനസ്സിലാക്കാനും കഴിയുന്ന കഥകളി പോലുള്ള ശ്രേഷ്ഠ കലാരൂപങ്ങളുടെ സ്ഥാനത്ത് നിതംബം കുലുക്കിയാടുന്ന 'സിനിമാറ്റിക് ഡാൻസ്" ശരീരവടിവുകൾ പ്രദർശിപ്പിക്കുന്ന 'ഫാഷൻ ഷോ'കളും സ്ഥാനം പിടിക്കില്ലായിരുന്നല്ലോ. സിനിമാ രംഗത്തു സംഭവിച്ചതും ഇതേ മൂല്യച്യുതി തന്നെയാണ്, സെല്ലുലോയ്ഡ് പണത്തിനു മുന്നിൽ തലകുനിച്ചു നിന്നപ്പോൾ കല അന്യം നിന്നു. യഥാർത്ഥത്തിൽ ഇതു കലാരൂപം സമ്മാനിച്ചവന്റെ മൂല്യബോധത്തിൽ സംഭവിച്ച തകർച്ച കൊണ്ടല്ല; മറിച്ച് കലാരൂപം ആവശ്യപ്പെട്ടവന്റെ കാഴ്ചപ്പാടുകൾക്ക് സംഭവിച്ച ദുരന്തം കൊണ്ടാണ്.

ക്യാംപസിന്റെ കാഴ്ചകളിലും പ്രതീക്ഷയ്ക്കു വകനൽകുന്ന യാതൊന്നും തന്നെയില്ല. നഗര സംസ്കാരത്തിന്നടിമപ്പെട്ട ഒരു തലമുറയുടെ തകർച്ചയുടെ ബാക്കിപത്രമാണിത്. [illegible]

ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നത്. ലക്ഷ്യം പൂർത്തീകരിക്കാനാവാതെ ചരമം സംഭവിക്കുമ്പോഴാണ് കലയ്ക്ക് പ്രേതങ്ങളുണ്ടാകുന്നത്.

ക്യാംപസ് സിനിമകളെ സംബന്ധിച്ച് പറയുമ്പോൾ, കഴിഞ്ഞ ഒരു പതിറ്റാണ്ടിനുള്ളിൽ പ്രതീക്ഷാജനകമായ ഒരു മുന്നേറ്റവും കണ്ടില്ല. ഏതാനും വർഷങ്ങൾക്കു മുൻപ് നിർമ്മിക്കപ്പെട്ട 'സർവ്വകലാശാല' എന്ന ചിത്രം മാത്രമാണ് ക്യാംപസിന്റെ സ്പന്ദനങ്ങൾ ചിത്രീകരിക്കുന്നതിൽ ഒരു പരിധിവരെ അടുത്ത കാലത്ത് വിജയിച്ചത്. അവസാന രംഗങ്ങളിൽ വാണിജ്യ വത്ക്കരണത്തിന്റെ 'കോംപ്രമൈസു'കൾക്ക് വഴങ്ങേണ്ടി വന്നു എങ്കിൽത്തന്നെയും നല്ല രീതിയിൽ (അതിഭാവുകത്വത്തിന്റെ നേരിയ സ്പർശമുണ്ടെങ്കിലും) ക്യാംപസ് ചിത്രം എന്ത് എന്നതിനു അപൂർണ്ണമായെങ്കിലും സംതൃപ്തമായ ഒരുത്തരം നല്കാൻ ഈ ചിത്രത്തിനു കഴിഞ്ഞു.

ബൈക്കും ബാസ്ക്കറ്റ്ബോൾ കോർട്ടും മരച്ചുവടും നോട്ട്ബുക്കും യുവജനക്കൂട്ടവും ഉണ്ടായതുകൊണ്ടു മാത്രം സിനിമയിൽ ക്യാംപസുണ്ടാവില്ല. ക്യാംപസിന്റേതായ പുറംകാഴ്ചകൾ ചിത്രീകരിക്കുകയല്ല ഒരു നല്ല ക്യാംപസ് സിനിമ ആത്യന്തികമായി ചെയ്യേണ്ടത്. അതിനു പൊള്ളുന്ന യാഥാർത്ഥ്യങ്ങളിൽ ദിവസവും മുങ്ങി നിവരുന്നവന്റെ വിയർപ്പുഗന്ധമുണ്ടാകണം, ജീവിതം ലളിതമായി ആഘോഷിക്കുന്നവന്റെ വലിയ സന്തോഷങ്ങളുണ്ടാകണം, ചിന്ത വാക്കിലൊതുങ്ങാത്തവന്റെ കണ്ണിലെ അഗ്നിനാളങ്ങളുണ്ടാകണം, പൊയ്മുഖങ്ങളില്ലാത്തവന്റെ ശക്തിസാന്നിദ്ധ്യമുണ്ടാകണം, സർവ്വോപരി, യുവത്വത്തിന്റെ വിശാലമായ ആകാശക്കാഴ്ചകളുണ്ടാകണം. മേൽപ്പറഞ്ഞവയുടെ സാന്നിദ്ധ്യങ്ങളെങ്കിലും കുറഞ്ഞപക്ഷം ചിത്രീകരിക്കാനാവാതെ നല്ല ഒരു ക്യാംപസ് സിനിമ രൂപീകൃതമാകുന്നില്ല.

'നിറ'വും 'അനിയത്തിപ്രാവും' 'പ്രണയവർണ്ണ'ങ്ങളും പോലുള്ള ചിത്രങ്ങൾ വിമർശിക്കപ്പെടുന്നത് അതിലെ കാമ്പില്ലാത്ത കഥാപാത്ര രൂപീകരണത്തെച്ചൊല്ലി തന്നെയാണ്. ഈ ചിത്രങ്ങളിലെല്ലാം ഭൂരിഭാഗവും



നിറഞ്ഞു നിന്നത് ഉത്തരവാദിത്വ ബോധമില്ലാത്ത തലമുറയുടെ സ്വപ്നങ്ങളാണ്. സാമ്പത്തികമായി ഈ ചിത്രങ്ങൾ വൻവിജയങ്ങളായിരിന്നിരിക്കാം. എങ്കിലും, ഈ ചിത്രങ്ങൾ ക്യാംപസിന്റെ മനസ്സിൽ സ്ഥാനം പിടിക്കുന്നില്ല. മനസ്സിലൊന്നും അവശേഷിപ്പിക്കാതെ പിൻവാങ്ങേണ്ടി വരുന്നു എന്നതാണ് ഏറ്റവും വലിയ ദൈന്യത. പ്രേക്ഷകൻ സിനിമയ്ക്കു ചെലവിട്ട രണ്ടര മണിക്കൂർ ഭൂതകാലത്തിലേക്കു മറയുമ്പോൾ പ്രേക്ഷക മനസ്സിൽ സിനിമ മരിക്കുന്നു.

യഥാർത്ഥ ക്യാംപസ് എന്ത് എന്നറിഞ്ഞു ചിത്രങ്ങൾ ചെയ്യുന്ന ക്യാംപസിലെ യുവകലാകാരന്മാരുടെ സംഭാവനകൾ ശ്രദ്ധിക്കപ്പെടേണ്ടവയാണ്. തൃശൂർ കേരളവർമ്മ കോളേജിലെ വിദ്യാർത്ഥികൾ ചേർന്നു രൂപംകൊടുത്ത 'പ്രണയകാലം' പോലുള്ള പരീക്ഷണങ്ങളെ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഈയടുത്ത കാലത്തായി മഹാരാജാസ് കോളേജ് വിദ്യാർത്ഥികൾ നടത്തി വരുന്ന സിനിമാ നിർമ്മാണ ശ്രമവും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കേണ്ടത് നാടിന്റെ സാംസ്കാരികമായ നിലനിൽപ്പിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ്. കൊമേഴ്സ്യൽ സിനിമകളോടു നിഷേധാത്മക സമീപനം പുലർത്തണമെന്നല്ല മേൽപ്പറഞ്ഞതിനർത്ഥം. കൊമേഴ്സ്യൽ സിനിമാ നിർമ്മാണ മേഖലയിൽ സംജാതമായിട്ടുള്ള പ്രതിസന്ധികളെ പരിഹരിച്ച് അവയെ ശക്തിയാർന്ന ഒരു വ്യവസായ ഘടകമായി നിലനിർത്തുന്നതിനോടൊപ്പം തന്നെ സമാന്തര ചലച്ചിത്ര മേഖലയിൽ വ്യക്തമായ മുന്നേറ്റങ്ങൾ സൃഷ്ടിക്കാൻ നമുക്കു കഴിയണം.

ക്യാംപസ് സിനിമകളെ സംബന്ധിച്ചാണെങ്കിൽ, സമൂഹത്തിന്റെ മസ്തിഷ്കം വാർത്തെടുക്കുന്നതിൽ പ്രധാനപ്പെട്ട പങ്കു വഹിക്കുന്ന ഒരു ഘട്ടം എന്ന നിലയിൽ ക്യാംപസും, നമ്മുടെ കാഴ്ചകളെ കാലങ്ങളിലൂടെ സംസ്ക്കരിച്ചെടുത്ത ഒരു കലാരൂപം എന്ന നിലയിൽ സിനിമയും ചേർന്നുള്ള സംയോജിത പ്രക്രിയയെ വ്യക്തമായ സമീപനങ്ങൾകൊണ്ടും വിമർശനങ്ങൾകൊണ്ടും നിയന്ത്രിക്കാനാകാതെ വന്നാൽ നമ്മൾ ഭയക്കേണ്ടിയിരിക്കുന്നു - നമുക്കു നമ്മളെ നഷ്ടപ്പെടുന്നുവോ എന്നതിനെക്കുറിച്ച് ആകുലരാകേണ്ടിയിരിക്കുന്നു.

# Presenting
# A Complete Compact Career Course



**Electronic Business Management**
- Computing Fundamentals
- MS Windows
- MS Office
- Networking Technology - Windows NT
- Linux Operating System
- HTML
- Multimedia
- Case Study/Project

**Programming Practices**
- Programming Logic
- C and C++ Programming
- Oracle
- Visual Basic
- Windows NT
- Software Engineering Using CASE Tools
- Case Study/Project

**Business Software Development on New Technologies**
- MS SQL Server
- Sun Java
- Active Server Pages
- Cold Fusion
- Internal Information Server
- Electronic Transaction Management
- CASE Study/Project

**Intership**
- Pre Project Training
- System Study
- Design
- Coding
- Development
- Implementation
- Documentation
- Project

Unique course design based on Information Anywhere Architecture (IAA)

3 year future proof technology assitance.

100% placement assistance.

Specialisation in E-Commerce and Electronic Transaction Management (ETM)

International Software Project Experience.

## GLOBAL SOFTWARE ENGINEERING

# SPRINT
## Computer Education
*Get set for success*

IInd Floor, Gold Fort Building,
By-Pass Jn. Alwaye - 1.
Ph : 631224. E-mail: sprint@eth.net

Ist Floor, CTU Building, Canal Road,
N. Paravur - 13. Ph : 447726.
E-mail: balak1@satyam.net.in

# സാമ്പത്തിക പരിഷ്ക്കാരങ്ങൾ – ഒരു വിയോജന കുറിപ്പ്

ഡോ. രാജൻ വർഗീസ്
സാമ്പത്തികശാസ്ത്ര വിഭാഗം



ലോക സാമ്പത്തിക ക്രമം മറ്റൊരു സാമ്പത്തിക മാന്ദ്യത്തിന്റെ ആദ്യപാദത്തിലാണ്. (ലോകബാങ്ക് റിപ്പോർട്ട്). വിപണി അല്ലെങ്കിൽ വിലകളുടെ അച്ചടക്കത്തിലധിഷ്ഠിതമായ സാമ്പത്തിക സൂത്രവാക്യങ്ങളുടെ തകർച്ചയായിട്ടാണ് അക്കാദമീയ പണ്ഡിതന്മാർ ആയിരത്തി തൊള്ളായിരത്തി മുപ്പതുകളിലെ സാമ്പത്തിക മഹാമാന്ദ്യത്തെ വിലയിരുത്തിയിരുന്നത്. പൗരാണിക സിദ്ധാന്തത്തിന്റെ സൂക്ഷ്മ സമീപനത്തിനു പകരം, വരുമാന നിർണ്ണയത്തിന്റെ സ്ഥൂലസമീപനം, കെയിൻസ് ആവിഷ്കരിച്ചത് ഈ പ്രതിസന്ധി തരണം ചെയ്യുന്ന ഘട്ടത്തിലാണ്.

## പൗരാണിക സിദ്ധാന്തം

ചോദന-പ്രദാന ശക്തികളാൽ സ്വയം നിയന്ത്രിക്കപ്പെടുന്ന ഒരു കമ്പോള വ്യവസ്ഥിതിയാണ് ക്ലാസിക്കൽ തിയറി വിഭാവനം ചെയ്യുന്നത്. ഉല്പാദകനും ഉപഭോക്താവും തങ്ങളുടെ പരസ്പര വിരുദ്ധമായ ലക്ഷ്യങ്ങളുടെ സാക്ഷാൽക്കാരത്തിന് ആവശ്യമായ യഥാർത്ഥ സൂചികയായിട്ടാണ് വിലകളെ ഇവർ കരുതിയിരുന്നത്. തൊഴിൽ ശക്തിയും മറ്റുല്പാദന ഘടകങ്ങളും സമ്പദ് വ്യവസ്ഥയിൽ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിരിക്കും. പൊതുവായുള്ള അമിതോല്പാദനമോ തൊഴിലില്ലായ്മയോ നിലനില്ക്കില്ല. താല്ക്കാലിക തകരാറുകൾ പരിഹരിച്ച് സമ്പദ് ഘടന എപ്പോഴും സമ്പൂർണ്ണ തൊഴിലവസരം സൃഷ്ടിക്കും. വില സംവിധാനം ഒരു അദൃശ്യകരംപോലെ പ്രവർത്തിച്ച് സമ്പദ് ഘടനയുടെ എല്ലാ മേഖലകളിലും സന്തുലിതാവസ്ഥ സ്ഥാപിക്കുമെന്ന് ക്ലാസിക്കൽ ഇക്കണോമിസ്റ്റുകൾ സ്വപ്നം കണ്ടിരുന്നു. വിപണി ശക്തികളാൽ സ്വയം പ്രവർത്തിക്കുന്ന ഒരു സാമ്പത്തിക സംവിധാനമെന്ന ആശയമാണ് മുപ്പതുകളിലെ മഹാമാന്ദ്യം എന്ന സാമ്പത്തിക പ്രതിസന്ധി തകർത്തത്.



പൂർവ്വേഷ്യൻ രാജ്യങ്ങളിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിയും തുടർന്നുളവായ രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളും, വിദേശ മൂലധനത്തെ ലക്ഷ്യമാക്കിയുള്ള സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ യഥാർത്ഥ മുഖം വെളിപ്പെടുത്തുന്നവയാണ്.

കെയിനീഷ്യൻ വിപ്ലവം

സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് മുതലാളിത്ത സമ്പദ് ഘടനകളെ കരകയറ്റുന്നതിന് കെയിൻസ് മുന്നോട്ടുവച്ച സാമ്പത്തിക തത്വങ്ങളെ (1936) അക്കാദമിക് പണ്ഡിതന്മാർ പില്ക്കാലത്ത് 'കെയിനീഷ്യൻ വിപ്ലവ'മെന്ന് വിവക്ഷിച്ചു. ഈ സിദ്ധാന്തമനുസരിച്ച് തൊഴിലും വരുമാനവും ഫലപ്രദമായ ചോദനത്തെ ആശ്രയിച്ചിരിക്കുന്നു. ചോദനം മൊത്തം ചിലവിനെ ആശ്രയിച്ചിരിക്കുന്നു. ഉപഭോഗ ചെലവും മൂലധന നിക്ഷേപ ചെലവും കൂടിയതാണ് മൊത്തം ചെലവ്. ഹ്രസ്വകാലയളവുകളിൽ ഉപഭോഗം മാറ്റമില്ലാതെ നില്ക്കുന്നു. മൂലധന നിക്ഷേപത്തിലുണ്ടാകുന്ന മാറ്റങ്ങൾകൊണ്ടു മാത്രമേ, തൊഴിൽ, ഉല്പാദനം, വരുമാനം എന്നിവയിൽ മാറ്റങ്ങളുണ്ടാവുകയുള്ളൂ. സ്വകാര്യ നിക്ഷേപങ്ങൾ കുറയുന്ന ഘട്ടങ്ങളിൽ പൊതുനിക്ഷേപം അനിവാര്യമാകുന്നു. ഈ വാദഗതിയുടെ ചുവടു പിടിച്ച് പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിച്ച് മുതലാളിത്ത രാജ്യങ്ങൾ സാമ്പത്തിക മാന്ദ്യത്തിന്റെ ദുരിതങ്ങളിൽ നിന്ന് അന്ന് കരകയറി.

മുതലാളിത്ത വ്യവസ്ഥിതിയുടെ മറ്റു പല ബലഹീനതകളും ചർച്ചാ വിഷയമായ കാലഘട്ടമായിരുന്നു അത്. മുതലാളിത്ത സമൂഹം എത്രതന്നെ ഉപഭോഗ ചെലവുകളിൽ മുഴുകിയാലും, സാമ്പത്തിക വളർച്ച കൈവരിക്കാനും നിലനിർത്താനും ഈ ചെലവുകൾക്ക് മാത്രമായി കഴിയില്ല. മൂലധന നിക്ഷേപമാണ് സാമ്പത്തിക വളർച്ചയുടെ ഗതിവിഗതികൾ നിർണ്ണയിക്കുന്ന സുപ്രധാന ഘടകം. ഇങ്ങനെയുള്ള കെയിനീഷ്യൻ വാദഗതിയുടെ മറവിൽ അടിസ്ഥാന ഘടകങ്ങളിലുണ്ടായ വൻതോതിലുള്ള പൊതു മൂലധന നിക്ഷേപം, കമ്പോള വ്യവസ്ഥയുടെ വളർച്ചക്കും വികാസത്തിനും സഹായിച്ചു. ഇത് സ്വകാര്യ നിക്ഷേപങ്ങളുടെ വർദ്ധനവിനും ഇടയാക്കി. സാമ്പത്തിക രംഗത്തുള്ള സർക്കാർ ഇടപെടലും പങ്കാളിത്തവും അനുദിനം വർദ്ധിച്ചു. ഇന്ത്യയിലെപ്പോലെ പൊതുമേഖലയിൽ കൂടി സോഷ്യലിസം കടന്നു വരുമെന്ന് മാത്രം അത്തരം മുതലാളിത്ത രാജ്യങ്ങൾ പ്രഖ്യാപിച്ചില്ല. പൊതുനിക്ഷേപങ്ങൾ മുതലാളിത്തത്തിന്റെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവന നല്കിയെങ്കിലും മുതലാളിത്തവും സുസ്ഥിരമായ സാമ്പത്തിക വളർച്ചയും ഒരിക്കലും ഒന്നിച്ച് പോയിരുന്നില്ലാ. ആയിരത്തി തൊള്ളായിരത്തി എഴുപതുകളിലെ സാമ്പത്തിക കുഴപ്പങ്ങൾ കെയിനീഷ്യൻ തിയറിയുടെ അടിത്തറ ചോദ്യം ചെയ്യപ്പെട്ടു. മുതലാളിത്തത്തിന്റെ കൂടപ്പിറപ്പായ സാമ്പത്തിക അസ്ഥിരതയുടെ വേരുകൾ അന്വേഷിച്ച ആധുനിക സാമ്പത്തിക ശാസ്ത്രജ്ഞന്മാർ, ഗവൺമെന്റുകളുടെ വർദ്ധിച്ച ഇടപെടലുകളെ അവരുടെ വിശകലനത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചു. ഇത് എൺപതുകളുടെ തുടക്കത്തിൽ പ്രാമാണ്യമിഷ്ഠിത സാമ്പത്തിക ശാസ്ത്രശാഖയ്ക്ക് (Supply Side Economics) വഴി തെളിയിച്ചു.

എന്താണീ സപ്ലൈ സയിഡ് ഇക്കണോമിക്സ്?

പല സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ തകർച്ചയും മുതലാളിത്ത ലോകത്ത് കെയിനീഷ്യൻ സിദ്ധാന്തങ്ങളുടെ തിരസ്ക്കരണവും ഏതാണ്ട് ഒരേ കാലഘട്ടത്തിൽ തന്നെയാണ് സംഭവിച്ചത്. കെയിനീഷ്യൻ ആശയങ്ങളെ ഇക്കണോമിക്സിലെ അവസാന വാക്കായി കരുതിയിരുന്നവർപോലും, സപ്ലൈ സയിഡ് ഇക്കണോമിക്സിലൂടെ പഴയ കമ്പോള വ്യവസ്ഥിതിയുടെ പുത്തൻ വ്യാഖ്യാനങ്ങളുമായി മുന്നോട്ടു വന്നു. യൂറോപ്പിലും മറ്റു പാശ്ചാത്യ രാജ്യങ്ങളിലും ഭരണ സംവിധാനങ്ങൾ ഈ പുത്തൻ സാമ്പത്തിക ആശയങ്ങൾക്ക് ഔദ്യോഗിക തണൽ നല്കി. ബ്രിട്ടനിലെ ടോറി സർക്കാരും അമേരിക്കൻ ഐക്യനാടുകളിലെ റിപ്പബ്ലിക്കൻ ഭരണകൂടവും സപ്ലൈ സയിഡ് ഇക്കണോമിക്സിന് ഒരു സാർവദേശീയ മുഖം നല്കുന്നതിൽ സഹായിച്ച ഒരു ഘടകമാണ്. ഗവൺമെന്റുകളുടെ വർദ്ധിച്ച

സാമ്പത്തിക പ്രവർത്തനങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യംവെച്ച് പല നിർദ്ദേശങ്ങളും ഈ വിഭാഗം പണ്ഡിതർ മുന്നോട്ടുവെച്ചു. വർദ്ധിച്ച പൊതുമേഖല, സ്വകാര്യ മേഖലയുടെ വിസ്തൃതിയും വിഭവങ്ങളും കവർന്നെടുക്കുവാൻ ഇടയാക്കി. നികുതി നിരക്കുകൾ കൂടിയാലും സ്വകാര്യ നിക്ഷേപവും നികുതി വരുമാനവും കുറയുമെന്ന് ഇവർ സ്ഥാപിച്ചെടുത്തു. നികുതി നിരക്കുകൾ കുറയുമ്പോഴാണ് നികുതി വരുമാനം വർദ്ധിക്കുന്നതെന്ന് ലാഫർ കേർവ് എന്ന രേഖാചിത്രത്തിലൂടെ ഇവർ വിശദീകരിച്ചു. വ്യവസായ രംഗത്തും മറ്റുമുള്ള നിയന്ത്രണങ്ങൾക്കു പകരം വിപണിയുടെ ശക്തികൾ, സമയോചിതവും, ലാഭകരവുമായ പ്രവർത്തനത്തിലൂടെ സാമ്പത്തിക വളർച്ച കൈവരിക്കാൻ സഹായിക്കുന്നു. ഇത്തരം ചിന്താഗതികൾ സാമ്പത്തിക പ്രതിസന്ധികൾ നേരിട്ട മൂന്നാം ലോക രാജ്യങ്ങളിൽ പുത്തൻ സാമ്പത്തിക നയങ്ങളുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ഈ ആശയങ്ങൾ മൂന്നാം ലോക രാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിൽ ആഗോള സാമ്പത്തിക സ്ഥാപനങ്ങളായ ലോകബാങ്കും അന്താരാഷ്ട്ര നാണയ നിധിയും ഒരു വലിയ പങ്കുതന്നെ വഹിച്ചിട്ടുണ്ട്.

### പുത്തൻ സാമ്പത്തിക പരിഷ്ക്കാരം - ഇന്ത്യയിൽ

ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഒരു ചർച്ചയ്ക്കും ഒരു തലത്തിലും വിധേയമാക്കാതെ ദിവസേനയെന്നോണം ഇന്ത്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കയാണ്. ഈ വിഷയത്തിൽ ഏറെ നാളായി നിറവേറ്റപ്പെടാത്ത ദേശീയ സംവാദം അനിവാര്യമാണെന്ന ആവശ്യം വിവിധ തലങ്ങളിൽ ശക്തമായി ഉയർന്നു വന്നിട്ടുണ്ട്. ഇതിന് മറ്റൊരു വശം കൂടിയുണ്ട്. സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം, അവർ അനുഭവിക്കുന്ന വിലക്കയറ്റം ഒരു വലിയ പ്രശ്നമാണ്. നാട്ടിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന വമ്പിച്ച മാറ്റങ്ങൾ ജനങ്ങൾ മനസ്സിലാക്കി തുടങ്ങിയിട്ടുണ്ട്. എന്നാൽ ഈ മാറ്റങ്ങളിൽ അവർക്ക് അനുകൂലമായി ഒന്നും സംഭവിക്കുന്നില്ല.

### വിദേശ മൂലധനത്തിന്റെ വരവ്, ഒരു മരീചിക

രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പരിഷ്ക്കാരങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത്, വിദേശ മൂലധനത്തോടുള്ള നമ്മുടെ മനോഭാവത്തിലെ അടിസ്ഥാനപരമായ മാറ്റമാണ്. വിദേശ മൂലധനമായി ഇവിടെ എത്തുന്നത് മുഖ്യമായും ഓഹരി വിപണിയെ ലാക്കാക്കി വരുന്ന പോർട്ടുഫോളിയോ കാപ്പിറ്റലാണ്. ഇത്തരം മൂലധനത്തിന് രാജ്യത്തോടോ ഇവിടുത്തെ ഉല്പാദനത്തോടോ യാതൊരു വിധ പ്രതിബദ്ധതയും ഉണ്ടായിരിക്കില്ലാ. ഇത് ഏതു നിമിഷവും പിൻവലിക്കപ്പെടാം. സമ്പദ് വ്യവസ്ഥ വിവേചന രഹിതമായി വിദേശ മൂലധന നിക്ഷേപത്തിനു തുറന്നു കൊടുക്കുന്നതാണ് നമ്മുടെ സാമ്പത്തിക പരിഷ്ക്കാരത്തിന്റെ ഏറ്റവും ദോഷകരമായ അംശം. പൂർവ്വേഷ്യൻ രാജ്യങ്ങളിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിയും തുടർന്നുളവായ രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളും, വിദേശ മൂലധനത്തെ ലക്ഷ്യമാക്കിയുള്ള സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ യഥാർത്ഥ മുഖം വെളിപ്പെടുത്തുന്നവയാണ്.

### രൂപയുടെ മൂല്യത്തകർച്ച

സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഫലമായി സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന ഘടകങ്ങൾ ശരിയായ ദിശയിലല്ലാ നീങ്ങുന്നതെന്ന് വസ്തുതകൾ പരിശോധിച്ചാൽ സമർത്ഥിക്കുവാൻ കഴിയും. ഉദാഹരണത്തിന് രൂപയുടെ വിനിമയ നിരക്കിലുള്ള വ്യതിയാനങ്ങൾ തന്നെ എടുക്കാം. വിദേശ മൂലധനത്തിന്റെ വരവു കൂടുമ്പോൾ രൂപയുടെ മൂല്യം വർദ്ധിക്കേണ്ടതാണ്. എന്നാൽ മൂല്യ തകർച്ച നേരിടുന്ന രൂപാ, റിസർവ് ബാങ്കിന്റെ ഇടപെടൽ പലപ്പോഴും അനിവാര്യമാക്കുന്നു. രൂപയുടെ മൂല്യം വർദ്ധിച്ചാൽ കയറ്റുമതി കുറയുമെന്ന് ഭയപ്പെടുന്നു. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ കയറ്റുമതി വർദ്ധിപ്പിക്കാൻ മൂല്യശോഷണത്തിന് കഴിയില്ലാ. കാരണം ദക്ഷിണേഷ്യൻ രാജ്യങ്ങൾ അവരുടെ കറൻസി വിലയിൽ കാര്യമായ കുറവ് വരുത്തിയിരിക്കയാണ്. ഈ രാജ്യങ്ങൾ കയറ്റുമതി ചെയ്യുന്ന ഉല്പന്നങ്ങൾ പലതും, ഇന്ത്യയും കയറ്റുമതി ചെയ്യാൻ ലക്ഷ്യമിട്ടിരിക്കയാണ്. വിദേശ മൂലധനം പ്രധാനമായി വരുന്നത് മൂലധന വിപണിയിലെ ഊഹക്കച്ചവടത്തിനും കറൻസി വില വ്യത്യാസങ്ങളുടെ നേട്ടങ്ങൾ കൊയ്യാനുമാണ്. ഇത് ശക്തമായ കറൻസികളായ ഡോളർ, യെൻ, മാർക്ക് എന്നിവയെ അപേക്ഷിച്ച് പെട്ടെന്ന് സാധിക്കാവുന്നത് ദുർബലമായ രൂപ പോലുള്ള കറൻസികളുടെ കാര്യത്തിലാണ്.

### ബഹുരാഷ്ട്ര കുത്തകകൾ - ഇന്ത്യയിലും ചൈനയിലും

വിദേശ മൂലധനത്തിന്റെയും ആധുനിക സാങ്കേതിക വിദ്യയുടെയും ആഗോള വാഹകരായി അറിയപ്പെടുന്നത് ബഹുരാഷ്ട്ര കുത്തക കമ്പനികളാണ്. മറ്റു ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ അവയുടെ പ്രവർത്തന വിജയങ്ങൾ, ഇന്ത്യയിൽ ഇത്തരം കമ്പനികളുടെ വരവിനെ ന്യായീകരിക്കാൻ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ചൈനയുടെ സാമ്പത്തിക വിജയം ഇവിടെ പ്രസക്തമാണ്. ചൈനയിൽ വിദേശ നിക്ഷേപം നടത്തുന്നത് വലിയ പങ്കും വിദേശത്തുള്ള ചൈനീസ് വംശജരാണ്. വംശീയവും സാംസ്കാരികവുമായി ഈ പ്രവാസി ചൈനക്കാർ വൻകരയുമായി നല്ല ബന്ധമുള്ളവരാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇങ്ങനെ വിശേഷിപ്പിക്കപ്പെടാവുന്ന ഒരു വിഭാഗമില്ലെന്നു തന്നെ പറയാം. ചൈനയിൽ വിദേശ നിക്ഷേപം കൂടുതലും ഉല്പാദന മേഖലയിലാണു നടന്നിട്ടുള്ളത്. രാജ്യത്തെ രാഷ്ട്രീയ സുസ്ഥിരത ഇതിന് ഒരു കാരണമാണ്. മറ്റൊരു പ്രധാന സംഗതി ചൈനയിൽ നമ്മുടേതുപോലെ വികസിച്ച ഒരു മൂലധന വിപണി നിലവിലില്ലാ. ജപ്പാൻകാരും ഫ്രഞ്ചുകാരും ഇപ്പോൾ

വിയറ്റ്നാമിൽ വിദേശ നിക്ഷേപത്തിനു മുന്നോട്ടു വരുന്നുണ്ട്. ഇതിന്റെ പ്രധാന കാരണം, വിദേശ മൂലധനത്തെ നിയന്ത്രിക്കുന്ന ഒരുവിധ നിയമ സംവിധാനവും ആ രാജ്യത്ത് നിലവിലില്ല എന്നതാണ്. ആദ്യം വരുന്നവർ പറയുന്നത് നിയമമായി മാറുകയും ചെയ്യും.

ഇന്ത്യയിൽ മെല്ലെയെത്തുന്ന ചുരുങ്ങിയ വിദേശ നിക്ഷേപംപോലും ആഭ്യന്തര വിപണിയുടെ ലാഭം കൊയ്യാനുള്ള തത്രപ്പാടിലാണ്. അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾക്ക് ഇവർ കൗണ്ടർ ഗാരന്റി ആവശ്യപ്പെടുന്നു. കമ്പോള വ്യവസ്ഥിതിയുടെതന്നെ അടിസ്ഥാന തത്വങ്ങൾക്ക് എതിരാണ് ഈ കൗണ്ടർ ഗാരന്റിയെന്നത് സൗകര്യപൂർവ്വം നാം വിസ്മരിക്കുന്നു. ഇന്ത്യയെ ഒരു ഉല്പാദന താവളമാക്കി ആഗോള കമ്പോളം ലക്ഷ്യമാക്കി നിക്ഷേപം നടത്താൻ ഒരു ബഹുരാഷ്ട്ര കുത്തക കമ്പനിയും ഇവിടെ മുന്നോട്ട് വരുന്നില്ലാ.

പിൻവാങ്ങുന്ന ഭരണകൂടം

പുത്തൻ സാമ്പത്തിക നയങ്ങൾ നമ്മുടെ കരുത്ത് തെളിയിച്ച ആസൂത്രണ പ്രക്രിയതന്നെ ഇല്ലായ്മ ചെയ്യുന്നതിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഭരണകൂടം എല്ലാ മർമ്മ പ്രധാന രംഗങ്ങളിൽ നിന്നും പിൻവലിയുകയാണ്. സർക്കാർ സാമ്പത്തിക രംഗത്തു നിന്ന് പിൻമാറി, അത്രയും വിഭവങ്ങൾ സ്വകാര്യ മേഖലയ്ക്ക് ലഭ്യമാക്കുക എന്നതാണ് നമ്മുടെ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ അന്തഃസത്ത. നമ്മുടെ പുത്തൻ സംവാദങ്ങളിൽ ഭരണകൂടം പോയിട്ട് രാജ്യങ്ങൾ തന്നെയില്ലായെന്നതാണ് പരമാർത്ഥം. രാജ്യങ്ങളുടെ സ്ഥാനത്ത് വിപണികൾക്കാണ് ഇപ്പോൾ പ്രധാന്യം. രാജ്യാന്തര ബന്ധങ്ങളിലെ ചാലകശക്തി വ്യാപാര കരാറുകളും വ്യാപാര മേഖലാ അംഗത്വവുമാണ്.

പ്രസക്തി നഷ്ടപ്പെടുന്ന പൊതുമേഖല

നാടിന്റെ പൊതുമുതലായ, പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ന് സ്വകാര്യ മേഖലയ്ക്ക് കൈമാറുന്ന തിരക്കിലാണ്. ഇതിനായി Disinvestment Commission-നും പ്രത്യേക മന്ത്രാലയവും നിലവിൽ വന്നുകഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളുടെ വില നിർണ്ണയിക്കാൻ കുറ്റമറ്റ ഒരു സമ്പ്രദായം കണ്ടുപിടിക്കാൻ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ലാ. വിപണി വിലയിലും കുറഞ്ഞ വിലക്കാണ് പൊതുമേഖലാ ഓഹരികൾ വേണ്ടപ്പെട്ട ഒരു പറ്റം 'ദലാലുകൾ'ക്ക് ടെണ്ടറുകൾ മുഖേന കൈമാറിയത്. ഇവിടെ കമ്പോളത്തിന്റെ നിയമംപോലും പാലിക്കാൻ നവസാമ്പത്തിക നയത്തിന്റെ സ്തുതിപാഠകർക്ക് കഴിഞ്ഞില്ല.

സാമ്പത്തിക പരിഷ്ക്കാരവും കാർഷിക മേഖലയും

ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്ത് സാമ്പത്തിക പരിഷ്ക്കാരങ്ങൾ എങ്ങനെ കാർഷിക മേഖലയെ ഒഴിവാക്കി മുമ്പോട്ടു കൊണ്ടുപോകുവാൻ സാധിക്കും. കാർഷിക മേഖലയെ സർക്കാർ അതിന്റെ രക്ഷാമാർഗ്ഗമായി ഉപയോഗിക്കുന്നു. ഈ മേഖലയിലെ കുറഞ്ഞതെങ്കിലും സ്ഥിരമായ വളർച്ചയുടെ ഒരു പ്രധാന കാരണം മുടങ്ങാതെ ലഭിക്കുന്ന (മൺസൂൺ) കാലവർഷമാണ്. ഇത് വില നിലവാരത്തെ കാര്യമായി സ്വാധീനിച്ചു. കാർഷിക മേഖലയെ സാമ്പത്തിക പരിഷ്ക്കാരത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയത് രണ്ടു കാരണങ്ങൾ കൊണ്ടാവണം. ഒന്ന്, മൂലധന നിക്ഷേപം കുറച്ചുകൊണ്ടു വരുന്ന ഒരു ഗവൺമെന്റിന് അതു വലിയ ചെലവുകൂടാതെ പ്രാവർത്തികമാക്കാൻ കഴിയുന്ന മേഖലയാണ് കാർഷിക മേഖല. രണ്ട്, കാർഷിക മേഖലാ പരിഷ്ക്കാരങ്ങൾ പല സാമൂഹിക പ്രശ്നങ്ങളും ഉണ്ടാക്കാൻ ഇടയാക്കുമെന്ന് സർക്കാർ വിചാരിക്കുന്നുണ്ടാവണം. സാമ്പത്തിക തത്വങ്ങളും വികസ്വര രാജ്യങ്ങളുടെ സാമ്പത്തിക ചരിത്രവും പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. ഐ.എം.എഫ് രീതിയിലുള്ള സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഈ രാജ്യങ്ങളെ വൻ സാമ്പത്തിക വിഷമതകളിലേക്ക് തള്ളിവിടും. ഇതിന് ഇരയാകുന്ന ജനവിഭാഗം പാവപ്പെട്ടവരും സ്വന്തമായി ആസ്തിയില്ലാത്തവരും ആയിരിക്കും. പരിഷ്ക്കാരത്തിന്റെ മറവിലുള്ള ചെലവു ചുരുക്കൽ ആദ്യം ബാധിക്കുന്നത് വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷണം, സാമൂഹിക ക്ഷേമപരിപാടികൾ എന്നിവയെയാണ്. ഇത് വലിയൊരു വിഭാഗം ജനങ്ങളെ പ്രതികൂലമായി ബാധിക്കും.

ലോകത്തിലെ പാവപ്പെട്ടവരിൽ മൂന്നിലൊന്ന് അധിവസിക്കുന്ന രാജ്യമാണ് ഇന്ത്യ. ഇന്ത്യാക്കാരുടെ അടിസ്ഥാന പ്രശ്നങ്ങൾ ദാരിദ്ര്യവും പോഷകാഹാരക്കുറവും, വസ്ത്രവും, പാർപ്പിടവും തന്നെയാണ്. മനുഷ്യോചിതമായ ഒരു ശുഭ്രവർ ജീവിതം നയിക്കാൻ ഇന്ത്യക്കാരെ പ്രാപ്തരാക്കുക എന്നതാണ് ഇവിടുത്തെ ഭരണകൂടത്തിന്റെ ചുമതല. ഈ ചുറ്റുപാടിൽ പുത്തൻ സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഇന്ത്യക്കാരിൽ മഹാഭൂരിപക്ഷത്തെയും കമ്പോളത്തിന്റെ ദയാദാക്ഷിണ്യത്തിന് തള്ളിവിടുന്നതിന് സമമാണ്. ഇത് ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ബാധ്യസ്ഥമായ ഒരു ഗവൺമെന്റ് തന്നെ അവ ഹനിക്കുന്നതിന് തുല്യമാണ്.

# My Sister; not of my Blood

Sheena Kaimal N.
I MA English

*She called me 'Chechi'*
*Then she told me*
*"I'm your sister, you know?"*
*"Oh, my darling, it's you?*
*I knew not, I'm sorry, dear.*
*Your cheeks plump*
*So cute you are!"*
*My mirror tells me lies?*
*We're no match.*
*Still She called me, 'Chechi'*
*She played with me,*
*I grew perplexed*
*When she said sweet riddles*
*'Chechi', you resign,*
*I shall answer."*

*Often did she come to my house*
*I a big child for her,*
*Bent my heart till it reached*
*Down the kindergarten*
*But, my mind was elsewhere*
*"'Chechi' you're not listening?"*
*"Oh, sweety, shall I kiss you?"*
*My coal black lips touched her rosy ones*
*But..... I couldn't give her a sweet blow*
*Nor a sweet pinch, I knew not why.*
*Now, in my twenties, I find it.*
*She was not born*
*Not at all*
*In my mother's womb;*
*Still she is my soul's sister*

---

# An Everlasting Love Affair

*Persons strive for everlasting love affair*
*do you want to love anyone forever?*
*Be alone with nature one day*
*nature and you. Nobody else!*
*Don't say anything. Just let it happen*
*Fall in love with nature*
*Nature has the beauty which nobody can match*
*Nothing is more fascinating than nature.*
*Yes the love between nature and you....*
*It's an everlasting love affair*

**Elezabeth Jacob**
I PDC III Group

# മോഹൻദാസ് കർമ്മചന്ദ്രന്...



പ്രിയപ്പെട്ട മോഹൻദാസ്,

ദില്ലിയുടെ ചരിത്രസ്ഥലികളിൽ നിന്ന് പെരിയാറിന്റെ ജൈവ സമൃദ്ധിയിലേക്കുള്ള ദൂരത്തിന് ഞാനിന്നലെ ഒരു പേരിട്ടു - ഗാന്ധിമാവ്. നരച്ച ക്ലാസ്മുറികളിൽ ആരോ പതറി നിർത്തിയ ഇന്നലെയുടെ കഥമാത്രമായി നീ മറയുന്നത് വിധിയുടെ പുതിയ കണ്ണുപൊത്തിക്കളിയാവാം...

ആയിരത്തി തൊള്ളായിരത്തി നാൽപത്തി ഏഴിന്റെ പറയപ്പെടാത്ത ചരിത്രങ്ങളിൽ നിന്നെ തിരയാനാണ് ഞങ്ങൾക്കിഷ്ടം. സ്വാതന്ത്ര്യത്തിന്റെ മഹാഘോഷങ്ങൾക്കിടയിലും, കാശ്മീരിപണ്ഡിറ്റിന്റെ വിശദാഷണത്തിലും പിന്നെ മേമ്പൊടിക്കിത്തിരി വിഭജനത്തിലുമാണ് എന്റെ തലമുറ സ്വാതന്ത്ര്യത്തെ അറിയുന്നത്. അത്മാത്രമാണ് ചരിത്രം ഞങ്ങളെ അറിയിച്ചതും. നവഖാലിയിലും കൽക്കത്തയിലും വിഭജനത്തിന്റെ മുറിവുണക്കുന്ന കുരിശിന്റെവഴി കാലം നിനക്കായി നീക്കിവെച്ച അന്ത്യവേഷം മാത്രമായിരുന്നോ? ആരോടും പരിഭവിക്കാതെ നീ സ്വയം തിരഞ്ഞെടുത്ത വിലാപത്തിന്റെ വഴിയായി അതിനെ കാണാനാണ് എനിക്കിഷ്ടം.

വൈദേശിക ഉപരിവർഗ്ഗത്തിൽ നിന്ന് അധികാരത്തിന്റെ അമൃതകുംഭം തദ്ദേശീയ ഉപരിവർഗത്തിലേക്ക് ചേക്കേറുമ്പോൾ പാലാഴിമഥനത്തിന്റെ മഹാവഞ്ചനയ്ക്ക് എതിർപാട്ട് രചിക്കുകയായിരുന്നുവോ? ഒടുവിൽ മറ്റേതൊരു പ്രവാചകനെയും പോലെ നീയും സ്വന്തം വംശത്താൽ വഞ്ചിതനായി. ഒപ്പം ഒരു നാടും.

ബ്രിട്ടൻ ഇന്ത്യവിടുന്നതോടെ നീ ഇടപെടുകയും നയിക്കുകയും ചെയ്ത ചരിത്രവും അവസാനിച്ചുവല്ലോ. നാഥുറാം വിനായക ഗോഡ്സെ അനുഗ്രഹത്തിന്റെ, അന്ത്യമോചനത്തിന്റെ രാമമന്ത്രങ്ങൾ നിനക്ക് മേൽ ചൊരിഞ്ഞ ജനുവരിയുടെ ശീതസന്ധ്യയിൽ മരവിച്ചത് മനുഷ്യന്റെ മഹാനന്മയിൽ എന്നും വിശ്വസിക്കുന്നവന്റെ പ്രതീക്ഷകളുടെ തുരുത്താണ്.

നവഖാലിയും കൽക്കത്തയും ബീഹാറും എല്ലാം രക്തവും കണ്ണീരും നനച്ചൊട്ടിച്ച ദുരിതചിത്രങ്ങളായി അറ്റുവീണേക്കാവുന്ന ഒരു ദേശീയതയുടെ അരുണോദയങ്ങളായി. ചതുരവും ത്രികോണവും സംഗമിച്ച ഭൂപടങ്ങളിൽ ഇന്നും അവശേഷിക്കുന്നു. നിന്റെ ദരിദ്ര നാരായണൻമാർ... അവരിപ്പോഴും ഒരുപാട് വേഷങ്ങൾ മാറിയാടിയിട്ടും ഒരു വേഷത്തിനും പാകമാകാത്തവരായി ജീവിതത്തിന്റെ പെരുവഴികളിൽ ഒരു വെടിയുണ്ടക്കായി കാതോർത്തിരിക്കുന്നു.

ഒരു ചെറുത്തുനിൽപ്പുപോലുമില്ലാതെ ഒരിക്കൽകൂടി കീഴടങ്ങാൻ കോശങ്ങൾ തുടിക്കുന്ന ഒരു ജനതയായി ഞങ്ങൾ മാറിക്കഴിഞ്ഞു. ഒരിക്കൽ കൂടി അധിനിവേശത്തിന്റെ അമൃതരതി നുണയാൻ കിടഞ്ഞു തീർക്കുന്ന വെള്ളത്തവന്റെ ബീജത്തിൽ സ്വയം നനഞ്ഞലിയാൻ മനസ്സും ശിരസ്സും വെമ്പുന്ന ഒരു ദാസ്യത്തിലേക്ക് കഴിഞ്ഞ അരനൂറ്റാണ്ടുകൊണ്ട് ഞങ്ങൾ പരിവർത്തനം ചെയ്യപ്പെട്ടു.

സ്വാതന്ത്ര്യം മാനഭംഗത്തിന്റെ ഒടുക്കമാണെന്നതും പുതിയ കാലത്തിന്റെ നേരറിവാണ്...

നിന്നിലേക്കുള്ള തിരിച്ചുപോക്ക് ഒരിക്കലും ഒരുത്തരമല്ലെന്ന് ഞാനറിയുന്നുണ്ട്.

എങ്കിലും... മോഹൻദാസ്... നീ പിറക്കാതിരുന്നെങ്കിൽ...

ചരിത്രത്തിൽ വഞ്ചിക്കപ്പെട്ടവരുടെ ഗാലറിയിലേക്ക് നിന്റെ മുഖവും പ്രതിഷ്ഠിക്കാതിരുന്നെങ്കിൽ...

കൊടുംഫലിതത്തിന്റെ രുധിരമുഖമായി ഒരു ചിലമ്പിച്ച ഗാനമായി നീ മറയുന്നതെന്ന്.

പ്രിയപ്പെട്ട മോഹൻദാസ്...

ഒരിക്കൽകൂടി... ഒരിക്കൽകൂടി നീ പിറക്കാതിരുന്നെങ്കിൽ...

സ്നേഹപൂർവ്വം,

*നോബി ജെ. പട്ടേരി*
III ബി.എ. ഇക്കണോമിക്സ്

# ദൈവപഥം

ശ്യാം ബാബു പാറപ്പുറം
I ബി.എ. മലയാളം

1

ഇന്നെന്തോ ഞാൻ അങ്ങനെ ഓർത്തു പോയി.... പണ്ട് അച്ഛന്റെ മടിയിൽ തലചായ്ച്ച് അച്ഛൻ പറയുന്ന കുസൃതി ചോദ്യങ്ങൾ പഠിക്കുമ്പോഴും കഥകൾ കേൾക്കുമ്പോളും കുസൃതിയായ ഞാൻ എത്രമാത്രം സന്തോഷിച്ചിരുന്നു. ആ സ്നേഹാർദ്രമായ ഗൃഹാതുരത നിറഞ്ഞു തുളുമ്പുന്ന നിമിഷങ്ങൾ പലപ്പോഴും ഓർമ്മയിൽ വരാറുണ്ടെങ്കിലും ഇത്തരത്തിൽ ആദ്യമാണ്. അന്നെല്ലാം 'നുണ'യെക്കുറിച്ച് അച്ഛൻ പറയുമ്പോൾ അച്ഛന്റെ താടിയിൽ പിടിച്ച് വലിക്കുമായിരുന്നു. അന്ന് അച്ഛൻ പറഞ്ഞു തന്നത് അംഗീകരിക്കാൻ മടിയായിരുന്നെങ്കിലും ഇന്ന് അത് അംഗീകരിക്കുന്നു. അച്ഛൻ പറഞ്ഞതുപോലെ ഓരോ അദ്ധ്യയന ദിനങ്ങളിലും സ്ക്കൂൾ അസംബ്ലിയിൽ ഞാൻ പ്രതിജ്ഞ ചൊല്ലിയിരുന്നു – 'ഭാരതത്തിലെ എല്ലാ ജനങ്ങളും എന്റെ സഹോദരീ സഹോദരരാണെന്ന്'. അന്നും ഇന്നും ഗൗരവമുൾക്കൊള്ളാതെ ഒരു ചടങ്ങായി പറഞ്ഞുപോരുന്ന പ്രതിജ്ഞാവരികൾ. ഒന്നുറപ്പാണ് ഞാൻ ഏറ്റവും കൂടുതൽ ആർക്കും ശല്യമില്ലാതെ പറഞ്ഞു പോന്ന 'നുണ'. ആ 'നുണ'യുടെ അർത്ഥവും വ്യാപ്തിയും ഗൗരവപൂർവ്വം ഉൾക്കൊണ്ടിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു പോയ നിമിഷങ്ങളാണിവ....



2

ഇന്നലത്തെ വായനയിൽ ബൈബിളിന്റെ ഏടുകളിൽ നിന്നും എനിക്കു കിട്ടിയത് നീതിമാന്റെ അന്ത്യഭാഗമായിരുന്നു. 'ദേവാലയത്തിലെ തിരശ്ശീല മുകൾ മുതൽ കീറിയതും, പാറ പിളർന്നതും, ഭൂമി കുലുങ്ങിയതും, സൂര്യൻ മറഞ്ഞതും, കല്ലറകൾ തുറക്കപ്പെട്ടതും ഞാൻ ഭയഭക്തി സാന്ദ്രമായി വായിച്ചു.... ഇത് നീതിമാന്റെ മരണത്തെ പ്രകൃതി ചോദ്യം ചെയ്തതായി ഞാൻ ഓർത്തുപോയി.... ശിഷ്യൻമാർപോലും മൗനം



പാലിച്ചപ്പോൾ പ്രകൃതി ചോദിച്ചു; ഭൂമി ചോദിച്ചു. ഞാൻ അന്യായമായി കൊല്ലപ്പെട്ടാൽ അതിൽ നിങ്ങൾ മൗനംപാലിച്ചാലും ഭൂമി ചോദിക്കും. ഞാനും ഭൂമിയുടെ പ്രിയപുത്രൻ....

3

ഇന്നലത്തെ സ്വപ്നം എനിക്ക് ഒത്തിരി ഭയം നിറഞ്ഞ നിമിഷങ്ങൾ സമ്മാനിച്ചു.... ഷേഖ് റഹ്മാനും, മിഷനറിയായ ഗ്രഹാം സ്റ്റെയിൻസും രണ്ടു മക്കളും വെന്തു മരിക്കുന്നു. അവരുടെ മാംസത്തിന്റെ മണം (ഞാൻ കഴിക്കുന്ന ഫാസ്റ്റ് ഫുഡിന്റെ മണം) മാറുന്നതോടൊപ്പം അരുൾദാസ് പ്രത്യക്ഷപ്പെടുകയും ചെയ്തു.... അദ്ദേഹത്തിന്റെ ദേഹം അമ്പുകളാൽ മുറിവേൽപ്പിക്കപ്പെടുന്നു. ആ അമ്പുകൾ എന്റേയും ഹൃദയത്തിലേക്ക് പതിച്ചിട്ടും ഞാൻ ഒന്ന് അലറാൻപോലും മുതിർന്നില്ല. ഞാൻ സ്വയമേ പറഞ്ഞു, അപ്രകാരം ഇന്നത്തെ സമൂഹത്തിൽ അലറിക്കൂടാ.....

4

ഇന്നത്തെ വായന കഴിഞ്ഞ നൂറ്റാണ്ടിലെതന്നെ ദുരന്തമായിരുന്നുവോ? അതെ സഹായനിധിയുടെ ചിത്രമായി പ്രത്യക്ഷപ്പെട്ട ആ ദുരന്ത ബിംബമായ അമ്മയും മകനും വലിയ ദുരന്തത്തിന്റെ സൂചികയാണ്....

ഷേഖും, മിഷനറിയും അരുൾദാസും രക്തസാക്ഷികളായി തീർന്ന ഒറീസയുടെ സങ്കടങ്ങൾ വായിച്ചപ്പോൾ ഇന്നലത്തെ ബൈബിൾ വായനക്കും, സ്വപ്നത്തിനും പുത്തൻ മാനങ്ങൾ..... അവ നീതിമാന്റെ അന്ത്യത്തിലെ പ്രകൃതി കോപങ്ങളിലേക്ക് വലിച്ചിഴക്കുന്നു. ഷേഖിന്റേയും, മിഷനറിയുടെയും, അരുൾദാസിന്റേയും ആത്മാക്കൾ 'ദൈവമേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോട് ക്ഷമിക്കേണമേ' എന്ന കർത്താവിന്റെ പ്രാർത്ഥന ആവർത്തിച്ചിരിക്കാം. കോപം ഒറീസയെ മാത്രം കണ്ണീർ നനച്ചത് അതുകൊണ്ടാവാം. അല്ലെങ്കിൽ.... ഇപ്പോൾ മനസ്സിൽ ഒരു വേദപഥം മാത്രം അവശേഷിക്കുന്നു....

5

ഇന്ന് എന്റെ കൂട്ടുകാരിയോട് കോളേജ് ചുമരുകളെ സാക്ഷിയാക്കി ഞാൻ ആ ഉണർവിനെക്കുറിച്ച്, വേദപഥത്തെക്കുറിച്ച് പറഞ്ഞു. ആ വേദപഥത്തിലൂടെ ഉണർവിന്റെ ദീപവുമായി എനിക്ക് പോകണം. അച്ചൻ വൈകുന്നേരം വരുമ്പോൾ പ്രതിജ്ഞയിലെ 'നൂണ' വാക്യത്തിന്റെ അർത്ഥം മനസിലായെന്നും അത് പണ്ടേ സമൂഹം ഗ്രഹിക്കേണ്ടിയിരുന്നെങ്കിൽ ഇതൊന്നും..... ഞാൻ പറഞ്ഞു തീർക്കും മുമ്പേ അവൾ എന്നെ വിലക്കി. അവളുടെ ആർദ്രമായ കൈ എന്റെ കൈയ്യിൽനിന്നും മാറ്റുന്നേരം എന്റെ കൂട്ടുകാരി ഏതോ വിചിത്ര ലോകത്തിലെവിടെയോ വിചിത്രജീവിയെപ്പോലെ നോക്കിക്കൊണ്ടിരുന്നു. ഞങ്ങളുടെ കണ്ണുകൾ തമ്മിൽ ഇതിഹാസങ്ങൾ രചിച്ചോ ആവോ? ഒന്നുറപ്പ് അവളുടെ മനസ്സിലെങ്കിലും ഇന്നത്തെ സമൂഹത്തേയും ഇന്നലത്തെ ബുദ്ധനേയും ഓർത്തു കാണും.

# അനന്തരം



കവിത മരവിച്ചു പോയിരുന്നു

അലമുറകളുടെയും അലർച്ചകളുടെയും
ഒരിടനാഴിയിലേക്കാണ്
ഞാൻ കോണിപ്പടികൾ
കയറിവന്നതെന്നോർക്കുമ്പോൾ
ഭയം തോന്നുന്നു.

വെറുപ്പിന്റെ ചുംബനം
ഛർദ്ദിച്ച ചുണ്ടിന്റെ
ചുവപ്പിന്റെ കറുപ്പിൻ
ഉൾപ്പഥങ്ങളിൽ
നീലിച്ച ഹൃദയത്തിലൊരു
പ്രണയപുഷ്പത്തെ വെളുത്ത
ശവക്കച്ച പുതപ്പിച്ച് കിടത്തിയിരിക്കുന്നു.

# കവിതയായ് പെയ്തത്...

ശിശിരത്തിനൊപ്പം എന്റെ
ഓർമ്മകൾ ഉണങ്ങിപ്പോവുന്നു
അലസസംഗീതം
ദ്രുതതാളം
വിരലുകൾ കൂട്ടിപ്പിണച്ചെന്റെ
ഞരമ്പുകൾ നൃത്തമാടുന്നു
തലച്ചോറ്
-ഒരു കഷണം പുഴുങ്ങിയ കപ്പ
നിഷ്കാസിതന്റെ
ചെരിഞ്ഞ നിഴൽച്ചിരി
മരിചികയിൽ പ്രതിബിംബം
ആസ്വദിച്ച് മടുത്ത്
ഉഷ്ണവെയിലിലെന്റെ നരച്ചരൂപം
തുണിയുരിഞ്ഞാടുന്നു
ആത്മഹത്യക്കു നീട്ടിവച്ച
തലയിൽതട്ടിപ്പാളം തെറ്റുന്നു തീവണ്ടി
കടൽത്തീരത്ത് പ്രേതങ്ങൾ
കൊത്തിത്തിന്നുന്ന ഇന്നലെയുടെ
മൃതദേഹം

മഴനിഴൽ മേഖല കടന്ന്
മൂകരാത്രി.
-വിയർപ്പിനുപ്പ് നുണഞ്ഞെന്റെ
ആലിംഗനം മരിക്കുന്നു
ആവേഗങ്ങൾക്കൊടുവിൽ
ചത്തൊടുങ്ങുന്നു വരികൾ
അവസാന ചുംബനം കഴിഞ്ഞെന്റെ
വെറുപ്പിന്റെ അഭിവാദ്യങ്ങൾ!

നീ പോവുക
എന്റെ മരുഭൂമികൾ വിട്ട്......

*അരുൺ ടി.എ.*
I ബി.എ. ഇക്കണോമിക്സ്

*With best compliments from :*

# MEGHADOOTH

**Tours & Travels**

**Phone : 632132, 620171**

ആശംസകൾ...

# ഹോട്ടൽ അന്നപൂർണ്ണ

ബാങ്ക് ജംഗ്ഷൻ, ആലുവ, ഫോൺ: 624105

59വർഷത്തെ സേവനപാരമ്പര്യമുള്ള ഒരു മഹത്തായ സഹകരണസ്ഥാപനം

## കടുങ്ങല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2165 (സ്പെഷ്യൽ ഗ്രേഡ്)

കിഴക്കേ കടുങ്ങല്ലൂർ, ആലുവ-2. ഫോൺ: 625378, 625379, 630584

ബ്രാഞ്ച്: കുറ്റിക്കാട്ടുകര. ഫോൺ: 542024

എക്സ്റ്റൻഷൻ കൗണ്ടർ ഉളിയന്നൂർ, എടയാർ

അംഗങ്ങൾ 16000, അംഗീകൃത ഓഹരി മൂലധനം 2കോടി, പിരിഞ്ഞ ഓഹരി 1.80കോടി, നിക്ഷേപങ്ങൾ 21കോടി, വായ്പകൾ 13കോടി (പ്രതിമാസ ലേലച്ചിട്ടികൾ, ആകർഷണീയമായ നിക്ഷേപപദ്ധതികൾ, കൺസ്യൂമർ, വളം, കീടനാശിനി നിക്ഷേപങ്ങൾ)

അഡ്വ: മനോജ് വാസു
പ്രസിഡൻറ്

എസ്. രവി
സെക്രട്ടറി

**From the Leader of Computer Education**

# S S i Limited

it's whee your future is.

**Computer Education**

**Manjooran Centre**
**Hospital Junction,**
**Alwaye. Ph : 628896**

**Our professional courses:**

**Impact**
**E2Com, Java@ssi**
**VB with Oracle.8, C,C++, Unix**

**We have:**

**Quality education at affordable fees.**
**Wide coverage of courses**
**One-student one computer**
**ISO-9001 certified course materials**

# SPORTS FEST











# UNIVERSITY PLAYERS


അജീവ് കെ.കെ.
ഹോക്കി


അനൂരൂപ് ആർ.എസ്.
സോഫ്റ്റ്ബോൾ


അഷ്കർ
സോഫ്റ്റ്ബോൾ


ജോളി എം. ഡാനിയൽ
ഹോക്കി


കിരൺ വി.
സോഫ്റ്റ്ബോൾ


മനോജ് കെ.എൻ.
സോഫ്റ്റ്ബോൾ


പ്രശാന്ത് പി.ആർ.
ജൂഡോ


സുനിൽകുമാർ പി.
സോഫ്റ്റ്ബോൾ


സിബി സിറിയക്
സോഫ്റ്റ്ബോൾ


അഭിലാഷ് എം.ബി.
ഹോക്കി


സുനിൽകുമാർ
ക്രിക്കറ്റ്

# UNIVERSITY PLAYERS



ബിന്ദു ബി.
ക്രിക്കറ്റ്



രമിത പി.കെ
സോഫ്റ്റ്ബോൾ,
ഹോക്കി



സന്ധ്യ പി.ഡി.
ഹോക്കി



ഷക്കീല ഒ.സി.
ഹോക്കി



സൂസൻ എബ്രഹാം
ഹോക്കി



സ്വപ്ന എൽ.
ഹോക്കി



ട്രീസ ജോസ് പി.
ഹോക്കി



വിജി മാത്യു
ഹോക്കി



കവിത സി.
ഹോക്കി

# COLLEGE TEAMS



ക്രിക്കറ്റ് ടീം (പുരുഷവിഭാഗം)



ക്രിക്കറ്റ് ടീം (വനിതാവിഭാഗം)
എം.ജി. യൂണിവേഴ്സിറ്റി ജേതാക്കൾ



ഹോക്കി ടീം (പുരുഷവിഭാഗം)



ഹോക്കി ടീം (വനിതാവിഭാഗം)
എം.ജി. യൂണിവേഴ്സിറ്റി ജേതാക്കൾ

# COLLEGE TEAMS



ജൂഡോ ടീം



ബാസ്ക്കറ്റ്ബോൾ ടീം



സോഫ്റ്റ്ബോൾ ടീം



ഡാൻസ് ടീം

# CONGRATULATIONS

## ഈ വർഷത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ അദ്ധ്യാപകർ



ഡോ. രാജു കെ. ജോൺ
ഫിസിക്സ് വിഭാഗം



ഡോ. ടോമി വർഗ്ഗീസ്
ഇക്കണോമിക്സ് വിഭാഗം



ഡോ. രാജൻ വർഗീസ്
ഇക്കണോമിക്സ് വിഭാഗം

# RETIREMENTS



പ്രൊഫ. സി.എം. മാത്യു
ബോട്ടണി വിഭാഗം



ഡോ. പി.എം. ചാക്കോ
ഇംഗ്ലീഷ് വിഭാഗം



പ്രൊഫ. ടി.എൻ. വിജയൻ
ഫിസിക്സ് വിഭാഗം



പ്രൊഫ. ബി. വത്സലകുമാരി
ഇംഗ്ലീഷ് വിഭാഗം



ശ്രീ. കുരുവിള വർഗീസ്
ലൈബ്രേറിയൻ



ശ്രീ.കെ. സുധാകരപിള്ള
ലാബ് അസിസ്റ്റന്റ്

Aldous Glare

PERSONAL COMPUTERS

intel®

PRODUCTS

ACER

PRODUCTS

LG

PRODUCTS

# Aldous Glare Systems

**Computers & Peripherals**

2nd Floor, City Memorial Buildings, Beerankunju Road,
Cochin - 18. E-mail: Aldous@satyam.net.in.
Ph : 362879, 383315. Fax : 383315.

**Spares & Accessories**
**Ready to Assemble PC - Kits**
**Multimedia Kits**
**Printers**
**Modems**
**Scanners**
**UPS**
**CD Writer, etc.**

വാക്ക്



# വിദ്യാർത്ഥികൾ സമൂഹത്തിൽ ചലനങ്ങളുണ്ടാക്കേണ്ടവരോ?

ജെയ്സിൽ ജേക്കബ്
II പി.ഡി.സി

വിദ്യാർത്ഥി സമരങ്ങളുടെ ത്യാഗങ്ങളും സമരവീര്യവും നമ്മിലൂടെ കടന്നു പോകുമ്പോൾ പ്രതികരണ ബോധത്തിന്റെ തലങ്ങളിൽ വിള്ളലുകൾ വീണിരിക്കുന്നുവോ? ഈ ചോദ്യങ്ങൾക്കുത്തരം നമ്മുടെ സംസ്കാരം നമുക്ക് തന്ന മൂല്യബോധങ്ങളിൽ നിന്ന് സ്വാംശീകരിച്ചെടുക്കാം.

**ലോകവ്യാപകമായുണ്ടായ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ**

ആഗോള വ്യാപകമായി പ്രതികരണ ശേഷിയുടെ തിരിനാളങ്ങളായി സാമൂഹ്യ വിരുദ്ധതകളോട് പ്രതികരിച്ച വിദ്യാർത്ഥി സമരങ്ങളെ ഇവിടെ ചേർക്കുന്നു. ആ സമരത്തട്ടുകളിൽ പ്രാദേശികമായ വ്യത്യസ്തതകളും രാഷ്ട്രീയമായ ചായ്‌വുകളും മുതലെടുപ്പുകളും കണ്ടേന്നിരിക്കാം. എന്നാൽത്തന്നെയും ഈ പോരാട്ടങ്ങൾ വിദ്യാർത്ഥികൾ സാമൂഹ്യ വ്യവസ്ഥിതികളോട് പ്രതികരിക്കേണ്ടതിന്റെ മാതൃകകളായിത്തീരുന്നു.

ഇന്തോനേഷ്യയിൽ ജനറൽ സുഹാർത്തോവിന്റെ ഭരണത്തോട് പ്രതികരിച്ചത് വിദ്യാർത്ഥി നേതൃത്വം ആയിരുന്നു. മെക്സിക്കോ സർവ്വകലാശാലയുടെ ആസൂത്രണ വൈകല്യങ്ങൾക്കെതിരെ വിദ്യാർത്ഥികൾ പ്രതികരിച്ചു. ബർമ്മയിലെ പട്ടാള ഭരണത്തിനെതിരെയുള്ള പ്രക്ഷോഭങ്ങളിൽ വിദ്യാർത്ഥി നേതൃത്വം പങ്കുചേർന്നു. ചിലിയിൽ ജനറൽ അഗസ്റ്റോ പിനോഷെയുടെ സ്വേച്ഛാധിപത്യത്തിനെതിരെ കൊടുങ്കാറ്റുകൾ അഴിച്ചുവിട്ടതും വിദ്യാർത്ഥികളായിരുന്നു. പാകിസ്ഥാനിലെയും അഫ്ഗാനിസ്ഥാനിലെയും മദ്രസകളോട് ബന്ധപ്പെട്ട പ്രക്ഷോഭങ്ങൾക്ക് മതവിദ്യാർത്ഥികൾ തുടക്കം കുറിച്ചു.

ചൈനയിലെ ടിയാനെൻമെൻ സ്ക്വയറിൽ മരിച്ചു വീണ വിദ്യാർത്ഥികളെക്കുറിച്ചുള്ള ഓർമ്മകൾ മനസ്സിൽ നൊമ്പരമുണർത്തുന്നു. റഷ്യൻ സമരമുഖങ്ങളിൽ വിദ്യാർത്ഥി നേതൃത്വങ്ങൾ നിറഞ്ഞ കാഴ്ചയായിരുന്നു. ഹംഗറി, പോളണ്ട്, ചെക്കോസ്ലാവാക്കിയ എന്നിവടങ്ങളിൽ നടന്ന പ്രക്ഷോഭങ്ങളിലും വിദ്യാർത്ഥികൾ വഹിച്ച പങ്ക് സ്മരിക്കത്തക്കതാണ്. യാങ്കി കാട്ടാളത്തിനെതിരെ കൊസോവയിൽ നടന്ന സമരങ്ങളിൽ വിദ്യാർത്ഥികളുടെ സഹകരണം പ്രതികരണ ബോധത്തിന് പുതിയ മാതൃകകളാകുന്നു.

**വിദ്യാർത്ഥി പ്രക്ഷോഭം കേരളത്തിൽ**

ഇന്ത്യയിലേക്ക്, കേരളത്തിലേക്ക് തിരിച്ചു വരുന്നു. സമൂഹത്തിന്റെ ഏതൊരു മേഖലയിലും മാറ്റങ്ങൾക്ക് വഴിതെളിക്കേണ്ടത് തങ്ങളാണെന്ന ബോധം എഴുപതുകളിലെ വിദ്യാർത്ഥി രാഷ്ട്രീയത്തിന് നൂതന

ഭാവങ്ങൾ നൽകിയിരുന്നു.

വിദ്യാഭ്യാസ പരിഷ്ക്കരണ നിയമങ്ങൾക്കു് ഫീസ് ഏകീകരണത്തിനുമായി നടത്തിയ പ്രക്ഷോഭങ്ങൾ ഈ പ്രസ്താവനകളോട് യോജിക്കാൻ പ്രേരിപ്പിക്കത്തക്കവയായിരുന്നു. ഇന്ത്യയിലെ അന്നത്തെ പ്രത്യേക രാഷ്ട്രീയ സാഹചര്യങ്ങളും ലോകവ്യാപകമായുണ്ടായ വിദ്യാർത്ഥി സമരങ്ങളുടെ സ്വാധീനവും വിദ്യാർത്ഥികളെ പ്രക്ഷുബ്ധരാക്കിയിരുന്നെങ്കിലും ഇന്നത്തെ രാഷ്ട്രീയബോധത്തേക്കാള് അംഗീകരിക്കപ്പെടേണ്ടതായിരുന്നു അന്നത്തെ വിദ്യാർത്ഥി ചിന്തകൾ.

സാമൂഹിക മാറ്റങ്ങളിൽ വിദ്യാർത്ഥികളുടെ പങ്ക്

കുറച്ചധികം ചോദ്യങ്ങൾ നമ്മുടെ കൺമുൻപിൽ തെളിയുന്നു. വിദ്യാർത്ഥികൾ പഠനത്തിൽ മാത്രം ശ്രദ്ധിക്കേണ്ടവരോ? അവർ സമൂഹത്തോട് പ്രതികരിക്കേണ്ടവർ കൂടിയോ? അപ്പോൾ ഉപോല്പന്നങ്ങളായ മറ്റു ചില ചോദ്യങ്ങൾ കൂടി കടന്നു വരുന്നു. വിദ്യാർത്ഥികൾ പഠിക്കുന്നത് സമൂഹത്തിന് വേണ്ടിയോ? അവനവന് വേണ്ടി മാത്രമോ? രക്ഷിതാക്കൾക്ക് വിദ്യാർത്ഥികളുടെ താല്പര്യങ്ങൾ നോക്കാതെ സ്വന്തം ഇഷ്ടങ്ങൾക്കനുസരിച്ച് അവരുടെ ഭാവി തിരിച്ചു വിടാൻ പൂർണ്ണമായ അധികാരമുണ്ടോ? ഇത്തരം ചോദ്യാവലികൾക്ക് നടുവിൽ ഖലീൽ ജിബ്രാന്റെ വാക്കുകൾ നമ്മുടെ മനസ്സുകളിൽ തറക്കുമെന്ന് വിശ്വസിച്ചുകൊണ്ട് ഇവിടെ കുറിക്കുന്നു.

"നിങ്ങളുടെ മക്കൾ നിങ്ങളുടെ മക്കളല്ല. അവർ സ്വന്തം ജീവിതത്തിന്റെയും അഭിലാഷത്തിന്റെയും പുത്രന്മാരും പുത്രിമാരുമാണ്. അവർ നിങ്ങളിലൂടെ വളരുന്നു. എന്നാൽ നിങ്ങളിൽ നിന്നല്ല വളരുന്നത്. നിങ്ങളുടെ സ്നേഹം അവർക്കായി നൽകാം, എന്നാൽ നിങ്ങളുടെ ചിന്തകൾ നൽകരുത്. എന്തെന്നാൽ അവർക്ക് അവരുടേതായ ചിന്തകൾ കാണും."

നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗം നഗരങ്ങളിലെ എൻട്രൻസ് ക്ലാസ്സുകളിലേക്ക് ചുരുക്കപ്പെട്ടു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ മാറ്റങ്ങളോട് വിദ്യാർത്ഥികൾ പ്രതികരിക്കുക എന്നത് അറിയാതെ ചോർന്നു പോകുന്ന പ്രാധാന്യമേറിയ ഒരു കാര്യമായി മാറുന്നു. ഏതൊരു രാഷ്ട്രീയ മാറ്റവും നമ്മുടെ ജീവിത മണ്ഡലത്തിൽ വ്യതിയാനങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമാണ് എന്ന വസ്തുത ഉപഭോഗ സംസ്കാരത്തിന്റെ ഈ പുതിയ തലമുറ മനസ്സിലാക്കുന്നില്ലെന്ന് നമുക്ക് തറപ്പിച്ച് പറയാം. കാരണമായി തോന്നുന്നത് പുതുരാഷ്ട്രീയ മാറ്റങ്ങളോടും രാഷ്ട്രീയ ആദർശങ്ങളോടും വിദ്യാർത്ഥികൾ പ്രതികരിക്കേണ്ടവരല്ല എന്ന അപകടകരമായ നൂതനഭാവമാണ്.

എന്റെ മക്കൾ പഠിക്കേണ്ടവരാണ്. ഇവിടെ പ്രതികരിക്കുവാൻ വേറെയാരുമില്ലേ? നമ്മുടെ സമൂഹം ഈ ചോദ്യം ആവർത്തിച്ചാവർത്തിച്ച് ആരോടെന്നില്ലാതെ ചോദിക്കുകയാണ്. മാറ്റങ്ങളോട് പ്രതികരിക്കുക എന്നത് വ്യക്തമാക്കുന്നത് സമൂഹത്തിന് നന്മകളെ തിരിച്ചറിഞ്ഞ് നൽകുക എന്നാണ്. ഞാൻ മാത്രം നോക്കിയാൽ ഈ സമൂഹം നന്നാവുമോ എന്നൊരു സന്ദേഹത്തിന് ഇത് വഴിയൊരുക്കുന്നു. ഉപദേശിക്കുന്നവർ ചൂണ്ടുപലകകളാണെന്ന അറിവോടെ നമുക്കീ സമൂഹത്തോട്, വിദ്യാർത്ഥികളോട് ചില നേരുകൾ വിളിച്ചു പറയാം. സമൂഹത്തെ നന്നാക്കാൻ ആരുമില്ലാത്തതു കൊണ്ട് നിങ്ങൾ നിങ്ങളെത്തന്നെ നന്നാക്കു. അങ്ങനെ ഈ സമൂഹത്തിലെ ഓരോ മനുഷ്യന്റെയും പരസ്പര പൂരകമായ പ്രവർത്തികൾകൊണ്ട് ഒരു നുള്ള് നന്മയെങ്കിലും നമുക്ക് ഈ സമൂഹത്തിന് നൽകാം.

വിദ്യാർത്ഥിയും സമൂഹവും

വിദ്യാഭ്യാസം മണ്ണിലേക്ക്, മനുഷ്യനിലേക്ക് ഇറങ്ങി വരണം എന്നൊരു നൂതന വെളിച്ചം പത്രമാധ്യമങ്ങളിൽ കാണുന്നു. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അപാകതകൾ ഇവിടെ തെളിഞ്ഞു തുടങ്ങുന്നു. ഇവിടെ വിദ്യാർത്ഥിയും സമൂഹവും തമ്മിൽ എന്തൊക്കെയോ അവ്യക്തവും അനുചിതവുമല്ലാത്ത വേലിക്കെട്ടുകൾ നിലനിൽക്കുന്നു.

ഒരു സമൂഹ ജീവിയായി സമൂഹത്തിൽ എങ്ങനെ ജീവിക്കണം എന്ന അറിവോടെ കലാലയങ്ങളിൽനിന്ന് പുറത്തിറങ്ങുന്നവനായിരിക്കണം യഥാർത്ഥ വിദ്യാർത്ഥി. പുതിയ മാറ്റങ്ങളോട് പ്രതികരിക്കുന്നവനും സാമൂഹിക വൈകല്യങ്ങളെ തിരിച്ചറിയുന്നവനും ആയി ഒരു വിദ്യാർത്ഥി പഠനം പൂർത്തിയാക്കുമ്പോൾ അവൻ സമൂഹത്തിനും അവനവന് തന്നെയും ഒരു സമ്പാദ്യമായിത്തീരും.

കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക അന്തരീക്ഷവുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ, വിദ്യാഭ്യാസ കച്ചവട സ്ഥാപനങ്ങളുടെ വളപ്പിന് പുറത്തു നടക്കുന്ന നാട്ടുകൂട്ടങ്ങൾക്കും അയൽക്കൂട്ടങ്ങൾക്കും പുതു ആസൂത്രിത വികസന രേഖകൾക്കും ഉപഭോഗ സംസ്കാരത്തിന്റെ നാറുന്ന വശങ്ങൾ പ്രാധാന്യം കുറച്ചു കാണിക്കുന്നു.

അടുത്തിരിക്കുന്ന സുഹൃത്തിന്റെ വേദനകളെ മനസ്സിലാക്കാതെ സാങ്കേതിക വിദ്യയുടെ യന്ത്രലോകത്തുകൂടി നടന്നകലുമ്പോൾ അവനിൽ നിന്ന് പ്രതീക്ഷിക്കുന്നത് എന്തെന്ന് സമൂഹം തിരിച്ചറിയേണ്ടിയിരിക്കുന്നു. പ്രണയിനിയുടെ സൗഭാഗ്യങ്ങളെക്കുറിച്ചും കൊമ്പലിൽ കുഴഞ്ഞ നഷ്ടങ്ങളെക്കുറിച്ചും ചിന്തിക്കുന്നവൻ സമൂഹത്തിന്റെ സൗഭാഗ്യങ്ങളെക്കുറിച്ചും വൻകെടുതികളെക്കുറിച്ചും ചിന്തിക്കുന്നില്ല എന്നത് തിരുത്തി വായിക്കേണ്ട ഒന്നാണ്. ഈ പുതിയ തിരിച്ചറിവുകളിൽ നിന്ന് സാമൂഹിക വ്യവസ്ഥിതികളോട് പ്രതികരിക്കുന്നതിൽ വിദ്യാർത്ഥികൾക്ക് വലിയൊരു സ്ഥാനം നമ്മുടെ സമൂഹം നൽകുമെന്ന് പ്രത്യാശിക്കാം.

# കോൻബനേഗാ കോടിപതി?!!

ഒരിടത്തൊരിടത്ത് ഒരു പെരുത്ത ആനയുണ്ടായിരുന്നു. ആ ആനയുടെ കൂടെ എപ്പോഴും ഒരു പാപ്പാനും കാണും. വിര പോലൊരുത്തൻ. ഗജപോക്കിരിയാണ് ഈ പറഞ്ഞവൻ. അവനാനയെക്കൊണ്ട് നാട്ടിലുള്ള തടിമുഴുവൻ പിടിപ്പിക്കും. ഉള്ള ഉത്സവത്തിനു മുഴുവൻ കൊണ്ടുപോയി കാശു വാങ്ങും. എന്നാൽ വല്ല ആഹാരവും കൊടുക്കുമോ, അതൊട്ടില്ല താനും. അതിനുള്ള കാശിനും കൂടി അയാൾ "പോട്ടി" അടിക്കും. പൊതുവെപറഞ്ഞാൽ ആനയെ എങ്ങനെയും ഉപദ്രവിക്കുകയാണ് അയാളുടെ അവതാരോദ്ദേശം.

ഇതൊന്നും അയാളുടെ മാത്രം കുറ്റമല്ല. ആനയെ കൊള്ളില്ലാത്തതുകൊണ്ടു കൂടിയാണ്. ആനയ്ക്ക് അതിന്റെ ശക്തി അറിയില്ല. ആന ഒരു തോണ്ട് കൊടുത്താൽ മതി അയാൾ അടുത്ത പഞ്ചായത്തിൽ ചെന്ന് വീഴും. ആനയിത് ആദ്യമൊക്കെ വളരെ ഉശിരോടെ ചെയ്തിരുന്നതാണ്. പക്ഷെ, പിന്നെ പിന്നെ അതിന് മനസ്സിലായി പാപ്പാനെ ഇങ്ങനെ തട്ടിയിട്ടൊന്നും കാര്യമില്ലെന്ന്. ഒരു പാപ്പാൻ പോയാൽ അത്രതന്നെ മോശമായ അടുത്തവൻ വരും. വസൂരി പോയി കുഷ്ഠം വരുന്നപോലെ. സ്ഥിരമായി പാപ്പാൻമാരെ വകവരുത്തിയേക്കാമെന്നു വെച്ചാൽ അതും ശരിയാവില്ല. തരത്തിന് കിട്ടിയാൽ അവൻമാര് നമ്മളെത്തന്നെ അങ്ങ് കാച്ചും.

അങ്ങനെ ആന ദിനംപ്രതി തളർന്നുവന്നു.



ലേഖനത്തിന്റെ അവസാനം കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം നൽകൂ, കോടിപതിയാകൂ.

ഇഗ്നേഷ്യസ് ചേട്ടനും കുടുംബവും 4 വർഷമായി സെക്രട്ടേറിയറ്റ് നടയ്ക്കൽ സമരത്തിലാണ്. അവിടെ തന്നെ ടെന്റ് കെട്ടി താമസിക്കുന്നു. തുക മുഴുവൻ കൊടുത്തുവാങ്ങിയ സ്ഥലം മിടുക്കൻമാരുടെ കയ്യിലായതിനാൽ അതേ നിവർത്തിയുള്ളൂ. കഥയിലെ വില്ലൻ സ്ഥലം ഇടതുപക്ഷ പഞ്ചായത്ത് പ്രസിഡന്റാണ്. ജനനായകൻ, പ്രസ്തുത സ്ഥലത്തിന്റെ മുൻ ഉടമ മരിച്ചതിനെ തുടർന്നുള്ള ചില്ലറ ആശയക്കുഴപ്പങ്ങൾക്കിടയിൽ സ്ഥലം കൈവശമാക്കി തന്റെ കരുത്ത് തെളിയിക്കുകയാണുണ്ടായത്. എതിർത്ത ഇഗ്നേഷ്യസ്ചേട്ടന് ഭാര്യയും പതിനാറുകാരി മകളും ഉണ്ടായിരുന്നതും നേതാവിന് അനുകൂല ഘടകമായി. അതുകൊണ്ട് പീഡനത്തിനിരകളെ പുറത്തു തപ്പേണ്ടി വന്നില്ല.



കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി എന്ന മട്ടിൽ കൂട്ടാളികളും രംഗത്തുണ്ട്. അവരുടെ സാന്നിധ്യം വ്യക്തമാക്കിയത് ഇഗ്നേഷ്യസ് ചേട്ടന് ഉശിരൻ ഒരു വെട്ട് കൊടുത്തുകൊണ്ടാണെന്നുമാത്രം. (ഏകമകന്റെ വരുമാനം കൊണ്ട് ഇന്നു ജീവിച്ചുപോകുന്നു.)

കോൺഗ്രസ്പാർട്ടി സെക്രട്ടേറിയറ്റ് പിക്കറ്റ് ചെയ്യുകയാണ്. മുൻവൈദ്യുതമന്ത്രി (അഴിമതിക്കേസിൽ വിജിലൻസ് അന്വേഷണം നേരിടുന്നു) പ്ലസ് ടു വിഷയത്തിൽ വിദ്യാഭ്യാസമന്ത്രിയുടെ കറപുരണ്ട കൈകളെക്കുറിച്ച് പ്രസംഗിച്ച് തകർക്കുന്നു. തൊട്ടടുത്ത് പഞ്ചായത്ത് മെമ്പർമാർ മുതൽ ടി പുരുഷന് താഴെയുള്ളവർ ത്രിവർണ ഷാളണിഞ്ഞ് സൂര്യതുല്യം പ്രശോഭിക്കുന്നു.



വരുന്ന വർഷം തലയ്ക്കു മുകളിൽ അധികാരത്തിൽ വരാവുന്ന നേതാക്കൻമാരുടെ ഉദ്ദേശലക്ഷ്യങ്ങളേതും പൂർത്തിയാക്കുവാൻ ക്ഷമയോടെ കാത്തിരിക്കുന്ന കാക്കിധാരികളും ചുറ്റുമുണ്ട്. തുടർച്ചയായി വിട്ട ഗീർവാണങ്ങളുടെ ക്ഷീണത്തിൽ മുൻ വൈദ്യുതമന്ത്രി പ്രസംഗത്തിൽ നിന്ന് വിരമിക്കുന്നതോടെ അറസ്റ്റ് നാടകം തുടങ്ങുന്നു. അമ്മയ്ക്ക് പിണ്ഡം വെച്ച് തീർന്ന സന്തോഷത്തോടെ കുട്ടിനേതാക്കൻമാർ പോലീസ് ശകടത്തിലേക്ക് എത്തിക്കഴിഞ്ഞാൽ അന്നത്തെ നാടകത്തിന് കർട്ടൻ വീഴുകയായി. (പ്രസ്തുത ചടങ്ങ് ആഗസ്ത് ഒന്നുമുതൽ പതിനാല് വരെ തുടർച്ചയായി അരങ്ങേറി.) നഗരത്തിലെ ഏറ്റവും തിരക്കേറിയ വീഥിയിലെ ഗതാഗതം മണിക്കൂറുകളോളം തടസ്സപ്പെടുത്തിയാണ് ഈ ലീലാവിലാസങ്ങൾ.

"അമ്പുകൊള്ളാത്തവരില്ല
കുരുക്കളിൽ..."

എന്ന് അർജ്ജുനന്റെ അസ്ത്രപാടവത്തെ കുറിച്ച് കുഞ്ചൻനമ്പ്യാർ പുകഴ്ത്തിയതുപോലെ കേരളത്തിലെ ജനങ്ങൾ എ.ബി.വി.പി., ആർ.എസ്.എസ്. പ്രവർത്തകരുടെ ഏറുകൊള്ളാത്തിടമില്ല എന്നമട്ടിൽ എന്തെങ്കിലും മെന്നെഴുതി ആദരിക്കേണ്ടതാണ്. സത്യമായിട്ടും അവരതർഹിക്കുന്നുണ്ട്. ഏറുകൊള്ളാത്ത ഒരൊറ്റ ബസ്സോ, ഒരൊറ്റ കടയോ തിരുവനന്തപുരത്ത് അവശേഷിച്ചിട്ടില്ല. നാട്ടിലുള്ള സകല വാഹനങ്ങളുടെയും അന്തർഭാഗങ്ങൾ അവർ പരിശോധിച്ച് വേർതിരിച്ചു കളഞ്ഞു. കഴിഞ്ഞ ജൂലൈ 14-ാം തിയതി.




★ ★ ★ ★ ★

ആനയെ പാപ്പാൻമാരുടെ പിടിയിൽ നിന്ന് എങ്ങിനെ രക്ഷിക്കാം? സത്യത്തിൽ അത് സംഭവ്യമാണോ? ഉചിതമായ മറുപടികൾക്ക് സമ്മാനം ഉറപ്പ്.

തയ്യാറാക്കിയത്:
*ശ്യാം ബാലകൃഷ്ണൻ, ഡോളിച്ചൻ, വർഗീസ്*
I ബി.എ. മനഃശാസ്ത്രം


# COMPUTER DESIGNS

**Bye-Pass Jn., Bridge Road, Aluva**
**Ph : 633992**

Exclusive cabins for Internet Browsing, On line chating, Video conferencing etc....

AutoCAD, DTP, Photo Editing, CD Writing, Offset, Screen Printing, Spiral & Comb Binding, Lamination, Computer Stationery, Mobilephone Accessories, Computer Magazines, Photostat, Deltagram, E-Mail, Fax, STD, ISD-PCO etc.

# വൈ ടു കെ - Y2K

അയ്യോ മഹാനുഭാവനായ ദൈവമേ......

അതെ ഇയാളെ തന്നെ

ഉം എന്താ?

എനിക്കി ജീവിതം മടുത്തു.....

തികച്ചും സാധാരണം. കുടുതലായിട്ടെന്തെങ്കിലും......?

എനിക്കങ്ങോട്ടുള്ള വിസ ശരിയാക്കിത്തരണം!

സാധ്യമല്ല നിനക്കിനി..... "70 വർഷവും 18 ദിവസവും 6 മണിക്കൂറും 6 മിനിറ്റും 6 സെക്കന്റും 6 മൈക്രോ സെക്കന്റും ബാക്കിയിണ്ട്!

എന്നാൽ എനിക്കൊരു വരം തരണം. നല്ല സ്റ്റൈലൻ ഒന്ന്.

സോറി..... വെരി വെരി സോറി. സ്റ്റോക്കില്ല.

ഇല്ലെങ്കിൽ വേണ്ട.... ഒരു ഉപദേശമെങ്കിലും....

"മോനെ ദിനേശാ".... അങ്ങനെ വഴിക്കുവാ....

"ആദ്യമായിട്ട്.... ജീവിതത്തിന് എന്തെങ്കിലും ഒരു ലക്ഷ്യം വേണം. ലക്ഷ്യപ്രാപ്തിക്കായിട്ട് ഒരു മാർഗം വേണം. മാർഗം ലക്ഷ്യത്തെ സാധൂകരിക്കുന്നതായിരിക്കണം."

എന്റെ ദൈവമേ..... ഇതൊക്കെ കേട്ടു മടുത്തു. പുതിയ ഇറക്കുമതിയൊന്നുമില്ലേ?

ഉം. പുതിയത്..... അതിന് ഇത്തിരി സമയമെടുക്കും. നീ പുതിയ സിലബസാണല്ലേ...? ഞാൻ വിചാരിച്ചു ആ പഴയ മോറിസ് മൈനറായിരിക്കുമെന്ന്?

എന്നാൽ നിനക്കു പറ്റിയ ഒത്തിരി എണ്ണമുണ്ട്. ധാരാളം ഉണ്ട്. എണ്ണിത്തന്നെ പറയാം.....

1. ക്ലാസ് കട്ട് ചെയ്യരുത്
2. കട്ട് ചെയ്ത് മാറ്റിനി കാണരുത്
3. സസ്പെൻഷൻ വാങ്ങരുത്
4. അനാവശ്യമായി സമരം ചെയ്യരുത്
5. ലൈനടിക്കരു.......

Stop Stop you old Country shit!

അപ്പോൾ നീ ഇതുകൊണ്ടൊന്നും അടങ്ങാൻ ഉദ്ദേശിക്കുന്നില്ല. അല്ലേ. പിന്നെ നിനക്ക് എന്തൊന്ന് "*-----*------*" വേണ്ടത്?

എനിക്കൊരു ലൈഫ് സ്റ്റൈൽ പറഞ്ഞു തന്നാൽ മതി.

ശരി. "ഉട്ടോപ്യൻ ചിന്താഗതിയുടെ ചൂടും ചൂരുമടിക്കുന്ന വാതായനങ്ങളിലൂടെ പറക്കുന്ന ഒരു വേഴാമ്പലായി ജീവിതത്തിന്റെ നാനാ കോണുകളിലൂടെ, അനന്ത വിഹായസ്സിലൂടെ ചിറകിട്ടടിച്ച് പറന്നുയർന്ന് ഉയർന്ന് അകലെയകലെ ചക്രവാളങ്ങളോടെ സീമകളിൽ ചന്ദനം ചാലിച്ച സന്ധ്യ. സ്വപ്നങ്ങളുടെ ഇതളുകൾ ഒന്നൊന്നായി പെറുക്കി പെറുക്കി.....

ചുരുക്കത്തിൽ ഞാൻ ഒരു പെറുക്കിയാകണം. അതല്ലേ അവിടുത്തെ ആഗ്രഹം....

എഴുതാപ്പുറം വായിക്കരുത്.

എഴുതാപ്പുറത്ത് എഴുതാം. വായിക്കരുത് അല്ലേ?

തർക്കുത്തരം പറയുന്നോടാ അധികപ്രസംഗി...... താനൊരു മാതിരി കൊളോണിയൽ കാർന്നവരാകരുത്. കേട്ടോ......

ശരി, ശരി, എന്നാൽ നീ സ്വദേശി പ്രസ്ഥാനം വഴി പോയി നോക്ക്. Atleast പെരുവഴിയിലാകാൻ ഒരു ട്രെയിനിംഗ് ആകും.

സാധ്യമല്ല!

എടോ ചിത്രഗുപ്താ.....

Yes Boss......

ആ Lap top ഇങ്ങെടുത്തേ ഇവന്റെ File ഇന്നുതന്നെ ക്ലോസ് ചെയ്തേക്കാം. ചെറ്റന്റ പോകുന്ന മട്ടില്ല.

അയ്യോ. എന്റെ പൊന്നാശാനേ ചതിക്കല്ലേ. അവളോട് 10.30ന് BBCയിൽ കാണാമെന്നാ പറഞ്ഞിരിക്കുന്നത്!

*ജോസിൻ പോൾ*
II ബി.എസ്.സി. കെമിസ്ട്രി

സോണിയ പുൽപ്പാട്
I ബി.എ. മലയാളം



തിരയുന്നത്-
മനസ്സിൽ നിന്ന് ചിന്തയിലേക്കും
പിന്നീട്, ഓർമ്മത്തെറ്റുകളിലേക്കും വീണുപോയ
രണ്ടക്ഷരങ്ങൾ

പാരമ്പര്യ സ്വപ്നങ്ങളുടെ മൃതസ്ഥലികളിൽ
കത്തുന്ന രണ്ടു കണ്ണുകൾ.
ചതഞ്ഞു നുറുങ്ങിയ ഒരു ഹൃദയം,
അർദ്ധരാത്രിയിൽ ഉദിച്ചേക്കാവുന്ന സൂര്യൻ.
എറിഞ്ഞുവീഴ്ത്താൻ വെള്ളാരങ്കല്ലുകൾ
പഴയ വിപ്ലവകാരിയുടെ.
പുകമണമുള്ള ശ്വാസകോശ ഭിത്തികൾക്കിടയിൽ ഞാൻ!

# ആമുഖമായി പറയാനുള്ളത്...



നുണയുടെ നിഴലിൽ ഒളിച്ചിരിക്കുന്ന
വെളിച്ചത്തിന്റെ വഴികളെല്ലാം വഴുവഴുത്തു കിടന്നു
മുടി വിതർത്തി
കുനിഞ്ഞിരിക്കുന്ന സ്ത്രീ
ഒരു നിലവിളി
ഒരു ആക്രോശം
ഇനി ബാധന്മാർ നിരന്നു ചിരിക്കട്ടെ....

ഭയാനക മൗനം കുടിച്ച്
സഹസ്രാബ്ദ കാവൽക്കാരൻ
വിണ്ടുപിളർന്ന ഹൃദയങ്ങളിൽ
വീണു കിടന്ന് മയങ്ങി
പിടയുന്ന നെടുനിശ്വാസങ്ങളുടെ
താഴ്‌വരയിൽ
ഒരു കുഞ്ഞു കൂടി കരഞ്ഞു പിറന്നു

രക്തം വീണു കുതിർന്ന
ചുവന്ന മഞ്ഞുവാരി
അവൾ മതിലുകെട്ടികളിക്കും
വിപരീതങ്ങളിൽ നിന്ന്
വിപരീതങ്ങളിലേക്ക്
വീണുപോയ പെൺകുട്ടി
പാവാടയുടെ എണ്ണമറ്റ കീറലുകൾ
വാരിപ്പിടിച്ച് നഗരത്തിലേക്ക്....

തെരുവുനായ്ക്കൾ തട്ടിക്കളിക്കുകയായിരുന്ന
പഴയ വിപ്ലവകാരിയുടെ
കണ്ണുകൾ പറയുന്നു -
വീണു പോയ രണ്ടക്ഷരങ്ങൾ
ലോകവിപണിയിലേക്ക് കയറ്റിയയച്ച്
മരണപ്പെട്ട, പഴയ വിപ്ലവകാരിയുടെ
കത്തുന്ന കണ്ണുകളെ
കുപ്പിഭരണിയിലെ വെള്ളത്തിലാക്കിയടച്ച്
അലമാരയുടെ കോണിൽ സൂക്ഷിച്ചുവച്ചിട്ട്
ഉപരിപ്ലവ വിപ്ലവം
ചവച്ചരയ്ക്കുന്ന പുതിയ പിപ്ലവകാരിക്ക്
ഞാനൊരു, പ്രണയലേഖനമെഴുതി.

# ഇന്ത്യൻ ശാസ്ത്രം കഴിഞ്ഞ നൂറ്റാണ്ടിൽ

കെ.പി. ഉണ്ണികൃഷ്ണൻ MSc. MPhil.
രസതന്ത്രവിഭാഗം

ലോകം കീഴടക്കിയ ശാസ്ത്ര സാങ്കേതിക വിപ്ലവത്തിന്റെ തുടക്കം യൂറോപ്പിലെ വ്യവസായ വിപ്ലവത്തിലൂടെയും, നവോത്ഥാന (Renaissance) ത്തിലൂടെയും ആയിരുന്നു. ശാസ്ത്രവും സാങ്കേതിക വിദ്യയും ഭരണാധികാരികളുടെ ഭൗതിക നേട്ടങ്ങൾക്കായി മാത്രം വിനിയോഗിക്കപ്പെട്ട. കൊളോണിയൽ കാലഘട്ടത്തിലൂടെയാണ്, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഇന്ത്യൻ മണ്ണിലെത്തുന്നത്. സ്വലാഭത്തിനുവേണ്ടിയുള്ള സാങ്കേതിക വിദ്യകൾ മാത്രമേ ഇവിടെ വളരാൻ കൊളോണിയൽ ശക്തികൾ അനുവദിച്ചുള്ളൂ. ഇതുമൂലം ഇന്ത്യയെപ്പോലുള്ള മൂന്നാം ലോകരാജ്യങ്ങളും, വികസിത രാജ്യങ്ങളും തമ്മിലുള്ള സാങ്കേതിക സാമ്പത്തിക അന്തരം കാത്തു സൂക്ഷിക്കുവാനും അവർക്കു കഴിഞ്ഞു. 1876-ൽ മഹേന്ദ്രലാൽ സർക്കാർ കൽക്കത്തയിൽ 'ഇന്ത്യൻ അസോസിയേഷൻ ഫോർ ദി കൾട്ടിവേഷൻ ഓഫ് സയൻസ്' സ്ഥാപിച്ചുകൊണ്ടാണ് സമാന്തര ധാര ഇവിടെ പ്രവർത്തനക്ഷമമാകുന്നത്. ഈ സ്ഥാപനത്തിൽ പ്രവർത്തിച്ചുകൊണ്ട് കൽക്കത്തയിൽ ഉന്നത നിലവാരമുള്ള ഭൗതിക ശാസ്ത്രവിഭാഗം കെട്ടിപ്പടുക്കുവാൻ ഡോ. സി.വി. രാമന് സാധിക്കുകയും ചെയ്തു. നോബൽ ജേതാവ് ഡോ. സി.വി. രാമന്റെ സംഭാവനകൾ എക്കാലത്തും നമുക്കു മറക്കാൻ സാധിക്കില്ല. കൽക്കത്ത സർവ്വകലാശാലയിൽ, ഡോ. അശുതോഷ് മുഖർജിയുടെ നേതൃത്വത്തിൽ നല്ല ഒരു ശാസ്ത്ര വിഭാഗം നിലവിൽ വന്നതോടെ, സമാന്തരധാര ഉണർന്നെഴുന്നേറ്റു. ഡോ. രാമൻ, എസ്.എൻ. ബോസ്, മേഘനാഥ് സാഹ, എസ്.കെ. മിത്ര തുടങ്ങിയ പ്രതിഭാശാലികളായ ശാസ്ത്രജ്ഞന്മാർ കൽക്കത്ത സർവ്വകലാശാലയെ പ്രശസ്തമാക്കി. 1882-ൽ ആചാര്യ പി.സി. റായ് സ്ഥാപിച്ച 'ബംഗാൾ കെമിക്കൽസ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ്' എന്ന സ്ഥാപനം വ്യവസായ മേഖലയിൽ സ്വാശ്രയം നേടാനുള്ള നമ്മുടെ ആദ്യത്തെ കാൽവെപ്പായി.

പൗരാണിക വിജ്ഞാനം മുതൽ അത്യാധുനിക വിജ്ഞാനംവരെ ഉൾക്കൊള്ളുന്ന ഒരു സംസ്കാരത്തിലെ പങ്കാളികളാണ് നാം. ശാസ്ത്ര-സാങ്കേതിക വിദ്യകളിൽ ഇന്ത്യാ ഉപഭൂഖണ്ഡം എന്നും പ്രത്യേക സ്ഥാനം നേടിയിട്ടുണ്ട്. എന്തിനധികം! ജ്യോതിസ്സുകളുടെ ചലനത്തെപ്പറ്റിയുള്ള പഠനങ്ങൾക്കായി 'തൃകോണമിതി' എന്ന ഒരു ഗണിത ശാസ്ത്ര വിഭാഗം തന്നെ ഭാരതീയർ നിർമ്മിച്ചു. ഒരഞ്ഞൂറു വർഷം പുറകോട്ടു പോയാൽ തന്നെ, ഒട്ടും പുറകിലല്ല ഭാരത ശാസ്ത്ര രംഗം എന്നു മനസ്സിലാക്കുവാൻ സാധിക്കും. ക്രിസ്തുവിന് മുൻപ് ആയിരാമാണ്ടിൽപ്പോലും ഭാരതീയർ ലോഹ ശാസ്ത്രത്തിൽ പ്രവീണരായിരുന്നു. ഭൗതികശാസ്ത്രം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം, ഗണിതം, മനഃശാസ്ത്രം, മാനവീയ ശാസ്ത്രങ്ങൾ എന്നിവയിലെല്ലാം വൻനേട്ടങ്ങൾ ഭാരതത്തിന് പൈതൃകമായിത്തന്നെ ലഭിച്ചിട്ടുണ്ടല്ലോ.

ഇന്ത്യൻ ശാസ്ത്രത്തിന് ആഗോള മേൽവിലാസമുണ്ടാക്കിയെടുത്ത പ്രഗത്ഭർ അനേകമാണ്. ഇന്ത്യൻ അക്കാദമി ഓഫ് സയൻസിന്റേയും, രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റേയും സ്ഥാപകനായി ഡോ. സി.വി. രാമൻ, നോബൽ സമ്മാനം ഭാരതമണ്ണിലെത്തിച്ചു. നക്ഷത്രങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ പഠനത്തിനായി താപഗതിക സിദ്ധാന്തവും (Thermo Dynamics) ക്വാണ്ടം സിദ്ധാന്തവും (Quantum Theory) ഉപയോഗിച്ചത് ഡോ. മേഘനാഥ് സാഹ ആയിരുന്നു. അദ്ദേഹം ആരംഭിച്ച ഭൗതിക ശാസ്ത്ര സ്ഥാപനം (Saha Institute of Nuclear Physics) ഇന്നും കൽക്കത്തയിൽ തലയുയർത്തി നിൽക്കുന്നു. തന്റെ പ്രശസ്തമായ 'സാംഖ്യക'ത്തിലൂടെ (Bose-Einstein Statistics) ഡോ. എസ്.എൻ.

ബോസ് ലോകശ്രദ്ധ പിടിച്ചു പറ്റി. മാതൃഭാഷയിലും ശാസ്ത്രം കൈകാര്യം ചെയ്യാമെന്ന് ലോകത്തെ അറിയിച്ച മഹാനാണ് ഡോ. ബോസ്. ഔപചാരിക സർവ്വകലാശാലാ വിദ്യാഭ്യാസമൊന്നുമില്ലാതെ തന്നെ, ലോകപ്രശസ്ത ഗണിത ശാസ്ത്രജ്ഞനായി വളർന്ന ശ്രീനിവാസ രാമാനുജം, ഇന്നും ഭാരത ശാസ്ത്രരംഗത്ത് ഒരു ആവേശമാണ്.

വിദ്യുത് കാന്ത തരംഗങ്ങളെ സംബന്ധിച്ചുള്ള ഗവേഷണങ്ങളിലൂടെ പ്രശസ്തനായ ജെ.സി. ബോസ് ആണ്, യഥാർത്ഥത്തിൽ റേഡിയോ ടെലഗ്രാഫി കണ്ടുപിടിച്ചതെന്ന് വിശ്വസിക്കുന്നു. ശാസ്ത്ര ചരിത്രകാരൻമാർ നമ്മുടെ ഇടയിലുണ്ട്. അണക്കെട്ടുകളും, വൻ ജലസേചന പദ്ധതികളും രൂപകൽപ്പന ചെയ്ത സർ. എം. വിശ്വേശരയ്യ, എൻജിനീയറിങ്ങ് മേഖലയിൽ ആത്മവിശ്വാസത്തിന്റെ അടിത്തറ പാകി. 1857-ൽ ബോംബെ, കൽക്കത്ത, മദ്രാസ് എന്നിവിടങ്ങളിൽ സർവ്വകലാശാലകൾ നിലവിൽ വന്നെങ്കിലും, ബ്രിട്ടീഷ് ഭരണാധികാരികളുടെ താല്പര്യങ്ങൾക്കുവേണ്ടി തുടങ്ങിയവ എന്ന നിലയ്ക്ക്, കാര്യമായ പ്രയോജനം, അവകൊണ്ട് നമുക്ക് ലഭിച്ചില്ല. 1947-ൽ സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഒരു ലക്ഷം ഇന്ത്യക്കാരിൽ, അമ്പതുപേർ മാത്രമാണ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർന്നു പഠിച്ചിരുന്നത്. ഇന്ന് ഇത് അറുന്നൂറിനു മേലെയാണ്.

ഡോ. രാമസ്വാമി മുതലിയാർ, ശാന്തിസ്വരൂപ് ഭട്നഗർ എന്നീ പ്രതിഭാശാലികളുടെ പ്രവർത്തനഫലമായി CSIR എന്ന ഗവേഷണ സ്ഥാപനം 1942-ൽ പ്രവർത്തനം ആരംഭിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷം, ഭരണാധികാരികളുടെ പ്രത്യേക പരിഗണന ശാസ്ത്ര സാങ്കേതിക മേഖലക്ക് ലഭിക്കുകയും, തദ്വാര ഈ മേഖലയിൽ വൻനേട്ടങ്ങൾ നാം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. അന്നു മുതൽ ഇന്നുവരെ ശാസ്ത്ര സാങ്കേതിക വകുപ്പ് കൈയ്യാളുന്നത് പ്രധാനമന്ത്രി തന്നെയാണ് എന്നത്, ഈ മേഖലയുടെ പ്രാധാന്യം എടുത്തു കാണിക്കുന്നു. 1958-ൽ ഔദ്യോഗിക ശാസ്ത്രനയരേഖ ഇന്ത്യൻ പാർലമെന്റ് - അംഗീകരിച്ചപ്പോൾ, ഇങ്ങനെയൊന്ന് രൂപീകരിക്കുന്ന ആദ്യരാഷ്ട്രമായി ഇന്ത്യ. സ്വാതന്ത്ര്യം നേടുമ്പോൾ കാർഷിക മേഖലയുടെ വളർച്ചാ നിരക്ക് വെറും 0.3 ശതമാനം മാത്രമായിരുന്നു; വ്യവസായ മേഖലയോ, ബാലാരിഷ്ടതകളിൽ നിന്ന് കരകയറാത്ത അവസ്ഥയിലും. ശാസ്ത്രം സാമൂഹ്യ പുരോഗതിക്ക് എന്ന ആശയത്തെ പ്രായോഗിക തലത്തിലെത്തിക്കുവാൻ, ജവഹർലാൽ നെഹ്റുവിന്റെ കാഴ്ചപ്പാട് സഹായകരമായിത്തീർന്നു. സ്വാതന്ത്ര്യാനന്തര ഭാരതം അനേകം ദേശീയ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ ആരംഭം കണ്ടു. CSIR ന്റെ കീഴിൽ പ്രവർത്തിക്കുന്ന നാല്പതു ഗവേഷണ കേന്ദ്രങ്ങളാണ് ഇന്നുള്ളത്. 1948-ൽ 'ഉന്നത ശാസ്ത്ര സാങ്കേതിക ഉപദേശക സമിതി' രൂപീകരിച്ചു നാം, 1983-ൽ നമ്മുടെ സാങ്കേതിക നയവും സർക്കാർ പ്രഖ്യാപിച്ചു. ഇരുന്നൂറിലധികം സർവ്വകലാശാലകളും, അതിനിരട്ടി ഗവേഷണ കേന്ദ്രങ്ങളും ഇന്നു നമുക്കുണ്ട്. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തമിഴ്നാട് സയൻസ് ഫോറം, 'പശ്ചിമ ബംഗാൾ വിജ്ഞാൻമഞ്ച്', ദൽഹി സയൻസ് ഫോറം മുതലായ ജനകീയ ശാസ്ത്ര പ്രസ്ഥാനങ്ങൾ, ശാസ്ത്രത്തെ ജനതയിലേക്ക് അടുപ്പിക്കാൻ ചെയ്യുന്ന പ്രവർത്തനങ്ങൾ നാം വിസ്മരിച്ചുകൂടാ.

വൻതോതിൽ ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്തിരുന്ന ഭാരതം, പ്രശസ്ത കാർഷിക ശാസ്ത്രജ്ഞനായ ഡോ. ബി.പി. പാലിന്റെയും, ICIR ഡയറക്ടറായിരുന്ന ഡോ. എം.എസ്. സ്വാമിനാഥന്റെയും നേതൃത്വത്തിൽ ഹരിതവിപ്ലവത്തിന് നാന്ദി കുറിച്ചു. അറുപതുകളിലാണ് ഇന്ത്യൻ അണുശക്തി പരിപാടികൾ പൂർണ്ണ രൂപത്തിൽ ആവിഷ്ക്കരിച്ചു തുടങ്ങിയത്. പ്രാകൃതിക യുറേനിയവും, ഘനജലവും ഉപയോഗിച്ചുള്ള റിയാക്ടറുകളുടെ ഒന്നാം ഘട്ടം, പ്ലൂട്ടോണിയം, തോറിയം, യുറേനിയം മുതലായവ ഉപയോഗിച്ചുള്ള ബ്രീഡർ റിയാക്ടറുകളുടെ രണ്ടാം ഘട്ടം, ഏറ്റവുമൊടുവിൽ തോറിയവും, യുറേനിയവും (u233) കൊണ്ടുള്ള മൂന്നാം ഘട്ടം - ഇന്ത്യൻ ആണവശക്തി അനുനിമിഷം മുന്നോട്ടുതന്നെ. ലോകത്തിലെ ഏറ്റവും വലിയ തോറിയം ശേഖരങ്ങളിൽ ഒന്ന് കേരള തീരപ്രദേശങ്ങളിലെ മണലിൽ ആകയാൽ, മൂന്നാം ഘട്ടം ഇന്ത്യൻ ശാസ്ത്രമേഖലയിൽ പ്രാധാന്യമർഹിക്കുന്നു. അണുശക്തി വകുപ്പിന്റെ (Department of Atomic Energy), കീഴിൽ അഞ്ച് അണുനിലയങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ മേഖലയിൽ , ഡോ. ഹോമിഭാഭയുടെ സേവനം എന്നും ഓർമ്മിക്കത്തക്കതാണ്. സമുദ്രപഠനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന നാം, ദക്ഷിണ ധ്രുവത്തിൽ ഒരു ഗവേഷണ താവളം തന്നെ സ്ഥാപിച്ചിരിക്കുന്നു. ഡോ. വിക്രം സാരാഭായി നേതൃത്വം നൽകിയ ഇന്ത്യൻ ബഹിരാകാശ പരിപാടികൾ, ഇന്നും മുടക്കമില്ലാതെ തുടരുന്നു. ഉപഗ്രഹ വിക്ഷേപണ ശേഷിയിൽ സ്വാശ്രയം നേടുക എന്നതാണ് ഈ പരിപാടിയുടെ അടിസ്ഥാനലക്ഷ്യം. വാർത്താ വിനിമയം, ടെലിവിഷൻ, കാലാവസ്ഥാ നിരീക്ഷണം, ഭൂവിഭവ സർവ്വേ എന്നീ വികസന മേഖലകളിൽ എല്ലാം തന്നെ, നാം ബഹിരാകാശ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നുണ്ട്.

പ്രതിരോധ സാങ്കേതിക വിദ്യകളിലും

നാം വളരെ മുന്നോട്ടു പോയിട്ടുണ്ട്. ഡോ. അബ്ദുൾ കലാം, ഡോ. എം.ജി.കെ. മേനോൻ തുടങ്ങിയ പ്രതിഭാശാലികളുടെ നേതൃത്വം DRDO വിന് എന്നും സഹായകരമായിട്ടുണ്ട്. അഗ്നി, പൃഥ്വി തുടങ്ങിയ മിസൈൽ പരിപാടികൾ, നാം വിജയകരമായി നിർവഹിച്ചു കഴിഞ്ഞിരിക്കുന്നു. 'സി-ഡോട്ട്' വികസിപ്പിച്ചെടുത്ത റൂറൽ ടെലഫോൺ എക്സ്ചേഞ്ചുകൾ, വാർത്താ വിനിമയ രംഗത്ത് വലിയ നേട്ടം തന്നെ. കാലാവസ്ഥ പ്രവചനത്തിനായി ഇന്ത്യക്കു 'സൂപ്പർ കമ്പ്യൂട്ടർ' നൽകാൻ അമേരിക്ക വിസമ്മതിച്ചപ്പോൾ, പൂന കേന്ദ്രമായുള്ള 'സി-ഡാക്കി'ലെ ശാസ്ത്രജ്ഞർ 'പരം' എന്ന സൂപ്പർ കമ്പ്യൂട്ടർ വികസിപ്പിച്ചെടുത്തു. വൈദ്യുതി ഉത്പാദന രംഗത്ത് 'ഭാരത് ഹെവി ഇലക്ട്രിക്കൽസ്' എന്ന സ്ഥാപനത്തിന്റെ സേവനം പല തലങ്ങളിലായി നാം ഉപയോഗിക്കുന്നു. എങ്കിലും 'എൻറോൺ' പോലുള്ള വിദേശകമ്പനികൾ ഈ മേഖലയിലേക്ക് നുഴഞ്ഞു കയറിയിരിക്കുന്നത്, എത്രത്തോളം ആരോഗ്യപരമായ സംഗതിയാണെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഉരുക്കു വ്യവസായവുമായി ബന്ധപ്പെട്ട ടാറ്റാ സ്ഥാപനങ്ങൾ, ഇന്ത്യൻ വ്യവസായ ചരിത്രത്തിന്റെ ഭാഗംതന്നെ ആയിരിക്കുന്നു.

അന്താരാഷ്ട്ര പ്രശസ്തി നേടിയ ശാസ്ത്രജ്ഞരുടെ ഒരു നിരതന്നെ നമുക്കുണ്ട്. നോബൽ ജേതാക്കളായ ഡോ. സി.വി. രാമൻ, ഡോ. ചന്ദ്രശേഖർ, ഡോ. ഹർഗോവിന്ദ് ഖുരാന എന്നിവർ ഇന്ത്യയുടെ പേര് ലോകമെമ്പാടും പടർത്തി. 'കൊളാജൻ' കണ്ടെത്തിയ ഡോ. ജി.എൻ. രാമചന്ദ്രൻ, ഏറ്റവും വലിയ മീറ്റർ വേവ്ലെങ്ത് ടെലസ്കോപ്പിന്റെ ഉപജ്ഞാതാവ് ഡോ. ജി. സ്വരൂപ്, കെമിക്കൽ ടെക്നോളജിസ്റ്റുകളായ ഡോ. എം. എം. ശർമ്മ, രസതന്ത്രജ്ഞനായ ഡോ. സി.എൻ.ആർ. റാവു, ഡോ. സി.ആർ. റാവു, ഡോ. സി.എസ്. ശേഷാദ്രി തുടങ്ങിയ ഗണിത പണ്ഡിതർ, തന്മാത്രാ ബയോളജിയിൽ പുകൾപെറ്റ ഡോ. ബി. സിദ്ധിഖ്, ഡോ. പുഷ്പഭാർഗവ, ഭൗതിക ശാസ്ത്രജ്ഞരായ ഡോ. യശ്പാൽ, ഡോ. നർലീക്കർ, ഡോ. എം.ജി.കെ. മേനോൻ, അണുശാസ്ത്ര രംഗത്തെ ഡോ. പി.കെ. അയ്യങ്കാർ, ഡോ. ചിദംബരം, ഡോ. രാജാരാമണ്ണ, ഡോ. ശ്രീനിവാസൻ - ഈ പട്ടിക നീളുന്നു.

പ്രശ്നങ്ങൾ ഏറെയുണ്ടെങ്കിലും, തിരുത്താനാവാത്തവിധം നമ്മുടെ ശാസ്ത്ര സാങ്കേതിക രംഗം അപകട സ്ഥിതിയിലാണെന്ന് ധരിക്കേണ്ട കാര്യമില്ല. തൽക്കാലങ്ങളിൽ ഭരണം കയ്യാളുന്നവർ, ഈ രംഗത്ത് എടുക്കുന്ന പല തീരുമാനങ്ങളും, നമ്മുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നുള്ളത് സത്യം തന്നെ. പൊഖ്റാൻ അണുവിസ്ഫോടന പരീക്ഷണങ്ങളും, തുടർന്നുണ്ടായി കൊണ്ടിരിക്കുന്ന അന്താരാഷ്ട്ര പ്രശ്നങ്ങളും നമ്മുടെ കൺമുൻപിൽ അരങ്ങേറിക്കൊണ്ടിരിക്കയാണല്ലോ. നമുക്കാവശ്യം പരിശീലനം നേടിയ ശാസ്ത്ര സാങ്കേതിക വിദഗ്ധരെയാണ്. എന്നാൽ, സമൂഹത്തിൽ ഇന്ന് നടമാടുന്ന മൂല്യച്യുതിയുടെ ഏറ്റവും പ്രകടോദാഹരണം, ഇന്നു നാം അനുഭവിക്കുന്ന 'ബുദ്ധിശോഷണം' എന്ന പ്രതിഭാസം തന്നെ. മിടുക്കരായ നമ്മുടെ ശാസ്ത്ര ഗവേഷകർ, വിദേശ രാജ്യങ്ങളിൽ ചേക്കേറുന്നു. 'നാസ'യിലെ (NASA) ഉദ്യോഗസ്ഥരിൽ നല്ലൊരു ശതമാനം ഇന്ത്യക്കാരാണെന്ന് നാം വീമ്പിളക്കുമ്പോൾ, നമ്മിലുള്ളത് ദേശസ്നേഹമല്ല. എന്തിനധികം, ഐ.ഐ.ടികൾ പോലുള്ള ഉയർന്ന ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ വിദേശങ്ങളിലേക്ക് ബുദ്ധിജീവികളെ കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങളായി മാറിയിരിക്കുന്നു. ആയുസ്സിന്റെ മുക്കാൽ ഭാഗം വിദേശത്ത് ഗവേഷണം ചെയ്യുകയും, ജീവിതത്തിന്റെ സായാഹ്നത്തിൽ ജന്മനാട്ടിലേക്കു തിരിക്കുകയും, ഇവിടെ വന്നതിനുശേഷം ഉയർന്ന ഗവേഷണ സ്ഥാപനങ്ങളുടെ സാരഥ്യം വഹിക്കുകയും, അവിടെ വരുന്ന യുവപ്രതിഭകളെ കണ്ടുപിടിച്ച് തന്റെ കേളീരംഗമായിരുന്ന വിദേശരാജ്യത്തേക്ക് തിരിച്ചു വിടുകയും ചെയ്യുക എന്നത് നമ്മുടെ മുതിർന്ന ഗവേഷകരുടെ രീതിയായി തീർന്നിരിക്കുന്നു. ഇന്നിവിടെ സ്വാഗതമേൽക്കാൻ തയ്യാറായി നിൽക്കുന്ന 'ദേശീയ സയൻസ്' തുടങ്ങിയ പ്രസ്ഥാനങ്ങളുടെ പ്രധാന വിമർശകരും ഇവർ തന്നെ. 'നാടിനെ മാറ്റാൻ നാടിനെ അറിയണം' എന്ന ലളിതമായ മുദ്രാവാക്യമാണ് നാം ആദ്യം മനസ്സിലാക്കേണ്ടത്. അതാവണം നമ്മുടെ ലക്ഷ്യം. ഭാരതത്തെപ്പോലെ ശുഷ്കമായ സമ്പദ്ഘടനയുള്ള ഒരു ജനാധിപത്യ രാഷ്ട്രത്തിന് തന്റെ ജനങ്ങൾക്ക് ഭക്ഷണവും, പാർപ്പിടവും നൽകുക എന്ന പരമമായ ലക്ഷ്യമാവണം മുന്നിൽ. അതിനുതകുന്ന ശാസ്ത്ര-സാങ്കേതിക വിദ്യകൾ നേടുക എന്നതായിരിക്കണം നമ്മുടെ പരമമായ ലക്ഷ്യം.

*Dollychan*
II BA Psychology

# Coincidence of Opposites in Culture: Challenges Today



## 1. Introduction

We live in a society characterized by its cultural consciousness. Culture is also gaining importance as a subject of academic pursuits. Subjects like psychology are reconsidering its Eurocentric theories in the light of the new discoveries in culture. This essay intends a limited analysis of the complex phenomenon, culture. In the following part an attempt is made to explore the polarized cultural forces that are at tension today. These forces are considered under traditional culture and modern culture. Final part of the essay focuses on the challenges in channelizing the cultural forces toward the human goal of self-realization.

## 2. Culture

It is erroneous to limit the meaning of 'culture' to 'speaking English with correct accent', 'dressing in high style western fashion', being an expert of classical music and dance', 'behaving in gentle and good mannered style', etc. Culture is one of the different elements of social reality. Founder of modern anthropology, Sir Edward Taylor defines culture as follows. "Culture is that complex whole which includes knowledge, morals, beliefs, art, law, custom and any other capabilities and habits acquired by man as a member of the society". Today it is one of the most celebrated definitions of culture. Another understanding depicts culture as the 'man-made part of the environment'. Human beings creatively modify nature to create culture. It is essentially a medium for the self-expression of man or woman and society.

## 3. Nature of Culture

Culture consists of implicit values and explicit expressions. Culture is transmitted through socio-cultural systems devised by each community. Culture is derived from biological and historical components of life.

Culture is learnt from generation to generation. It is not genetically transmitted. Culture is dynamic. It is constantly changing reality. Following are the ways in which the cultural changes happen. By discoveries or innovations, through the process of diffusion and reinterpretation, some of the aspects may be lost as they are transmitted to the succeeding generations. Every large culture contains within it a mixture of main stream cultures and subcultures. Culture has a major influence on our behaviour and cognitive processes. Even when we think that we live most freely we live in a style designed by somebody else.

## 4. Traditional Culture

While speaking of culture, many intellectuals seem to look back at olden days of folklore celebrations. The culture that bloomed in folklore life can be perceived as traditional culture. Today we often hail the traditional culture. Traditional culture contains many positive elements such as closeness to nature, the sense of belonging to a community, rootedness in the past, and the concreteness of social relations. In the modern studies it is referred to as the cosmic culture.

## 5. Shadows of Traditional Culture

It is necessary that we investigate the liberative power of tradition. But an uncritical approach may not be helpful in serving our purpose. Traditional culture itself contains elements of varied conflicting tendencies like the clash between the indigenous and the exogenous cultures. We cannot neglect the casteist ideas and values of tradition. People in traditional culture had to succumb to many external structures and forces as they were ignorant of many things in the universe. Superstitions flourished in their lives.

## 6. Modern Culture

To many cultural analysts the villain is the modern culture promoted by the globalization. It is not difficult to see that a modernist, scientific, technological culture, too often one sidedly rationalistic, can be destructive of human and spiritual values. Many feel threatened by the homogenous modernization of culture in ways that destroy traditional values. The structural injustices in the world are rooted in value systems prompted by this powerful modern culture which is becoming global in its impact. Exaggerated emphasis on the individual and on individual rights by the modern culture, has led to a greater sense of vulnerability and fragility in communal identity. Behind the glittering facades of modernism lie the slums and ghettos where live the single parents, the drug addicts, the displaced, the social waste of post-industrial society.

## 7. Brighter Aspects of Modern Culture

തന്റെ സമുദായത്തോടുള്ള കടമകൾ നിറവേറ്റാനും അങ്ങനെ ഗാന്ധിയുടെ ശ്രമങ്ങൾ സഫലമാക്കാനും താത്പര്യം കാണിക്കാതെ, തന്റെ സ്വകാര്യമായ ആവലാതികൾ പരിഹരിക്കാനും മാധ്യമങ്ങളിൽ അതൊരു ഉത്സവമാക്കാനും മാത്രം ഉത്സുകരാകുന്ന അധികാരികളെ ചോദ്യം ചെയ്യാൻ കാർത്ത്യായനിക്ക് കഴിഞ്ഞിട്ടില്ലെന്നത് മറ്റൊരു കാര്യം. നിസ്സഹായയും അശിക്ഷിതയുമായ ആ വൃദ്ധയെ അതിന്റെ പേരിൽ നാം കുറ്റപ്പെടുത്തിക്കൂടാ. ആസൂത്രിതമായ ഒരു മറവിയിലൂടെ ഒരു സമുദായത്തെയും അതുവഴി ഗാന്ധിയുടെ സ്വപ്നങ്ങളേയും വഞ്ചിയ്ക്കുകയും അതിന് ഗാന്ധി സ്മരണകളെത്തന്നെ കൂട്ടുപിടിക്കുകയും ചെയ്യുന്ന ഭരണവർഗ്ഗമാണ് ഇതിലെ പ്രതികൾ.

പ്രതികങ്ങളും പ്രഖ്യാപനങ്ങളും പ്രവൃത്തികളേക്കാളധികം മാനിക്കപ്പെടുന്ന ഒരു സമൂഹത്തിൽ ഇങ്ങനെയൊക്കെയേ നടക്കൂ. അതുകൊണ്ടാണ് നമ്മൾ ഗാന്ധിയെ വിശുദ്ധനാക്കി ഭിത്തിയിൽ തറച്ചിരിക്കുന്നത്.

വാക്ക്

ദുർഗ്ഗാ മാധവൻ
I പി.ഡി.സി.



# കാഴ്ചകളുടെ സ്ത്രീപക്ഷം

നമ്രമുഖിയായി നഖം കടിച്ച് കാലുകൾകൊണ്ട് കളം വരച്ചു നിൽക്കുന്ന അവസ്ഥയിൽ നിന്നും സ്ത്രീത്വം എത്രകണ്ടു വളരണം? അടുക്കളയുടെ പുകപ്പടർപ്പിൽ പുരുഷന്റെ അടിമയായി കഴിയേണ്ടവളല്ല സ്ത്രീ. മറിച്ച്, അവൾ സ്വതന്ത്രയാവണം. പുരുഷന് തുല്യമായ സ്ഥാനം തന്നെ അവൾക്കും വേണം. ഒരുപടി മുന്നോട്ടായാലും തരക്കേടില്ല എന്ന അഭിപ്രായക്കാരികൾക്കു പോലും കൃത്യമായി ഉത്തരം നൽകാൻ കഴിയാത്ത ഒരു ചോദ്യമാണിത്.

ഓലക്കുടയുടെ മറവിൽ നിന്നും പോയിന്റഡ് ഹീൽസിലുയർന്നു കഥകളിയിലെ ചുട്ടികുത്തിനെയും വെല്ലുന്ന ചായക്കൂട്ടുകൾക്കിടയിലൂടെ സ്ത്രീസ്വാതന്ത്ര്യം നമ്മെ നോക്കി പല്ലിളിക്കുന്നു. അന്നനടയിൽ നിന്നും പൂച്ചനടയായി. നേരിയതിൽ നിന്നും മുണ്ടിൽനിന്നും മുട്ടിനുമുകളിലെത്തും കുട്ടിയുടുപ്പും അണിഞ്ഞുവരുന്ന സ്വതന്ത്രകൾ പെൺവാദികളെക്കൂടി അമ്പരപ്പിക്കുന്നു. ക്ലിന്റന്റെ കയ്യാപ്പിനായി വസ്ത്രം വരെ ഉപേക്ഷിച്ചവരെ മാതൃകയാക്കി അവരുടെ വീരകൃത്യത്തിനു മുന്നിൽ അത്ഭുതം കൂറുന്ന ഇവിടത്തെ പെൺകൊടിമാർ സ്വാതന്ത്ര്യത്തെ ഇങ്ങനെ വിനിയോഗിക്കുന്നതിൽ തെല്ലും ആശ്ചര്യപ്പെടാനില്ല. അത്തരത്തിലുള്ളവർ ഇപ്പോൾ ന്യൂനപക്ഷമാണെന്ന് വേണമെങ്കിൽ ആശ്വസിക്കാം. എന്നാൽ എന്തിനും ഏതിനും ഇതുവരെ ധൈര്യം വരാത്ത നമ്മുടെ നാട്ടിലെ അനേകം പെൺകുട്ടികളുണ്ട്. അവർ ഇത്തരം കാഴ്ചകളെല്ലാം അഭ്രപാളികളിലൂടെ കണ്ട് സംതൃപ്തരാവാൻ ശ്രമിക്കുന്നു. ഈയൊരു രഹസ്യമായ ആവശ്യത്തെ പരസ്യമാക്കിക്കൊണ്ട്, സിനിമകൾ സ്ത്രീശരീരത്തിന്റെ അനന്തമായ സാധ്യതകളെ പ്രയോജനപ്പെടുത്തി പ്രേക്ഷകലക്ഷങ്ങളിൽ നിന്നും കോടികൾ തട്ടിയെടുക്കുന്നു.

ഇത്രയുമൊക്കെയായപ്പോൾ, സ്ത്രീകളെ വിൽപനച്ചരക്കാക്കുന്നു എന്നായി സ്ത്രീവാദികളുടെ അടുത്ത മുറവിളി. എന്നാൽ ഇത്തരക്കാർ പോലും സ്ത്രീസ്പർശമില്ലാത്ത ഒരു സിനിമയെ പരസ്യമായി തന്നെ തള്ളിപ്പറയുന്നത് മേൽപറഞ്ഞ ഈയൊരു രഹസ്യസ്വഭാവത്തിന് തെളിവാണ്. ജീവിതത്തിൽ നടപ്പിൽ വരുത്താനാഗ്രഹിച്ചിട്ടും നടക്കാത്ത അനുഭൂതികളും സമ്പത്സമൃദ്ധിയും നൽകുന്ന മായികപ്രപഞ്ചത്തിൽ മയങ്ങി സ്വന്തം ഉപബോധമനസ്സിലെ ആഗ്രഹങ്ങളെ അടക്കിവെയ്ക്കാനും അഭ്രപാളികളിലെ ചലിക്കുന്ന രൂപങ്ങളിൽ സ്വയം പ്രവേശിച്ച് ഒരു രണ്ടുരണ്ടരമണിക്കൂർ നേരം ജീവിച്ച് ആത്മനിർവൃതിയിലെത്താനാണ് സാധാരണക്കാരായ ബഹുഭൂരിപക്ഷം ജനങ്ങളും സിനിമ കാണുന്നത്.

സിനിമയുടെ കഥരൂപപ്പെടുത്തുന്നത് തന്നെ പുരുഷൻമാരുടെ പരസ്യമായതും എന്നാൽ മറുപക്ഷത്തിന്റെ രഹസ്യമായതുമായ താത്പര്യങ്ങളെ മുൻനിർത്തിക്കൊണ്ട് ലൈംഗികത അല്ലെങ്കിൽ രതി, കാമം എന്നീ പേരുകളിൽ അറിയപ്പെടുന്ന ശൃംഗാരമെന്ന വികാരത്തെ ഉൾക്കൊള്ളിച്ചാണ്. വളരെ ഗൗരവമായ ഒരു തിരക്കഥയിലും ഇത്തരം മസാലകൾ തിരുകി

കാണുന്നത് ജനപ്രീതിക്കുവേണ്ടി മാത്രമാണ്. ഇവയൊക്കെ തന്നെ പുരുഷന്റെ താത്പര്യങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നവയാണെന്നതാണ് ശ്രദ്ധേയമായ മറ്റൊരു കാര്യം. ജീവിതത്തിന്റെ ദുരിതങ്ങളിൽ പെട്ട് ഉഴറുന്ന നായകനെ ആനന്ദം പകരുന്ന ഏകാശ്രയമായി, അവന്റെ താത്പര്യങ്ങൾക്കനുസരിച്ച് വസ്ത്രധാരണം നടത്തുകയും, നടത്താതിരിക്കുകയും, ആടുകയും, പാടുകയും, കുളിക്കുകയും, മഴനനയുകയുമൊക്കെ ചെയ്യുന്ന നായികമാർ സൃഷ്ടിക്കപ്പെടാനുള്ള കാരണവും മുകളിൽ പറഞ്ഞതുതന്നെ.

എന്നാൽ രസകരവും ആശ്ചര്യജനകവുമായ ഒരു കാര്യമുണ്ട്. ഇത്തരം സിനിമകളൊക്കെത്തന്നെയും ബോക്സോഫീസ് കാണുന്നത് സ്ത്രീകളുടെ സാന്നിദ്ധ്യം കൊണ്ടാണ്. ഇന്ന് സ്ത്രീകളുടെ നിലയ്ക്കാത്ത പ്രവാഹം എന്നതുതന്നെ സിനിമയുടെ വിജയലക്ഷണമായി പരസ്യപ്പെടുത്തുന്നു. പുരുഷന്റെ ലൈംഗിക കടന്നാക്രമണങ്ങൾക്കൊക്കെയും പിന്നിൽ സ്ത്രീയുടെ തന്നെ പ്രേരണയുണ്ടെന്ന് ആവർത്തിച്ചുറപ്പിക്കുന്ന പാതയും, ഹിറ്റ്ലർ തുടങ്ങിയ അനേകം സിനിമകളെ ഇരുകയ്യും നീട്ടി സ്വീകരിച്ചതിൽ നിന്നു തന്നെ മലയാളിസ്ത്രീകളുടെ യുക്തിചിന്ത എത്രത്തോളമുണ്ടെന്ന് വ്യക്തമാണ്.

ഹിറ്റ്ലറിന്റെ കഥ നടന്നത്, വർഷങ്ങൾക്കു മുമ്പ്. പക്ഷെ ഇന്ന് 21-ാം നൂറ്റാണ്ട്. ഇന്നത്തെ പെൺകുട്ടികൾ അഭ്യസ്തവിദ്യർ. യുക്തിയുക്തമായ കാര്യങ്ങളെ മാത്രം സ്വീകരിക്കുകയും അല്ലാത്തവയെ തള്ളിപ്പറയുകയും ചെയ്യുന്നവർ. ഒരു ചിത്രത്തിലെ സമഗ്രവശങ്ങളെയും ഉൾക്കൊണ്ട് ചിന്തിക്കുന്നവർ. ആധുനിക വനിതകളുടെ അവകാശവാദം ഇങ്ങനെ പോകുന്നു. എന്നാൽ സ്ത്രീപുരുഷ ബന്ധം സൗഹൃദത്തിൽ മാത്രം ഒതുക്കി നിർത്താനാകും എന്നുറച്ചു വിശ്വസിക്കുന്ന ഇത്തരക്കാരുടെ അനേകം കോളേജ് കാമ്പസുകളിലാണ് നിറം എന്ന ചിത്രം കോടികൾ വിളയിച്ചെടുത്തത്. ഇതെല്ലാം സിനിമയിലെ കാര്യങ്ങൾ. എന്നാൽ ആബാലവൃദ്ധം ജനങ്ങളെയും ഉൾക്കൊള്ളുന്ന കുടുംബസദസ്സുകൾ ഏറ്റവുമധികം ചൂഷണം ചെയ്യപ്പെടുന്നത് ടി.വി. സീരിയലുകളാണ്. ഒരുസംഭവത്തെ സൂചിപ്പിക്കട്ടെ. ഭീഷ്മർ മരിക്കാൻ ഉത്തരായനം വരാനാണ് കാത്തുകിടന്നത്. എന്നാൽ ഈ അടുത്തിടെ ഒരു വൃദ്ധ "സ്ത്രീ" എന്ന സീരിയലിന്റെ അന്ത്യം കണ്ടതിനു ശേഷം മാത്രമേ തന്റെ അന്ത്യം ഉണ്ടാകാൻ പാടുള്ളു എന്ന് പ്രാർത്ഥിക്കണമെങ്കിൽ എത്ര ശക്തമായ സ്വാധീനവലയങ്ങളാണ് സീരിയലുകൾ സൃഷ്ടിച്ചെടുത്തിരിക്കുന്നത്. കണ്ണീർക്കടലിൽ കഴുത്തറ്റം വെള്ളത്തിൽ കൈകാലിട്ടടിക്കുന്ന സീരിയൽ ദുഃഖപുത്രിമാർ എത്ര അമ്മമാരുടെ കണ്ണുകളെ ഇതിനകം ഈറനണിയിച്ചിരിക്കണം? ഒരേവീട്ടിൽ ഒരേ മുറിയിൽ ഒരേഅഭിനേതാക്കളെക്കൊണ്ട് ഒരേസമയം മൂന്നുമെഗാസീരിയലുകൾ പ്രേക്ഷകരുടെ മുന്നിലെത്തിക്കുമ്പോൾ ഒന്നിലെ കാമുകൻ രണ്ടാമത്തേതിലെ അച്ഛനാകുന്നു. മൂന്നാമത്തേതിലെ സഹോദരനാകുന്നു. അതും ഒരേകാമുകിയുടെ. ഇത്രയും അഭ്യാസങ്ങൾ കാണിക്കാൻ ഒരുവനു ധൈര്യമുണ്ടാകുന്നെങ്കിൽ എന്തിനെയും വരവേൽക്കാൻ തയ്യാറായി പ്രേക്ഷകർ നിന്നിട്ടുതന്നെ. "സ്ത്രീ ജന്മം പുണ്യ ജന്മം" എന്നുപാടി ആരംഭിക്കുന്ന ഒരു പരമ്പര സ്ത്രീജന്മത്തെ എത്രമാത്രം പുണ്യം നിറഞ്ഞ ഒന്നായിട്ടാണ് ചിത്രീകരിക്കുന്നതെന്ന് ആ പരിപാടിയുടെ പ്രേക്ഷകർക്ക് അല്പം ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു. മേൽപറഞ്ഞവയൊക്കെയും മലയാളം മൊഴിയുന്ന നമ്മുടെ ചാനലുകളുടേതുമാത്രം. എന്നാൽ ഇത്രയൊന്നും കൊണ്ടു തൃപ്തിപ്പെടാനാകാത്ത ആസ്വാദക സഹസ്രങ്ങൾ വിദേശചാനലുകൾക്കായി റിമോട്ടിൽ വിരലമർത്തുന്നു. അവിടെയാകട്ടെ സ്ത്രീശരീരത്തെ എങ്ങനെ അല്പവസ്ത്രധാരികളാക്കി "നാണം മറപ്പിച്ച്" രംഗത്തിറക്കാം എന്നതിനെക്കുറിച്ച് പരീക്ഷണം നടത്തുന്നു. അതും കാണാനാളുണ്ടായതു കൊണ്ടുമാത്രമാണ് ഫാഷൻ ചാനലിനും, എം.ടി.വി.ക്കുമൊക്കെ ഇവിടെ നിലയുറപ്പിക്കാനായത്. സൗന്ദര്യമത്സരവേദികളിൽ കയറിനിന്നു കൊണ്ട്, സ്ത്രീശരീരം പുരുഷൻമാരുടേതിനേക്കാൾ ഭംഗിയുള്ളതു കൊണ്ടാണ് പ്രദർശനത്തിന് ഒരുമ്പെടുന്നതെന്ന് ഒരുകൂട്ടം പെണ്ണായിപ്പിറന്നവർ തന്നെ വാദിക്കുമ്പോൾ ഓർക്കാം പെൺബുദ്ധി പിൻബുദ്ധിയെന്ന് വെറുതെയെങ്കിലും പറഞ്ഞപൂർവ്വികരെ. അത്തരം പ്രദർശനങ്ങൾക്കു പിന്നിൽ വെറും സൗന്ദര്യാരാധന മാത്രമല്ല കച്ചവടക്കാരുടെ കഴുകൻ കണ്ണുകളും, ആദ്യമേ സൂചിപ്പിച്ച ലൈംഗിക വാഞ്ഛയും കൂടിയുണ്ടെന്ന് വിശ്വസുന്ദരികളാകാൻ ഓടിപ്പായുന്നവർക്കെന്തേ മനസ്സിലാകാത്തത്.

തന്റെ ശരീരത്തിൽ വന്നുപതിക്കുന്ന കണ്ണുകൾക്കുള്ളിലെ ചേതോവികാരമെന്തെന്ന് തിരിച്ചറിവുണ്ടാകണമെങ്കിൽ ആദ്യം സ്ത്രീക്ക് വേണ്ടത് ആത്മബോധമാണ്. താൻ ആരാണ്, തന്റെ വ്യക്തിത്വമെന്താണ് എന്നവൾ ആദ്യം മനസ്സിലാക്കണം. താൻ എങ്ങനെ വിനിയോഗിക്കപ്പെടുന്നു എന്ന് ചിന്തിക്കേണ്ടത് തന്റെ ശാരീരിക സൗന്ദര്യത്തെക്കുറിച്ചുള്ള അമിതമായ ആത്മവിശ്വാസത്തിലൂടെ ആവരുത്. അങ്ങനെ ഒരുസ്വയംബോധവത്കരണം നടക്കുന്നെങ്കിൽ ഒരിക്കലും ഒരുവളും ഒരുപരിധിവരെ ഒന്നിന്റെയും പേരിൽ ചൂഷണം ചെയ്യപ്പെടില്ല തീർച്ച.



പിന്നിട്ടവയെ അപേക്ഷിച്ച് വരാനിരിക്കുന്ന ദിവസങ്ങൾ ദുസ്സഹമായിരിക്കുമെന്ന് കുട്ടി അറിഞ്ഞിരുന്നില്ല. അതിന്റെ ഒരു മുന്നോടി മാത്രമായിരുന്നു ഞരക്കങ്ങളും ദുർഗന്ധവും കെട്ടുപിണഞ്ഞ മുറിയിലേക്കുള്ള അതിന്റെ ഊളിയിടൽ. കരയരുതെന്ന വാശി പിന്നീടുള്ള ചുറ്റുപാടുകളിൽ അലഞ്ഞുപോയി. വായിലേക്കെത്തിയ ഇളം ചൂടും മധുരവുമുള്ള പാലിന്റെ ആലസ്യം വളരെ കുറച്ചുനേരത്തേക്ക് മാത്രമായിരുന്നു. തുറന്നടയുന്ന വാതിലും അടുത്തുവരുന്ന കാലൊച്ചകളും ഉറക്കത്തിന്റെയും ഉണർച്ചയുടേയും താളം തെറ്റിച്ചു. വസ്ത്രത്തിന്റെ പട പട ശബ്ദത്തോടൊപ്പം കവിളിൽ പതിഞ്ഞ വിരലിൽ അരിമ്പാറയുടെ കിരുകിരുപ്പ്.

" മോളാണെങ്കിലും അച്ഛന്റെ ഛായയില്ലാ."

ഇറുക്കിയടച്ച കണ്ണുകളിലും ചപ്പിയമൂക്കിലും പരതിയ കൈകളെ തട്ടിയെറിഞ്ഞ് പറഞ്ഞ മറുപടി, കാതടപ്പിച്ചു കൊണ്ട് കുട്ടിയുടെ തൊണ്ടക്കുഴിയിൽ നിന്നും പൊട്ടി.

"ഛായ അച്ഛന്റേതായാലും പിടിവാശി കിട്ടാതിരുന്നാമതിയായിരുന്നു. ഇനിപ്പിന്നെ അയാള് വന്നിരുന്നോ?" ചോദ്യത്തിന്റെ അലകൾ അമ്മയുടെ നെഞ്ചിലെ നടുക്കമായി കുട്ടിയുടെ ചുണ്ടിനെതൊട്ടു.

പിന്നീടുള്ള ദിവസങ്ങളിൽ കുട്ടിക്ക് നഷ്ടമായിത്തുടങ്ങി. അതുകൊണ്ട് ഉറങ്ങുമ്പോഴും അല്ലാത്തപ്പോഴും അത് വെറുതെ കണ്ണടച്ചുകിടന്നു. ചെവിയിൽ ഓരോ ചലനവും കുട്ടിയുടെ സ്വപ്നങ്ങളിലെ നിറക്കൂട്ടുകളെ ഇളക്കി. വളരെ മാസങ്ങളായി നിറങ്ങളും ശബ്ദങ്ങളും വെളിച്ചവും നിലാവും കുട്ടി കേൾക്കുക മാത്രമായിരുന്നു. അപ്പോഴൊക്കെ ഇഴ ചേർന്ന കിനാക്കളുടെ ഊടും പാവും ഇപ്പോൾ വലിഞ്ഞു മുറുകുന്നത് കുട്ടിയറിഞ്ഞു.

"ഒരെങ്കിലും പെണ്ണല്ലാതിരുന്നെങ്കി...."

അമ്മമ്മയുടെ സ്വരത്തിൽ നിരാശ കല്ലിച്ചു. ചെലപ്പോ, ഇതായിരിക്കും അമ്മേ എനിക്കൊരു തൊണയാവ്ക"

"നാലും രണ്ടിനേം നീ എങ്ങിനെ വളത്തും, മോളെ!"

ഇരുട്ടിന്റെ സുഖകരമായ തണുപ്പിൽ കണ്ണടച്ചു ചുരുണ്ടു കിടക്കുമ്പോൾ കേട്ടതും അറിഞ്ഞതും ഈ ഭൂമിയിലെ കാര്യങ്ങളായിരുന്നില്ലേയെന്ന് കുട്ടി അത്ഭുതപ്പെട്ടു. തന്നെ

# കഥയില്ലായ്മയുടെ കയങ്ങളിലെ കഥ

ഷാഫിയ സി.കെ.
III ബി.എസ്.സി. രസതന്ത്രം



കാത്തിരുന്നത് മുഖം മറയ്ക്കുന്ന മുഖം മൂടിയും ചുമലൊടിക്കുന്ന ബാദ്ധ്യതയും ആണെന്ന തിരിച്ചറിവ് അതിനെ ഭീഷണിപ്പെടുത്തി. സത്യവും മിഥ്യയും തമ്മിലുള്ള അന്തരത്തിൽ വഴുതിയ അതിന്റെ പ്രജ്ഞ ഒരു വിതുമ്പലായി ചുണ്ടിനെ കൂർപ്പിച്ചു. അതുവരെ മനസ്സിൽ പടർന്നു കയറിയ വൃക്ഷത്തിന്റെ ഇലയും പൂവും കായും കൂടഞ്ഞു കുട്ടി കരഞ്ഞു.

"വച്ഛന്റെ മോള് തന്നെ. മനുഷ്യനെ ബുദ്ധിമുട്ടിക്കാൻ" കുട്ടിയെ ചുറ്റിയിരുന്ന അമ്മമ്മയുടെ വിരലുകൾ മുറുകി.

"അമ്മേ" തന്റെ അമ്മയുടെ കണ്ണീരിനു പിറകിലെ നിസ്സഹായതയിലേക്ക് നോക്കിയ കുട്ടി കണ്ണ് ചിമ്മിയടച്ചു.

അടച്ച കണ്ണുകൾക്ക് പിറകിൽ പതുക്കെ വെളിച്ചം നിറയുന്നതും, പൊടുന്നനെ കട്ടിയുള്ള ഒരു കരിമ്പടം തന്റെ മേൽ വന്നു വീഴുന്നതും കുട്ടി അറിഞ്ഞു. അതിന് തനിക്ക് ബന്ധമറിയാത്ത പലരുടേയും വിയർപ്പിന്റെയും രക്തത്തിന്റെയും ഗന്ധം. അതെല്ലാം തനിക്കുമുൻപ് ജനിച്ചവരുടേതായിരിക്കും എന്നു കുട്ടി സമാധാനിച്ചു. താവഴിയുടെ അരമുള്ള അതിന്റെ നാടകൾക്ക് കെട്ടു വീണു. തനിക്ക് തന്നെതന്നെ നഷ്ടപ്പെടുന്നു എന്ന നിരാശയിൽ, സ്വയം ആശ്വസിപ്പിച്ചു കൊണ്ട് കുട്ടി അന്ന്, സ്വസ്ഥമായുറങ്ങി.

ഉണരുമ്പോൾ നക്ഷത്രങ്ങൾ കുട പിടിച്ച ആകാശത്തിൻ കീഴിൽ നിന്ന് നിലാവ് പെയ്തിറങ്ങുകയായിരുന്നു. ആകാശത്തിന്റെ പാളികൾക്കിടയിലെങ്ങോനിന്ന്, നിലാവിനേയും നക്ഷത്രങ്ങളേയും വകഞ്ഞുമാറ്റിക്കൊണ്ട് ഒരു പ്രകാശം കുട്ടിയ്ക്കരികിലേക്ക് ഇറങ്ങി വന്ന് കുട്ടിയുടെ ചെവിയിലെന്തോ മന്ത്രിച്ചു. സന്തോഷം ഉറവ പൊട്ടുന്നൊരു ലോകത്തേക്ക് താൻ യാത്രയാകുകയാണെന്ന ഉത്സാഹത്തോടെ കുട്ടി ആ പ്രകാശവലയത്തിലേക്ക് പറ്റിച്ചേർന്നു. നിലാവിനടുത്തേക്ക് വെളിച്ചത്തോടൊപ്പം നീങ്ങിത്തുടങ്ങിയ കുട്ടി മെല്ലെ തിരിഞ്ഞുനോക്കി. നിലാവ് കളം വരയ്ക്കുന്ന മുഖവുമായി ഉറങ്ങുന്ന അമ്മ. പിറകിലേയ്ക്ക് നീങ്ങുന്ന അമ്മയെ നോക്കിക്കൊണ്ടിരുന്നപ്പോൾ, അമ്മയെ ഉപേക്ഷിച്ചു കൊണ്ട് താൻ ആരോടാണ് സദൃശ്യയാകുന്നതെന്ന തിരിച്ചറിവിൽ, അത് നിഷേധിക്കുന്നുവെന്ന് പറയാനാഞ്ഞ കുട്ടിയുടെ കൈ, ആകാശത്തിന്റെ ഏതോ പടവുകളിൽ വച്ച് വഴുതിപ്പോയി.



# SCIENCE AND TECHNOLOGY THROUGH CENTURIES

*Remya Joy*
I B.Sc. Chemistry

The era in which we live is the era of science and technology. Science and Technology has overthrown our whole life. Science is the noblest attribute of nature and applies her forces to the service of mankind. Technology is the natural corollary of scientific advancement. It has brought progress in every field of human welfare such as education, medicine, entertainment, agriculture etc. Information technology has brought miracles to today's world.

Five centuries ago, telegraph was an amazing boon of Science. Telegraph discovered by Morse and telephone by Alexander Graham Bell made possible the transfer of human voice over long distances by metal wires. Now-a-days messages are conveyed like the twinkling of an eye. Electromagnetic waves are used to carry information and messages. Radio, the most potent source of broadcasting has become common. It is very difficult to find houses without radios. Regular broadcast of features, films, music, news etc. has become very common. It gives us recreation with education and entertainment with instruction. Cinema which gives us informative and educative values teaches us history, sociology, psychology and so on.

Television is another miracle of science in the field of education and entertainment. It is very important because of its audio-visual ability. Sound and pictures are converted into electromagnetic waves and it is transmitted and received by antenna. This modern marvel was invented in 1926 by John L. Baird. The launching of satellites INSAT - IA and INSAT - IIA became successful and this has opened a new era in the progress of television in our country.

Another satellite, PSLV which has been, launched into space is one of our best achievements. Though television we can hear the news abroad and can watch live programmes. It gives us valuable information about our weather . It also serves as a leisure time entertainment. But now-a-days people take full benefit from this media to improve their knowledge potentiality.

Use of light waves in communication gave rise to the modern technology of optical communication. Human voice, T.V. pictures, computer information etc. can be transmitted and received with great care using optical fibres. Information is carried in the form of light pulses through strands of ultra high pure glass called optic fibres. Optic fibres are very useful in the medical field ie. to detect wounds in the brain and to locate kidney stones etc.

Radar is used in radio detection and ranging. Ultrasonic waves are used in endoscope to view the internal parts of our body and centrioscope to observe heart values. It is also used in MRI scan to detect the tumors in the human body. Sonar is used for sound navigation and ranging. Ultramicroscope, which can magnify a cell upto one lakh times by employing an electron beam has enabled us to understand the finer details of the structure of the cell and its components. It is important to study about bacteria, virus and other microorganisms.

Internet - the information Super Highway is a wonder in the field of science and technology. No doubt, we can say it is the answer to the needs of this century. People in one part of the world can communicate with the people in other parts of the world using Internet Relay Chat (IRC). Messages conveyed through computers reach the destination with seconds. E-mail service is much cheaper too. World Wide Web (www) on Internet gives unlimited information on any subject on the earth to an individual user. It is like a virtual library. File Transfer Protocol (FTP) allows as to transfer files from one computer to another. Telnet allows us to log on to another computer. In India, Videsh Sanchar Nigam Ltd. (VSNL) provides internet connections. Now-a-days internet connections are available in every part of the world. We must take full benefit out of this glorious opportunity.

Computers have invaded every walk of human life like trade, education, commerce etc. and perform all the operations that are done by man. In recent years computers are widely used in controlling the speed of the rockets. It is also used to control traffic, in railway and airlines booking and banking by Local Area Network (LAN). Printed messages can be transferred from one place to another by computers as well as by Fax machines.

Every step of progress in science and technology has been followed by a step of misuse of the same. The biggest misuse by today's generation is the misuse of drugs used in medicine. It has been used enormously to destroy the generation of tomorrow. Another major misuse in this field is the use of atomic war heads. The exploitation of internet for counterfeit of money and display of unwanted materials is also another misuse. So let us all be aware of the negative potentialities of science and technology that destroy the generation of today and the hopes of tomorrow.

McLuhan once said : "our earth has became a global village." Development of science and technology will continue to greater and greater heights. It can do more for us in the years to come. Science and technology have played a vital role, in the transformation of the past world to the present modernised world. Man should decide how the gifts or the boons of science are to be used. Let him not make a choice that we may regret tomorrow and let science purify our hearts with its peaceful and informative contributions. Let us wait for the wonders yet to come!!!!



# ഓർമ്മയ്ക്കായി.....

ഒരു തുരുത്ത്
മടിയൻമാരുടെ തുരുത്ത്
ഒത്തുചേർന്നയവിറക്കാൻ
കുറേ നുണക്കഥകൾ
പൊട്ടിച്ചിരികൾ
അടക്കം പറയലുകൾ
പൊങ്ങച്ചങ്ങൾ
വിദൂരതയിലല്ലാതെ സ്റ്റാഫ്റൂം
കണ്ണടവെച്ച അധ്യാപികമാർ
കഷണ്ടിയുള്ള അധ്യാപകർ
ഇടക്കിടെ സമര കാഹളങ്ങൾ
ഇവിടെ കറങ്ങുന്ന ഫാനിന്റെ-
കാറ്റിന് കൊടും തണുപ്പ്!
ബെഞ്ചുകളിൽ ഊഞ്ഞാലാടുന്ന സുഖം
മൂത്രത്തിന്റെ ഗന്ധത്തിൽ
നിറഞ്ഞ ഒരുച്ചയുണ്ട്
അവൾ കരഞ്ഞിട്ട്
മുഖം കഴുകുന്നതെന്തിന്.....?
എന്തിനെന്നറിയില്ല
എങ്കിലും ........
മാഞ്ഞുപോയ വെയിറ്റിംഗ് റൂമിന്റെ ചിത്രം
നിനക്കു കിട്ടുകിൽ ഞാനെത്ര ധന്യ-

(ആരും 'ഏറ്റെടുക്കാനില്ലാതിരുന്നതിനാൽ'
മോഡേണിസ്റ്റുകളുടെ അപനിർമ്മാണത്തിനിരയായ
ഞങ്ങളുടെ പാവം പെൺസത്രത്തെക്കുറിച്ച്)

*സാഹിദ വി.കെ*
III ബി.എസ്.സി. സുവോളജി

The Queen
Always Reigns and Rules Supreme
We Distinguish Ourselves
with our Midasian
Touch on Everything
In Education

# Queen Mother's College

**Near Private Bus Stand, Aluva.**
**Phone : (O) 625791. (R) 621737,670756**

*Offers Courses in Parallel Classes*

| | |
|---|---|
| B.Com., B.A. Economics, English | - Mahatma Gandhi |
| B.Com., Co-operation (Equivalent to H.D.C.) | - Mahatma Gandhi |
| M.A., Economics | - Kerala |
| M.A. Malayalam | - Kerala |
| M.A. History | - Kerala |
| M.A. English | - Kerala |
| M.A. Hindi | - Kerala |
| M.A. Sociology | - Kerala |
| M.Com | - Kerala |
| M.Sc. Maths | - Kerala |
| B.Sc. Maths | - Calicut |

*Our faculty consists of eminent luminaries.*
*Retired professors head the departments.*
*Experienced teachers assist them.*

**Computer courses and tuition classes for S.S.L.C. Students**

**We are also proud of a well - equipped lab.**

N.B.
1. Library Facilities available for P.G. Students.
2. Hostel Facilities available for girls and boys.

# സമകാലീന സമൂഹത്തിലെ മൂല്യനിരാസ പ്രവണതകൾ

മാർട്ടിൻ ജോർജ്ജ്
I ബി.എ. മലയാളം

ആമുഖം

നിരന്തരം വന്നു പിണയുന്ന പ്രക്ഷുബ്ധതകളുടെ പിൻസൃഷ്ടികൾക്കായി ദുരന്ത ഭാഗധേയം പേറി ജീവിക്കാൻ വിധിക്കപ്പെട്ടവരാണ് നാം. കാലാകാലങ്ങളുടെ ബ ാക്കിപത്രങ്ങളായി ഒട്ടേറെ ദുരന്തങ്ങൾ വന്നു ഭവിച്ചിട്ടുണ്ട്. വന്നു ചേരുന്ന ദുരന്തങ്ങൾ പലതും മനുഷ്യ നിർമ്മിതങ്ങളാണ് എന്നതാണ് ഏറ്റവും ദൗർഭാഗ്യകരം. വർത്തമാന സമൂഹത്തിൽ നാം ഇന്നു കാണുന്ന മൂല്യനിരാസ പ്രവണതകൾ പലതും ഇത്തരത്തിലുള്ളതാണെന്ന വസ്തുത അംഗീകരിച്ചുകൊണ്ടുവേണം മൂല്യനിരാസ സമസ്യകൾക്കെതിരെ ക്രിയാത്മ സമീപനം നാം സ്വീകരിക്കാൻ. കൃത്യമായൊരു മുഹൂർത്തം നിശ്ചയിച്ച് വൈയക്തികവും സാമൂഹികവുമായ തലങ്ങളിൽ വേരൂന്നിയിരിക്കുന്ന വികലമൂല്യബോധത്തിന്റെ അടിവേരുകൾ പിഴുതെറിയാൻ നമുക്കാവില്ല. കാരണം ഇത്തരം വിഷവൃക്ഷങ്ങൾ പടർന്നു പന്തലിച്ച് നിൽക്കുമ്പോൾ അതിനെ തണൽ വൃക്ഷങ്ങളായി തെറ്റിദ്ധരിച്ച് വെള്ളവും വളവും നൽകുന്നവരും ചുരുക്കമല്ല. ഇങ്ങനെയുള്ള ഒരു സാമൂഹ്യ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് സമകാലിക സമൂഹത്തിലെ മൂല്യനിരാസ പ്രവണതകളിലേക്ക് ഒരു വിഹഗ വീക്ഷണം നടത്തി ചില ചിതറിയ ചിന്തകൾ പങ്കുവയ്ക്കുകയും മറയ്ക്കപ്പെട്ട ചില ചിത്രങ്ങളുടെ മറ നീക്കി കാണിക്കുകയുമാണ് ഈ പ്രസംഗലേഖനത്തിലൂടെ.

മൂല്യങ്ങൾ - നിർവ്വചനം തേടുമ്പോൾ

നിയതമായ ചില വാക്യങ്ങളുടെ അർത്ഥതലങ്ങളിൽ ഒതുക്കാവുന്ന ഒരു നിർവ്വചനം മൂല്യങ്ങൾക്ക് നാം നൽകിയാൽ അത് എത്രകണ്ട് പൂർണ്ണമാവും എന്ന് എനിക്ക് സംശയമുണ്ട്. ഓരോ വ്യക്തിയെ സംബന്ധിച്ചും സമൂഹത്തെ സംബന്ധിച്ചും, സ്ഥാപന-സംഘടനാ ശ്രേണികളെ സംബന്ധിച്ചും മൂല്യങ്ങളെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ ആശയതലത്തിലും പ്രായോഗിക തലത്തിലും തികച്ചും വ്യത്യസ്തമാണ്. ഇങ്ങനെയൊരു ഘട്ടത്തിൽ നമ്മുടെ സമൂഹത്തെക്കുറിച്ചും അതിന്റെ മൂല്യശ്രേണികളെക്കുറിച്ചും ചിന്തിക്കുമ്പോൾ നാം നിർവചനം തേടുന്നത് തികച്ചും വസ്തുവൽക്കരിക്കപ്പെട്ട സാമ്പത്തിക മൂല്യത്തിനല്ല. മറിച്ച് ധാർമ്മിക ബോധത്തെ സ്വാധീനിക്കുന്ന മൂല്യത്തിനാണ്.

ഒരുവന്റെ മനോഭാവങ്ങളെയും പ്രവർത്തനങ്ങളേയും സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന ആദർശങ്ങളെയും അവന്റെ ജീവിത സമീപനത്തെ നിയന്ത്രിക്കുന്ന ആന്തരിക - ബാഹ്യ പ്രചോദന ഹേതുക്കളെയുമാണല്ലോ പൊതുവെ മൂല്യങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മൂല്യബോധം ആർജ്ജിക്കപ്പെടുന്നത് പല ഉറവിടങ്ങളിൽ നിന്നാണ്. പാരമ്പര്യവും ഗാർഹിക - സാമൂഹിക - രാഷ്ട്രീയ - സാമ്പത്തിക - സാംസ്കാരിക പശ്ചാത്തലങ്ങളും മൂല്യശ്രേണി രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്ന ഘടകങ്ങളാണ്. ഇവിടെ വിദ്യാഭ്യാസവും നിരന്തരം മാറ്റത്തിനു വിധേയമായി കൊണ്ടിരിക്കുന്ന ചിന്താസരണികളും അറിവുകളും സ്വാധീന ഘടകങ്ങൾ തന്നെ. ഈ ഉറവിടങ്ങളെല്ലാം രൂപപ്പെടുത്തുന്നതും എല്ലാ തലങ്ങളും ഉൾക്കൊള്ളുന്നതുമായ വീക്ഷണ സാർവ്വത്രികതയാണ് ഒരുവന്റെ മൂല്യബോധത്തിന് ആധാരമായി ഭവിക്കുന്നത്. ഇത് ക്രിയാത്മകമോ (Constructive) ഋണാത്മകമോ (Distructive) ആകാം. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന പല ഭീകര സംഘടനകൾക്കും അവയുടേതായ മൂല്യങ്ങളുണ്ട്. ഈ സംഘടനകളിൽ പ്രവർത്തിക്കുന്നവർക്ക് ആ മൂല്യങ്ങൾ പ്രിയപ്പെട്ടതും അവയ്ക്കുവേണ്ടി മരിക്കാൻ പോലും അവർ സന്നദ്ധരുമാണ്. പക്ഷേ

നാം ആ മൂല്യങ്ങളെ അംഗീകരിക്കുന്നില്ല. ഇവിടെ നാം മൂല്യങ്ങളുടെ സ്വഭാവത്തെ അളക്കുന്ന അളവുകോൽ സാന്മാർഗ്ഗിക - ധാർമ്മിക വീക്ഷണങ്ങളും ഈ ധാരണക്ക് ആക്കം നൽകുന്നവയാണ്. ഇത്തരത്തിൽ നോക്കുമ്പോൾ നമ്മുടെ മൂല്യങ്ങളെ ക്കുറിച്ചുള്ള അറിവുകൾക്കും അവയുടെ കാലികമായ മാറ്റങ്ങളെക്കുറിച്ചുള്ള തിരിച്ചറിവുകൾക്കും ഒട്ടൊക്കെ സമഗ്രത ആവശ്യമാണ്.

വർത്തമാന സമൂഹത്തിലെ മൂല്യ നിരാസ പ്രവണതകളുടെ കാരണം തേടുമ്പോൾ പകൽപോലെ വ്യക്തമാകുന്ന ഒരു കാര്യം ഇതാണ്. മൂല്യബോധ തലങ്ങളിൽ നിരന്തരം മാറ്റം സംഭവിച്ചു കൊണ്ടിരിക്കുന്നു. അതോടൊപ്പം ഘടനാ പരവും അല്ലാത്തതുമായ ഒട്ടേറെ അടിസ്ഥാന വസ്തുതകൾ മൂല്യനിർമ്മാണ പ്രക്രിയയിൽ അടിയൊഴുക്കുകളായി സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ വസ്തുതകളെ അവഗണിച്ചുകൊണ്ടോ അല്ലെങ്കിൽ ഇത്തരം സ്വാധീനങ്ങളെ പൂർണ്ണ നിർമ്മാർജ്ജനം ചെയ്യാൻ ധൃതിപ്പെട്ടതു കൊണ്ടോ പുതിയൊരു മൂല്യശ്രേണി രൂപപ്പെടുത്താൻ നമുക്ക് കഴിയില്ല. അങ്ങനെയൊരു ശ്രമത്തിന്റെ ഫലം മന്ത്രപൂർവ്വം മൺകുടത്തിൽ പണ്ടുപണ്ടട ക്കിയ ഭൂതങ്ങൾ വിമുക്തി പ്രാപിച്ച് വീണ്ടും മുമ്പിലെത്തുന്ന ഒരനുഭവത്തിലേക്ക് നമ്മെ നയിക്കും. നേരെ മറിച്ച്, മൂല്യങ്ങൾക്ക് ക്രിയാത്മകമായ നിർവ്വചനം നൽകാനും വിവേചനബുദ്ധിയോടെ മൂല്യങ്ങളെ ഉൾക്കൊള്ളാനും കഴിയുന്ന തരത്തിൽ വ്യക്തിയുടെ ബോധതലങ്ങളെ ഉണർത്തുക യാണ് അഭികാമ്യമായ കാര്യം. ഇവിടെ ഒരുവന് തന്റേതായ മൂല്യങ്ങൾക്ക് സ്വയം നിർവ്വചനം നൽകാൻ കഴിയും. അത് അവന്റെ ജീവിതത്തിനാവശ്യമായ ഒരു ദിശാബോധം പ്രദാനം ചെയ്യുകയും ചെയ്യും.

മൂല്യത്തകർച്ച - വൈയക്തിക - സാമൂഹിക തലങ്ങളിൽ

"കുട്ടിതൻ കണ്ണു നിറഞ്ഞുപോയ്
ഉച്ചയ്ക്കു പട്ടിണിയാകുമെന്നോർത്തല്ല
തൻപാത്രത്തിൽ നിന്നുർന്നു വീണ
നാലഞ്ചു കപ്പക്കഷണങ്ങൾ
ആളുകൾ കണ്ടുപോയ് പോൽ!"

ശ്രീ ഒ.എൻ.വി. കുറുപ്പിന്റെ കവിതാ ശകലങ്ങളാണിവ. ഈ വരികളിൽ തെളിയുന്ന ചിത്രം സമകാലിക വ്യക്തിത്വ ങ്ങളുടെ മനോഭാവങ്ങളിൽ സംഭവിച്ച മാറ്റത്തിന്റേതാണ്. ഈ മാറ്റം അനിവാര്യ തയാണോ അല്ലയോ എന്ന ചോദ്യം ചിന്താർഹമാണ്. നൂഡിൽസും, സോസും നമ്മുടെ ഭക്ഷണമേശകൾക്ക് അലങ്കാരമാകു മ്പോൾ കപ്പയും, കഞ്ഞിയും നമുക്ക് പഴഞ്ചനാവുക സ്വാഭാവികമാണല്ലോ. ജീൻസും, കമ്മീസും നമുക്ക് ഫാഷനാകു മ്പോൾ, മുണ്ടും സാരിയും നമുക്ക് പഴഞ്ചനാവുന്നതും സ്വാഭാവികം. എന്നാൽ മൈക്കൽ ജാക്സന്റെ ചടുല സംഗീതം നമ്മുടെ സിരകളിൽ ആവേശമുണർത്തുമ്പോൾ, സൽമാൻ റുഷ്ദിയും, നിക്കോസ് കസാൻസാക്കിസും നമ്മുടെ ചിന്താധാരകളെ ഭരിക്കുമ്പോൾ, ഒരു വടിയും കുത്തിപ്പിടിച്ച് - പഴഞ്ചൻ കണ്ണടയും വച്ച് ഒറ്റ മുണ്ടുമുടുത്ത് - 'അഹിംസ'യെന്ന 'പഴഞ്ചൻ' ആശയവുമായി കടന്നുപോയ ഗാന്ധിജിയെ എന്ത് ചീത്ത വിളിക്കാനും നാം കാണിക്കുന്ന ചങ്കൂറ്റം ഇത്തരം 'സ്വാഭാവികത'കളുടെ ഭാഗമാണെങ്കിൽ അത് നിർഭാഗ്യകരം തന്നെ. ഇങ്ങനെ സംഭവി ക്കുന്ന 'സ്വാഭാവികത'കൾക്കുത്തരം പുതുമയെ തേടുമ്പോൾ പഴമയെ പുച്ഛിക്കുന്ന ജീവിത വീക്ഷണം നമ്മിൽ രൂപപ്പെടുന്നു എന്നതാണ്. മാറ്റം നല്ലതു തന്നെ. പക്ഷേ നാം ചവിട്ടി നിൽക്കുന്ന മണ്ണിനേയും നമുക്ക് അസ്ഥിത്വം നൽകിയ സംസ്കാരത്തേയും പുച്ഛിക്കുന്ന മൂല്യബോധം ആപൽക്കരമാണ്.

നമ്മുടെ വർത്തമാനകാല സമൂഹ ത്തിന്റെ ഏത് മേഖല പരിശോധിച്ചാലും അഴിമതിയുടെ കറപുരണ്ട കഥകളും സ്വാർത്ഥത പുഴുക്കുത്തു തീർത്ത ചിത്രങ്ങളും സുലഭമാണ്. കാലപ്രവാഹ ത്തിൽ നാം കാണുന്ന ഓമനത്തമുള്ള പല മുഖങ്ങളും ഒരു ദിനരാത്രംകൊണ്ട് ചുളിവുകൾ വീഴുന്നതും നമ്മൾ തന്നെ കാണേണ്ടി വരുന്നു. ഇവിടെ മൂല്യമെന്ന പദത്തിന്റെ അർത്ഥാന്തരങ്ങൾക്ക് വ്യാപ്തി വർദ്ധിച്ചു വരുന്നു. കോഴ കൊടുക്കുന്നതും വാങ്ങുന്നതും സമൂഹം അംഗീകരിക്കുന്ന ഒരു 'മൂല്യ'മായി ഇന്ന് മാറിക്കഴിഞ്ഞു. ജോലി ബ ാദ്ധ്യതയും സ്ഥാനക്കയറ്റവും നിറംപിടിച്ച ജീവിതമൂല്യങ്ങളുടെ ഭാണ്ഡം നാം വഴിയിലുപേക്ഷിക്കുന്നു. ആണിവേരു ദ്രവിച്ചുപോയ ചെടിയുടെ മൂർദ്ധാവിൽ പൂ വിരിയുന്നത് വിഡ്ഢിത്തമാണെന്നിരിക്കെ നീതിയിലും സന്തോഷത്തിലും അധിഷ്ഠിത മായ ഒരു മാവേലി നാട് ഇനിയും നമ്മുടെ സ്വപ്നങ്ങളിലും പാട്ടുകളിലും മാത്രം പൂത്തു നിൽക്കും.

സാക്ഷര കേരളം നേരിടുന്ന ഭീകരമായ മൂല്യ നിരാസ ദുരന്തത്തിന്റെ ഫലമായി ജനത്തിന് ഒന്നിലും വിശ്വാസമില്ലാത്ത ഒരു സ്ഥിതിവിശേഷം വന്നു ഭവിക്കുന്നുണ്ട്. സ്വന്തം അസ്ഥിത്വത്തെക്കുറിച്ച് അഭിമാനി ക്കാൻ കഴിയാത്തവർക്ക് സ്വന്തം കുടുംബ ത്തെപ്പറ്റിയും നാടിനെപ്പറ്റിയും അഭിമാനി ക്കാൻ കഴിയുന്നതെങ്ങനെ? ഇവിടെ സാക്ഷരത വിവേചനകലയായി വളരേണ്ടതു ണ്ട്. കള്ളൻമാരെയും കവർച്ചക്കാരെയും മാന്യതയുടെ കുടചൂടിക്കാതെ മനസ്സാക്ഷി ക്കോടതിയിൽ വിചാരണ ചെയ്യാനും പൗരാവകാശം രാഷ്ട്രീയ താൽപര്യങ്ങൾക്ക് അതീതമായി വിനിയോഗിക്കാനും വ്യക്തി കൾക്ക് കഴിയണം. ഇത് വിദ്യാഭ്യാസ-സാം സ്കാരിക രംഗങ്ങളുൾപ്പെടെയുള്ള എല്ലാ മണ്ഡലങ്ങളിലും ഒരു ശുദ്ധീകരണ കർമ്മത്തിന് നാന്ദിയായി തീരുകയും വേണം.

മാറുന്ന കാഴ്ചപ്പാടുകൾ

അത്ഭുതപൂർവ്വമായ വളർച്ച നേടിക്കഴി ഞ്ഞിരിക്കുന്ന മാധ്യമങ്ങൾ മനുഷ്യജീവിത ത്തിന്റെ എല്ലാ തലങ്ങളെയും സാരമായി സ്വാധീനിച്ചു കൊണ്ടേയിരിക്കുന്നു. ജനപ്രിയ മാധ്യമങ്ങൾ വിളമ്പുന്നതെന്തും ഭക്ഷിക്കാൻ നിർബന്ധിതരായി തീർന്നിരിക്കുന്ന നമ്മൾ പ്രത്യക്ഷമായോ പരോക്ഷമായോ ഇവ തരുന്ന മൂല്യങ്ങൾ സ്വായത്തമാക്കുകയാണ്. ആർഭാട ജീവിതത്തിന്റെ മാനദണ്ഡങ്ങളായി

പരസ്യങ്ങളിലും സിനിമകളിലും നാം കാണുന്ന വർണ്ണപകിട്ടുകൾ മാറുമ്പോൾ സുഖജീവിത ലബ്ധിക്കായി എന്ത് തെറ്റു ചെയ്യാനും ഏത് മൂല്യത്തെ ബലികഴിക്കാനും നാം തയ്യാറാവുന്നു. അയൽപക്കത്തെ മതിലുകെട്ടി അകറ്റി നിർത്തുന്ന വർത്തമാന കാല സുരക്ഷിതത്വബോധം അപരന്റെ നാശത്തിനുവേണ്ടി മെഴുകുതിരി കത്തിക്കുകയും വഴിപാടു നേരുകയും ചെയ്യുന്ന തലത്തിൽവരെ എത്തി നിൽക്കുന്നു. ജീവിതസൗകര്യങ്ങളുടെ വർദ്ധനവ് വഴി ഒരുവൻ സംസ്കാര സമ്പന്നനായി തീരുന്നുവെന്ന മിഥ്യാധാരണ അനുദിനം വളർന്നു വരികയാണ്. ഇക്കാര്യത്തിൽ വിദ്യാഭ്യാസമുള്ളവനും ഭിന്നനല്ല. കാറ് ലഭിക്കാത്തതിന്റെ പേരിലും ശാസിച്ചതിന്റെ പേരിലും ആത്മാഹുതി ചെയ്യുന്നവരുടെ വാർത്തകൾ സാക്ഷര കേരളത്തിന് അന്യമല്ലല്ലോ.

ഉപഭോഗ സംസ്കാരത്തിന്റെ പ്രചണ്ഡ വാതത്തിൽ പ്രകാശിച്ചു നിന്നിരുന്ന നന്മകളുടെ മൺചിരാതുകൾ അണയുമ്പോൾ നിസ്സഹായരായി നോക്കി നിൽക്കാനേ നമുക്കിന്ന് കഴിയുന്നുള്ളു. നമ്മുടെ കൈപ്പിടിയിൽ നിന്ന് കാര്യങ്ങളുടെ കടിഞ്ഞാൺ നഷ്ടപ്പെടുന്നതിന് കാരണക്കാർ നാം തന്നെയാണെന്ന തിരിച്ചറിവിന്റെ സാംഗത്യം നമുക്ക് വിസ്മരിക്കാനാവില്ല. നാം ശക്തങ്ങളെന്നു കരുതിയ മൂല്യക്കോട്ടകൾ പലതും നിലംപൊത്തി വീഴുന്നതിനു കാരണം അസ്ഥിവാരങ്ങൾക്കുറപ്പില്ലെന്നതു തന്നെ. വീടും വിദ്യാലയവും മൂല്യക്കളരികളായി രൂപാന്തരപ്പെടുകയും വിവേചനത്തോടെയും (descernment) സംവേദനക്ഷമതയോടെയും (Sensitivity) ജീവിത രംഗങ്ങളെ വീക്ഷിക്കാനുള്ള പരിശീലനം ചെറുപ്പത്തിലേതന്നെ ലഭിക്കുകയും ചെയ്താൽ കാറ്റിലുലയുന്ന ഞാങ്ങണകളായി ഒരുവന്റെ മൂല്യബോധവും ധാർമ്മിക വീക്ഷണവും മാറില്ല.

ശരിയായ കാഴ്ചയുള്ളവനേ വസ്തുതകളെ വസ്തുതകളായും യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യങ്ങളായും കാണാൻ കഴിയുകയുള്ളു. അതുകൊണ്ട് സുബോധത്തോടെ കാര്യങ്ങളെ നോക്കിക്കാണാനുള്ള പ്രാപ്തി വ്യക്തികൾക്ക് എല്ലാറ്റിലുമുപരിയായി ലഭിക്കേണ്ടതുണ്ട്. ഈയൊരു തലത്തിലേക്ക് വ്യക്തികൾ വളരണം.

### കാണാപ്പുറങ്ങളിലെ മൂല്യഗതിവിഗതികൾ

മനുഷ്യന്റെ പുരോയാന രേഖകളിൽ ധാരാളമായി വഞ്ചനയുടേയും നന്ദികേടിന്റേയും ചിതലരിച്ച ഏടുകളുണ്ട്. കാലം നമുക്ക് നൽകുന്ന ഈ ഏടുകളിൽ നിന്ന് നാം എന്ത് പഠിക്കുന്നു എന്നത് വളരെ പ്രധാനമാണ്. സനാതന മൂല്യങ്ങൾക്കു വേണ്ടി സമരം ചെയ്ത് ജീവിതം ധന്യമാക്കിയ മഹാരഥൻമാരെ നമിക്കുമ്പോൾ മൂല്യങ്ങളെ കാറ്റിൽ പറത്തി ചരിത്രദുരന്തങ്ങൾ സൃഷ്ടിച്ച ഇരുണ്ട മനസ്സുകളെ നമുക്ക് അവഗണിക്കാനാവില്ല. കാരണം നന്മ ചെയ്യുന്നവനും തിന്മ ചെയ്യുന്നവനും തലമുറകളെ സ്വാധീനിക്കാനും ജീവിത മേഖലകളെ മാറ്റത്തിലേക്ക് ആനയിക്കാനും കഴിയും. ചരിത്രാനുഭവങ്ങൾ തെളിമയോടെ നൽകുന്ന സദ്ചിത്രങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളാനും കറുത്ത നിഴൽ ചിത്രങ്ങളിൽ നിന്ന് പാഠം പഠിക്കാനും നാം ബോധപൂർവ്വം സന്നദ്ധരാവണം. ഇവിടെ ഭൂത-വർത്തമാന-ഭാവി തലങ്ങളെ ബന്ധിപ്പിക്കുന്ന ചിന്താസരണികൾ രൂപം കൊള്ളണം. ഈ ചിന്താസരണി വിവേചനമായി നമ്മിൽ ആന്തരിക-ബാഹ്യബോധമുണർത്തുമ്പോൾ പുതിയ മൂല്യാവബോധത്തിലേക്ക് നാം നയിക്കപ്പെടും.

### മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

'സാ വിദ്യാ സാ വിമുക്തയേ'

'മോചനമരുളുന്നതെന്തോ അതാണു വിദ്യ' എന്ന ആപ്തവാക്യം വിദ്യാഭ്യാസത്തെ സംബന്ധിച്ച് അർത്ഥവത്താണ്. മോചനം എന്നത് ജീവിത സാഹചര്യങ്ങളിലെ എല്ലാ വിധത്തിലുമുള്ള അടിമത്തത്തിൽ നിന്നുള്ള വിമുക്തിയാണ്. സംസ്കരണത്തിനുതകുന്ന ഈ മോചനം തരാൻ സമഗ്രമായ വിദ്യാഭ്യാസത്തിനേ കഴിയൂ. ഇത്തരത്തിൽ ചിന്തിക്കുമ്പോഴാണ് നമ്മുടെ സമകാലിക വിദ്യാഭ്യാസ പ്രക്രിയയുടെ പൊള്ളത്തരം വ്യക്തമാവുന്നത്. ഏറ്റവും വിദ്യാസമ്പന്നരായവർക്കിടയിലാണ് അഴിമതിയും കപടതയും വഞ്ചനയും ഏറ്റവും കൂടുതൽ കണ്ടുവരുന്നത്. അക്ഷരജ്ഞാനമില്ലാത്തവന്റെ സാമാന്യ വിവേകമാണ് ഉള്ളവന്റെ കുബുദ്ധിയേക്കാൾ മൂല്യവത്തായതെന്ന് നാം മനസ്സിലാക്കണം. മനുഷ്യത്വത്തിന്റെ അമൂല്യത സ്വയം തിരിച്ചറിയാനും അതംഗീകരിച്ച് ഏറ്റു പറയാനുമുള്ള കഴിവ് ആർജ്ജിക്കുകയാണ് യഥാർത്ഥ വിദ്യാഭ്യാസം. ഇത് അപരനെയും പ്രപഞ്ചത്തെയും ആദരിക്കാൻ ഒരുവന് പ്രാപ്തി നൽകുമെന്നുള്ളത് തീർച്ചയാണ്. സത്യം, നീതി, സ്നേഹം എന്നിവ വ്യക്തികളിൽ പൂവണിഞ്ഞ് സമൂഹത്തിലേക്ക് സംക്രമിക്കുമ്പോഴാണ് ഒരുവന്റെ വിദ്യാഭ്യാസം യഥാർത്ഥ ഫലപ്രാപ്തി കൈവരിക്കുന്നത്.

മൂല്യബോധത്തിന്റെ കാര്യത്തിൽ നമ്മുടെ വിദ്യാഭ്യാസ ഘടന തികച്ചും അപര്യാപ്തമാണെന്ന വസ്തുത നാം അംഗീകരിച്ചേ മതിയാവൂ. നൂറുകൂട്ടം ശാസ്ത്ര-സാഹിത്യ വിഷയങ്ങൾ നാം വിദ്യാർത്ഥികളുടെ ചുമലിൽ കെട്ടിവച്ചു കൊടുക്കുമ്പോൾ സമൂഹത്തിൽ നല്ല മനുഷ്യരായി എങ്ങനെ ജീവിക്കാം എന്നതിന്റെ ബാലപാഠങ്ങൾ വിദ്യാർത്ഥികൾക്ക് നൽകാൻ നാം മറന്നു പോവുന്നു. സ്കൂൾ തലങ്ങളിലെ സന്മാർഗ്ഗ പാഠക്ലാസ്സുകൾ വഴിപാടുകളായി എങ്ങുമെത്താതെ പോകുകയാണ് പതിവ്. കലാലയ തലത്തിൽ വ്യക്തിയുടെ മൂല്യജീവിത രൂപീകരണത്തിനുതകുന്ന അറിവുകളുടെ സംലഭ്യത ഒട്ടുംതന്നെ ഇല്ലാതെ പോകുന്നുവെന്നതാണ് ഏറെ ദുഃഖകരമായ സത്യം. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പാഠഭാഗങ്ങൾ എങ്ങിനെയും തീർക്കാനുള്ള പരക്കം പാച്ചിലിനിടയിൽ വഴിയിൽ നഷ്ടമാവുന്ന പാഥേയപ്പൊതിപോലെ മൂല്യബോധ ക്ലാസ്സുകൾ അപ്രത്യക്ഷമാവുന്നു. എന്തൊക്കെ അറിവ് ഒരുവൻ നേടിയാലും ഒരു നല്ല മനുഷ്യനായി

ജീവിക്കാനുള്ള അറിവ് കിട്ടുന്നില്ലെങ്കിൽ വിദ്യാഭ്യാസം വ്യർത്ഥമാവുന്നു എന്നുവേണം പറയാൻ. സാമൂഹിക തിന്മകളോട് പ്രതികരിക്കാനും നന്മകളോട് രാജിയാവാനും ക്രിയാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള തയ്യാറെടുപ്പ് മൂല്യബോധന പരിശീലന ക്ലാസ്സുകളിലൂടെ സ്കൂൾ തലത്തിൽ മാത്രമല്ല, കലാലയ തലത്തിലും വിദ്യാർത്ഥികൾക്ക് ലഭിക്കണം. നിർബന്ധിത പാഠ്യഭാഗങ്ങൾക്കൊപ്പം ഇത്തരം ക്ലാസ്സുകളും ഉൾപ്പെടുത്തണം. ഇതിനായി സെമിനാറുകളും ചർച്ചകളും ഉൾപ്പെടെയുള്ള ക്രിയാത്മക പഠന രീതികൾ ഉപയോഗപ്പെടുത്താം. (പിന്നീട് വൈയക്തിക-സാമൂഹ്യ രംഗങ്ങളിൽ ജീവിതത്തിന്റെ പരുപരുത്ത യഥാർത്ഥ്യങ്ങളെ ഒരുവൻ അഭിമുഖീകരിക്കുമ്പോൾ) സ്വന്തം സ്വത്വബോധത്തിന്റെ അടിസ്ഥാനത്തിൽ ആത്മാഭിമാനം കൈവിടാതെ നന്മകളോടെ ഓരം ചേർന്ന് നിൽക്കാൻ ഈ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഒരുവനെ സഹായിക്കുമെന്നതിൽ സംശയത്തിന് ഇടമില്ല.

സംസ്കൃതികൾ - ഒരു നൈതിക ചുവടുമാറ്റം

"ഭൂമിതൻ തേന്വരുൾ തട്ടി
കാലമെങ്ങോ മുറിഞ്ഞുവോ?
സ്മൃതി ഭ്രംശങ്ങളാലാവാം

തെറ്റിപ്പായുന്നു ജീവിതം" എന്ന് വി. മധുസൂദനൻ നായർ 'ഗാന്ധർവ്വത്തിൽ' കുറിച്ചിട്ടിരിക്കുന്നു. നന്മയിലേക്ക് നിരന്തരം ഉള്ളുണർത്തിക്കൊണ്ടിരിക്കുന്ന ഒട്ടേറെ സംസ്കൃതികൾ നമുക്ക് പൂർവ്വികപുണ്യങ്ങളായി ലഭിച്ചിട്ടുണ്ട്. അവ സാഹിത്യമായും, കലയായും, ആചാരാനുഷ്ഠാനമായും നാട്ടറിവായും, പഴമൊല്ലായും ജീവിതചര്യകളായും നമ്മിൽ നിറയുന്നു.

പ്ലാസ്റ്റിക് നക്ഷത്രങ്ങളും ഓണക്കിറ്റുകളും, ഓർക്കിഡ് പൂക്കളങ്ങളും ഇന്ന് ജീവനില്ലായ്മയുടെയും കൃത്രിമത്വത്തിന്റേയും പുതുസംസ്കാരത്തിന് രൂപം കൊടുക്കുമ്പോൾ തെറ്റിയും മുല്ലയും നന്ത്യാർവട്ടവും ഓർമ്മയിൽ മാത്രം പൂക്കുന്നു. പൂക്കൂടകളുമേന്തി കുട്ടികൾ മലമേടുകൾ കൂട്ടമായി കയറിയിറങ്ങിയിരുന്ന പഴയ ബാല്യത്തെക്കുറിച്ച് നാം ചിന്തിക്കാറുണ്ടോ? മനുഷ്യമനസ്സുകളെ സ്വാർത്ഥതയുടെ മരുഭൂമികളാക്കി, ബന്ധങ്ങളിൽ സുഖം തേടുമ്പോൾ ഓണപ്പാട്ടുകൾ പാടി കൈകോർത്ത് മാവേലി നാടിനെ സ്വപ്നം കണ്ട പഴമക്കാരുടെ സുകൃതത്തെ നാം മറക്കരുത്. അവർ പകർന്നു നൽകിയ മൂല്യസമ്പത്ത് കൈക്കുമ്പിളിൽ നിന്ന് വാർന്നു പോകാതെ വരുംതലമുറയ്ക്ക് വരദാനമായി നാം നൽകണം. പാണനും പാക്കനാരും നാറാണത്തു ഭ്രാന്തനും നമ്മെ ജീവിത മൂല്യങ്ങളുടെ പുതിയ വഴിത്താരകളിലൂടെ എന്നും ആനയിച്ചിട്ടുണ്ട്. പാണന്റെ തുടികൊട്ടിയ നാദലയങ്ങൾ നാം കേട്ടിരിക്കുന്നു. അവ നമ്മുടെ ഹൃദയത്തിന്റെതന്നെ താളമായിരുന്നു. നമ്മുടെ തലമുറയ്ക്ക് ഈ സംസ്കൃതികളും സുകൃതങ്ങളും അന്യമാവാതിരിക്കട്ടെ. സമകാലിക സമൂഹത്തിലെ മൂല്യനിരാസ പ്രവണതകൾക്ക് പുതുതലമുറ പ്രതിവിധി തേടുമ്പോൾ പഴമയുടെ സംസ്കൃതികളിൽ തെളിയുന്ന സനാതന മൂല്യങ്ങളുടെ നിറച്ചാർത്തുകൾ അവർക്ക് തുണയാവാതിരിക്കില്ല.

ഉപസംഹാരം

ചുരുക്കത്തിൽ മൂല്യനിരാസമെന്നത് ഘടനാപരവും അല്ലാത്തതുമായ മനുഷ്യവ്യവഹാരത്തിന്റെ എല്ലാതലങ്ങളിലും വളർന്നു കൊണ്ടിരിക്കുന്ന സൂക്ഷ്മങ്ങളും സ്ഥൂലങ്ങളുമായ നിഷേധാത്മക പ്രവണതകളുടെ ചുരുക്കെഴുത്താണ്. നിരന്തരം മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന കാഴ്ചപ്പാടുകളും മനോഭാവങ്ങളും ചേർന്നു സൃഷ്ടിക്കുന്ന വൈകാരിക പ്രപഞ്ചത്തിൽ സ്വയം മറക്കാതിരിക്കാനും നിയന്ത്രിതമായ വ്യക്തിത്വം ആർജ്ജിക്കാനും നമുക്ക് കഴിയുമ്പോൾ മൂല്യങ്ങളെല്ലാംതന്നെ നമ്മുടെ ജീവിതത്തെ ശരിയായ വഴിയിലൂടെ നയിക്കുന്ന നേർരേഖകളാവും. സ്വന്തം തനിമയെ സ്നേഹിച്ചുകൊണ്ട് പഴമയെ ധിക്കരിക്കാതെ പുതുമയെ ഉൾക്കൊള്ളാനും ഹൃദയ വിശാലതയോടെ മാറ്റങ്ങളെ നോക്കിക്കാണാനും ഉതകുന്ന മൂല്യബോധനം സാർത്ഥകമായ ജീവിതലക്ഷ്യങ്ങളിലേക്ക് നമ്മെ അടുപ്പിക്കും. അപ്പോൾ സ്വാർത്ഥതയുടെ പുറംതോടു പൊട്ടിക്കാനും സ്നേഹരാഹിത്യത്തിന്റെ ഇരുണ്ട ഗുഹക്കുള്ളിൽ നിന്ന് നിത്യപ്രകാശ വിസ്മയത്തിലേക്ക് വരാനും നമുക്ക് സാധിക്കും. മൂല്യബോധങ്ങളുടെ വെളിച്ചത്തിൽ നാം ചരിക്കുമ്പോൾ സർവ്വ ഐശ്വര്യങ്ങളും നിറഞ്ഞു കവിയുന്ന നാം സ്വപ്നം കാണുന്ന മാവേലി നാട് നമുക്ക് അന്യമാവില്ല. തീർച്ച.



# ദൈവങ്ങളുടെ ആത്മഹത്യ

ബിനോയ് കെ. രാജൻ
II ബി.എ.ഇക്കണോമിക്സ്

ആദിയിൽ വചനമുണ്ടായിരുന്നു. വചനം മാംസമായി... പ്രളയകാലത്തിനുശേഷം ആലിലയിൽ കൃഷ്ണൻ മാത്രം അവശേഷിച്ചു. സഹസ്രാബ്ദങ്ങൾ പെറ്റു പെരുകി. പെറ്റുപെരുകിയ സഹസ്രാബ്ദങ്ങൾക്കിപ്പുറം സ്വതന്ത്രരായി, ഓടക്കുഴലൂതി, വെണ്ണ കട്ടു നടന്ന കൃഷ്ണനേയും ഉപമകൾ പറഞ്ഞലഞ്ഞ ക്രിസ്തുവിനേയും ജനതകൾ തടവറകളിലാക്കി. അൾത്താരകളിലെ മരക്കുരിശുകളിലും ശ്രീകോവിലുകളിലെ കരിങ്കൽ ശില്പങ്ങളിലും ദൈവങ്ങൾക്കായി തടവറകൾ തീർത്തു.

കാവിയും വെള്ളയുമണിഞ്ഞ ദൈവത്തിന്റെ പുരോഹിതന്മാർതന്നെ തടവറകളിലെ ദൈവങ്ങൾക്ക് കാവലാളുകളായി. ധൂപക്കുറ്റികൾ വീശിയും; ആരതികൾ ഉഴിഞ്ഞും; അഭിഷേകങ്ങൾ നടത്തിയും അവർ തടവറകളിലെ ദൈവങ്ങൾക്ക് ഉറക്കമില്ലാത്ത രാത്രികൾ സമ്മാനിച്ചു. ജനതകൾ തടവറകളിലാക്കപ്പെട്ട ദൈവങ്ങളുടെ പേരിൽ കലഹിച്ചു. കലഹങ്ങൾ നിർബന്ധിത മതപരിവർത്തനങ്ങൾക്കും കുരിശു യുദ്ധങ്ങൾക്കും ജന്മം നൽകി. ധനവും, അധികാരവും ദൈവങ്ങളുടെ പൊയ്ക്കോലങ്ങൾ പൂണ്ടു. ദൈവങ്ങളുടെ പുരോഹിതന്മാർ ആ കെട്ടിയാട്ടങ്ങൾക്കൊപ്പം ചുവടുവെച്ചു. കൈയ്യടക്കു വിദ്യകൊണ്ട് അന്തരീക്ഷത്തിൽ നിന്നും ഭസ്മം വരുത്തിയവരെല്ലാം തങ്ങൾ ദൈവങ്ങളാണെന്നു പ്രഖ്യാപിച്ചു.

പരസ്പരം കലഹിച്ചു മടുത്ത ജനതകൾ മരിജ്ജുവാനയുടെ ലഹരി, മനുഷ്യ ദൈവങ്ങളിൽ കണ്ടെത്തി. മനുഷ്യ ദൈവങ്ങൾ ബോധിവൃക്ഷച്ചുവട്ടിലിരിക്കാൻ മെനക്കെട്ടില്ല. അതിനവർ തുനിഞ്ഞിരുന്നുവെങ്കിൽ ചിതൽപുറ്റ വരെ മൂടുമായിരുന്നു. കാൽവരിയിലെ ക്രൂശിൽ ജനതകളുടെ പാപപരിഹാർത്ഥം ക്രൂശേറുവാനും അവർ തുനിഞ്ഞില്ല. മൂന്നാം ദിവസത്തെ ഉയിർത്തെഴുന്നേല്പ് അവരുടെ ചിന്തകൾക്കപ്പുറമായിരുന്നു.

ഇതിനിടയിൽ എന്നോ, തടവറകളിലെ ദൈവങ്ങൾ ആത്മഹത്യ ചെയ്തിരുന്നു.



# ORISSA : NATURE'S DREADFUL FACE

*P.K. Anand*
I PDC, III Group

The month, November. People of ancient 'Kalinga' were busy making preparations for the festival of lights, Deepavali. Everyone was cooking, shopping, looking after the decorations of houses and temples. Above all, they were happy, unaware about the fate that waited upon them. Their dreams and hopes remained unfulfilled...... "It was certainly a dark Deepavali" - quoted Prannoy Roy, the news reader of Star News.



Nature's fury began , in the last week of October itself. A mild cyclone hit the coastal areas. However, in this particular incident, the loss of life and property was low. But it was the second one, that threw up its deadly face all over Kalinga. The super cyclone hit Orissa around midnight. A super cyclone may be defined as a cyclone carrying rain with it. Normally, other cyclones bring with them only strong winds. The story after the hit cannot be mentioned in words. Cyclonic winds damaged houses, destroyed crops, uprooted trees and electric poles, removed railway tracks and roads and disrupted all communication. Virtually, Orissa was cut off from rest of the country for nearly three days. However, the most important thing to be reported is the sight of people lying dead everywhere, that is in every nook and corner. The survivors had in fact to spend days with decaying dead bodies, with no roof over their heads. The badly affected districts of Orissa in the super cyclonic storm were Kendrapara, Mayurbanj, Bhadrak, Balosore, Jaipur, Jagatsinhpur, Keonjhar and Cuttack. The Paradip port was badly damaged in this storm. Ships were thrown off their anchors and all the activity in this strategic port on the East Coast came to a standstill. Even, the capital city, Bhubaneshwar was not spared, though the damages were only mild.

The relief operations were the most touching. Bulldozers were used for clearing works. These machines piled up large number of dead bodies and mass cremations were held, since most of them could not be recognised. Just imagine this sight, horrifying, isn't it? Food and shelter had to be provided to thousands, rendered homeless. Hundreds of trucks carrying food and relief materials were looted by the people. It is very difficult to recall the plight of the people, driven by hunger and despair. Police had to use force to disperse the looters and keep law and order. However, worst were the cases of some people, who were forced to drink water, which was polluted by rotting carcasses. The people of Orissa had to go without power and water supply for many days. Valiant efforts were undertaken by our defence personal who worked day in and day out to restore regular life. The Navy was able to clear the Paradip port, which was certainly in a mess. The Airforce of our country air-dropped food packets and medicines in the flood affected and inaccessible areas. Similarly, the Bhubaneshwar airport was also cleared of obstacles. Organisations like United Nations, Red Cross and Ramakrishna Mission undertook great measures to help the needy and affected ones. Help poured in from different parts of the country and several corners of the world. States like Andhra Pradesh, Maharashtra, Punjab, Tamil Nadu etc. have taken the responsibility of looking after the affected districts or in short, they have adopted one district each.

Today, Orissa is slowly limping back to normalcy. But, what affected me most was the way in which this super cyclone was handled. It seems we have not come to terms with, what is called "disaster management". The political parties only tried to gain mileage in this hour of crisis. All of them wanted to only strengthen their votebanks. Isn't it shameful, to fight among each other instead of lending a helping hand to the sufferers? The leadership of this state was even changed after this tragedy.

At last, but certainly not the least, I have only one request to the Almighty. Please help Orissa, please give the people a new life and make them forget this tragedy. It is difficult, but not impossible. We all are aware of this fact. Still, we can hope and try for the best. Yes, for a new dawn, which would always be bright with happiness for the people of Orissa. Let it happen, this is what I want and for which I pray. Oh God, please answer our prayers.



# Death



*Oh! he comes any time on our path*
*to put his dark icy hand on us*
*at this time he wants to tell us,*
*To leave all the knick knacks away.*
*he surrounds us like a wind,*
*which takes all the sorrow away.*
*He covers us with white shrouds,*
*which takes all misery of life*

*He will take us to land of joy,*
*there will be no tension or contest.*
*we can sleep there with happy hearts.*
*Oh that is the pretty land of death.*
*Oh; death why don't you put your icy hand on me,*
*Oh! I beg you to be kind,*
*Take me to your kingdom of love and joy.*

*Pridhviraj*
II PDC

*Best compliments from :*

# Baby's Stores

**Opp. U.C. College, Aluva-2**

**Ph : 626408**

പുരുഷൻമാർക്കും ആൺകുട്ടികൾക്കും
ജീൻസ്, പാൻറ്സ്, ഷർട്ട്, ടി ഷർട്ട്,
പാൻറ്പീസ് എന്നിവയുടെ പുതിയ ഷോറൂം

# സിറ്റിവെയർ

കല്ലൂക്കാരൻ ടവേഴ്സ്
അങ്കമാലി. Ph : 456023

പ്രമുഖ കമ്പനികളുടെ ഷർട്ടുകൾ (Peter England, Pan America, Zodiac, Indigo Nation, Crocodile, Independence, City Shirts, DH, Oxemberg, Newport). ജീൻസ് (Sturdy, Newport, Oxemberg, Killer, Sunnex, Best Waist, Ruf & Tuf, Independence, Hawk, Pan America, Trigger) ദോത്തി, സോക്സ്, ടൈ, കുട തുടങ്ങിയവ...

സിറ്റി ലെതർ വർക്സ്, ബാറ്റാഷോറൂം
Ph: (Shop) 4524403, 457296. (Real) 452623

## വെളിയത്തുനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് No. E-298

യു.സി. കോളേജ് പി.ഒ. ഫോൺ: 0484-625169

എം.വി. രവി
പ്രസിഡൻറ്

എം. കലാധരൻ
സെക്രട്ടറി

*Best compliments from:*

# RAPHAELS

**TV, FRIDGE & HOME APPLIANCES**
**N. Paravur. Ph : 445150**

*Best compliments from:*

# Zain Restaurant

**OPP. U.C. COLLEGE**



# Techno Link

SYSTEMS & SERVICES

Sree Ayyappa Shopping Complex
Near Don Bosco Hospital
Mandela Road, N. Paravur. Ph : 0484-443690

**Computer Sales, Accessories & Service**
**Internet Browsing & E-mail**

---

## തമ്പീസ് തമ്പീസ്! തമ്പീസ്!!

പറവൂർ ക്ലാസിക് ബസാറിൽ ഡോൺബോസ്കോ ആശുപത്രിക്കു
എതിർവശം ആധുനിക വയറിങ്ങ് സാധനങ്ങളുടെ മഹനീയ ശേഖരം

എന്നും നിങ്ങളോടൊപ്പം

### തമ്പീസ് ഇലക്ട്രിക്കൽസ് ആൻറ് ഇൻറീരിയേഴ്സ്

നോർത്ത് പറവൂർ. ഫോൺ (റസി) 442541. മൊബൈൽ : 98470 42541. ഫാക്സ് : 0484-442541.

**STANDARD, INDO-ASIAN, STGE, CRABTREE, MK, ASIAN, ANCHOR, FINOLEX, ELEXOLITE, PHILIPS, CROMPTON & GREAVES, USHA, KHAITAN, POLAR, ALMONARD, FANCY LIGHTS, ETC.**

---

*With best compliments from :*

K STUDIO

## കുട്ടൻസ്

STUDIO & PHOTO GOODS

Sree Ayyappa Complex,
K.M.K. Junction
North Paravur.
Phone : 443253

**PHOTOALBUMS & COLOUR FILMS ETC**

---

*With best compliments from :*

# ELSHA MEDICALS

Nediyedath Building, N. Paravur - 683 513.

**Phone : 0484-444930**

# After College.. What's Next?

*... this question has one intelligent Answer ...*

## The Better Alternative

*Over 650 Centres NationWide*

**Why LCC ?**

An LCC-ian prvilege is, to be a member of Largest Computer Network, not only in India, but in Asia.
LCC-ian's will have the facilities to international standards for Courses & Computer Lab.
LCC (Corp.Office, Calcutta) is a member of Dept. of Electronics, Govt. of India.
LCC is affiliated to Central London College (CLC, UK)
LCC Courses & Course Materials are developed and desinged by our R&D department, LCC Calcutta.
LCC faculties are well Trained, dedicated & Experienced.
LCC have more than 650 centres in India, and over 50 centres in Kerala.
LCC-ean could utilise computers, during any free times.
Nominal Fee structure, and coverient installments.
Expedient timings for Employees, Students & Housewife.
Transfer facility to any other LCC centre.
Life-Time membership for an LCC-ean, completing Long Term course.
Upgradation of syllabi, considering the frequent changes in National & International IT scenario.
LCC is conducting Corporate Training for Banks, Insurance and Private & Public Sector Companies.

**Career Programs**

| | |
|---|---|
| PGDCA | 15 Months |
| MSE | 24 Months |
| HDCS | 12 Months |
| DCA | 06 Months |

**Short Certificate Programs**

Windows ME, MS Office 2000, Tally
Visual Basic 6.0, Oracle 8i, MS SQL Server
C, C++, VC++, Java
HTML, DHTML, VB Script, Java Script
Perl, Corba, XML, ASP, IIS, PWS
eCommerce, Internet
& much more.....

LCC™

LAKHOTIA COMPUTER CENTRE

*a division of LCC InfoTech Ltd.*

| | | | |
|---|---|---|---|
| Bank Jn. Alwaye Ph: 626947 | opp. Municipal Office Angamally Ph: 455253 | K M K Jn. North Parur Ph: 445080 | Perumbavoor Road Kalady Ph: 464837 |

പരിമിതമായ ഭൗമപരിസരങ്ങളിലേക്ക്
വിശ്വത്തോളം വലുതായ മനസ്സിനെ
ഓരോ കാമ്പസ്സുകളും പ്രതിഷ്ഠിക്കാറുണ്ട്.
ആവർത്തനത്തിന്റെ മ്ലാനതയെ മറികടക്കുന്ന
അപൂർവ്വ സംയോഗങ്ങളിലേക്ക്
സനാതനമായ ഊർജ്ജം പ്രവഹിപ്പിക്കുന്നത്
കാമ്പസ്സിന്റെ ഈ മനസ്സാണ്.
ആസുരമായ ഒരു കാലഘട്ടത്തിന്റെ രഥവേഗങ്ങളിൽ
ഒലിച്ചുപോകുന്ന കാമ്പസ് മനസ്സിനെ
വാക്കിന്റെ ചിമിഴിലൊളിപ്പിക്കാനുള്ള
ഏതൊരു ശ്രമവും അതുകൊണ്ടുതന്നെ വെല്ലുവിളിയാണ്.
സമരതീക്ഷ്ണമായ മനസ്സോടെ കൂടെ നിന്ന സ്നേഹിതരും.
സ്നേഹവും വിശ്വാസവും തന്ന അദ്ധ്യാപകരും
ധൈര്യം പകർന്നിരുന്നില്ലെങ്കിൽ
"വാക്ക്" - പാതിവഴിയിൽ പതറി നിന്നേനെ...
പൂർണ്ണമാണെന്ന അവകാശവാദങ്ങളില്ല...
എങ്കിലും ഇനി ഇത് നമ്മുടേതാണ്...
സ്വീകരിക്കുമെന്ന ഉറപ്പോടെ...
സ്നേഹപൂർവ്വം

ജോബി കെ. പട്ടേരി.

'വാക്കി'ന്റെ പൂർണ്ണതയ്ക്കായി സഹായിച്ച
എല്ലാവർക്കും നന്ദി...

ദേശാഭിമാനിയിലെ എം.എം.പൗലോസ്,
സുനിൽ പി. ഇളയിടം, സുവിരാജ് പടിയത്ത്,
സുബിൻ കെ.സി, സാമേട്ടൻ, റിൽജിത്ത്,
അനീഷ്, ജോജി, ശ്യാം ബാലകൃഷ്ണൻ,
ഷിജു ജോസഫ്, അച്ചുനു, സുൾഫിക്കർ,
ജാങ്കോസിലെ കൂട്ടുകാർ,
ക്യൂഡോസിലെ ബിനോയ്, ബൈജു, സുനിൽകുമാർ,
കെ.എം.എ. പ്രസ്സിലെ റിയാദ്, അൻസാർ,
പിന്നെ സ്നേഹിച്ചവർക്കും
സഹകരിച്ചവർക്കും...



# അനായാസ വായ്പകൾ



**സാധാരണ വായ്പ 50,000 രൂപ വരെ**

വീട്ടിന്റെ അറ്റകുറ്റപ്പണികൾ, വിദ്യാഭ്യാസം, വിവാഹം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് വായ്പ നൽകുന്നു.

**ഗൃഹോപകരണ വായ്പ 30,000 രൂപ വരെ**

ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് ഇൻവോയ്സ്/ക്വട്ടേഷന്റെ 80% വരെ വായ്പ നൽകുന്നു.

**ഓവർ ഡ്രാഫ്റ്റ് 50,000 രൂപവരെ**

കച്ചവടം, തൊഴിൽസംരംഭം, ബിസിനസ്സ് എന്നിവയ്ക്കും, പ്രൊഫഷണൽ ആവശ്യത്തിന് ഡോക്ടർമാർ, എഞ്ചിനീയർമാർ, അഭിഭാഷകർ എന്നിവർക്കും. കൃത്യമായി അടക്കുന്നവർക്ക് പരിധി 1 ലക്ഷം രൂപ വരെ വർദ്ധിപ്പിച്ച് നൽകുന്നു.

**ബിസിനസ്സ് ക്യാഷ് ക്രഡിറ്റ് 2 ലക്ഷം രൂപ വരെ**

വ്യാപാരികൾ, കോൺട്രാക്ടർമാർ, സ്വന്തം തൊഴിൽ സംരംഭകർ, പ്രൊഫഷണൽ ആവശ്യത്തിന് ഡോക്ടർമാർ, എഞ്ചിനീയർമാർ, അഭിഭാഷകർ എന്നിവർക്കും. തൃപ്തികരമായി ഇടപാട് നടത്തുന്നവർക്ക് ക്യാഷ്ക്രെഡിറ്റ് കണക്ക് പുതുക്കിയും നൽകുന്നതാണ്.

**ചെറുകിട വ്യവസായ വായ്പ 2 ലക്ഷം രൂപ വരെ**

ചെറുകിട വ്യവസായ സംരംഭകർക്ക് മെഷിനറിയും പ്രവർത്തന മൂലധനവും ചേർന്ന് 2 ലക്ഷം രൂപ വരെ.

**വാഹനവായ്പ 6 ലക്ഷം രൂപ വരെ**

സ്വകാര്യ/വാണിജ്യ ആവശ്യങ്ങൾക്കുള്ള വാഹനങ്ങൾ, ടാക്സി എന്നിവയ്ക്ക് വിലയുടെ 80% വരെ. കൂടാതെ പഴയ വാഹനങ്ങൾ വാങ്ങുന്നതിന് (കാർ, ജീപ്പ്, വാൻ മുതലായ 7 സീറ്റിൽ കൂടാത്ത സ്വകാര്യ ടാക്സി എന്നിവയ്ക്ക്) 75,000 രൂപ വരെയും, പെട്രോൾ കാറിൽ പുതിയ ഡീസൽ എഞ്ചിൻ ഫിറ്റ് ചെയ്യുന്നതിന് 75,000 രൂപ വരെയും വായ്പ അനുവദിക്കുന്നു.

**ഭവന നിർമ്മാണ വായ്പ 3 ലക്ഷം രൂപ വരെ**

സ്വന്തമായി ഭൂമിയുള്ള വീടില്ലാത്തവർക്ക് ഭവന നിർമ്മാണത്തിന് വായ്പ നൽകുന്നു.

**വ്യവസായ വായ്പ 15 ലക്ഷം രൂപ വരെ**

പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ വ്യവസായ യൂണിറ്റുകൾക്ക് വായ്പ നൽകുന്നു. ഖാദി ഗ്രാമവ്യവസായ ബോർഡുമായി ചേർന്ന് വ്യവസായത്തിനുള്ള മാർജിൻ മണി വായ്പ നൽകുന്നു. (10 ലക്ഷം രൂപ വരെ)

**സ്വർണ്ണ പണയ വായ്പ**

9% പലിശനിരക്കിൽ സ്വർണ്ണ പണയ വായ്പ നൽകുന്നു.

**സാധാരണ വായ്പ (ചെക്കു സിസ്റ്റം) 2 ലക്ഷം രൂപ വരെ**

കമ്പ്യൂട്ടർ, ഗൃഹോപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും വിവാഹം, ചികിത്സ, വീട് റിപ്പയർ എന്നിവയ്ക്കും വായ്പ ലഭ്യമാണ്.

**പ്രോജക്ട് വായ്പ 1 കോടി രൂപ വരെ**

വ്യവസായങ്ങൾ തുടങ്ങുന്നതിനും വ്യാപാരത്തിനും 1 കോടി രൂപ വരെ പ്രോജക്ട് വായ്പ അനുവദിക്കുന്നു.

**കമ്പ്യൂട്ടർ വാങ്ങുന്നതിന് 50,000 രൂപ വരെ**

കമ്പ്യൂട്ടർ വാങ്ങുന്നതിന് ഇൻവോയിസിന്റെ 80% വരെ വായ്പ പരമാവധി 50,000 രൂപ വരെ അനുവദിക്കുന്നു.

**കാർ വാങ്ങുന്നതിന് 2 ലക്ഷം രൂപ വരെ**

സ്വകാര്യ ആവശ്യത്തിന് കാർ വാങ്ങുന്നതിന് ഇൻവോയ്സിന്റെ 80% വരെ വായ്പ ലഭിക്കുന്നു. പരമാവധി 2 ലക്ഷം രൂപ വരെ.

**സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 1, 50,000 രൂപ വരെ**

പുഷ്പകൃഷി, മുയൽ വളർത്തൽ, കോഴി വളർത്തൽ, പന്നി വളർത്തൽ, പശു വളർത്തൽ എന്നീ ആവശ്യങ്ങൾക്ക് 1, 50,000 രൂപ വരെ വായ്പ ലഭിക്കുന്നു.

**ചെറുകിടകച്ചവടക്കാർക്ക് സാധാരണ വായ്പ 10,000 രൂപ വരെ**

ചെറുകിട കച്ചവടക്കാർക്ക് മറ്റൊരു കച്ചവടക്കാരന്റെ ജാമ്യത്തിൽ 10,000 രൂപ വരെ ലഭിക്കുന്നു. എല്ലാ ദിവസവും തിരിച്ചടവിനുള്ള സൗകര്യം ഉണ്ടായിരിക്കും.

**ഇൻസ്റ്റന്റ് വായ്പ 50,000 രൂപ വരെ**

വിവാഹം, ചികിത്സ, വിനോദയാത്ര എന്നിവയ്ക്ക് 50,000 രൂപ വരെ വായ്പ കാലതാമസം കൂടാതെ നൽകുന്നു.

**കമ്പ്യൂട്ടർ പാക്കേജ് വായ്പ**

പ്രതിമാസം 888 രൂപയ്ക്ക് പെന്റിയം കമ്പ്യൂട്ടർ, കളർ പ്രിന്റർ, മോഡം, UPS, ഇന്റർനെറ്റ് എന്നിവ. പിന്നെയും ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും ജില്ലാ ബാങ്കും സംയുക്തമായി ആവിഷ്കരിച്ച പദ്ധതി

Mantra Eobb/7600

Adv. M. M. Monaye (President), V. P. Saseendran (Vice-President), Babu Paul, V. K. Dharman, David Rajan, M. E. Hasainar, T. V. Rajan, Paul T. Varkey, Leela Kurian, O. S. Bhaskaran, P. M. Mathew (General Manager In-charge)

## എറണാകുളം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം

പി. ബി. നമ്പർ : 4, തൃക്കാക്കര, കൊച്ചി 682 030. ഫോൺ : 424549, 424613, 424683, 424684
ഫാക്സ് : 0484 424584 ഇന്റർനെറ്റ് : www.ernakulamdcb.com. ഇ-മെയിൽ : edcbnet@md4.vsnl.net.in

*THE BANK OF THE PEOPLE*

**ഇൻഫർമേഷൻ സെന്റർ**
വായ്പകളെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് ഹെഡ്ഡാഫീസിൽ ഇൻഫർമേഷൻ സെന്റർ
ഫോൺ : 424549

JAVA

Net Commerce

Linux

KETEESS CERTIFIED

# Sign of the Times

For today's Net-based services, **Ketees** Certified represents a new standard of excellence.

JSP, JNI
RMI
EJB, IDL
CORBA

# Java on Linux

JDK 1.3

- Certified Linux System & Network Administrator Course
- Certified E-com Professional Course with IBM Net Commerce
- ASP, PHP, Cold Fusion, XML, JavaScript, DHTML, Flash
- Oracle 8i, M.C.S.E. (Windows 2000) M.C.S.D.

Login to your future at

**www.*KETEES*.com**

Cochin Centre : Karimpatta Cross Road, Opp. Medical Trust Hospital. Ph : 382109.
Alwaye : 623706, E-mail: enquiry@ketees.com. N.Paravur : 444751